പത്രാധിപർ—എൻ. കെ. കൃഷ്ണപിള്ള

# സർവീസ്

നായർ സർവീസ് സൊസൈററി വകയായി
പ്രസിദ്ധം ചെയ്യുന്നതു്

പുസ്തകം 21 | ചങ്ങനാശേരി, 1122 കന്നി | ലക്കം 5

സഹനാവവതു സഹനൗ ഭുനക്തു-സഹവീര്യം കരവാവഹൈ
തേജസ്വിനാവധീതമസ്തു,-മാവിദ്വിഷാവഹൈ.

തൈത്തരീയാരണ്യകമന്ത്രം

നാം ഒരുമിച്ചു രക്ഷിക്കപ്പെടട്ടെ
നാമൊരുമിച്ചു ഭോഗങ്ങളും അനുഭവിക്കപ്പെടട്ടെ
നാമൊരുമിച്ചു വീരകമ്മങ്ങളും ചെയ്യട്ടെ
നമ്മുടെ ജ്ഞാനം പ്രകാശമായി ഭവിക്കട്ടെ
നാം പരസ്പരം ദ്വേഷിക്കാതിരിക്കട്ടെ.

വാർഷികവരിസംഖ്യ 5 ബ്രി. രൂ. ഒററപ്രതി 8. ണ

# വിഷയവിവരം.


1. തിരുനാൾ മംഗളാശംസ 165
2. ലോകഗതി
   a. വിഖ്യാതമായ പതിനഞ്ചുവർഷം 166
   b. ലീഗിന്റെ മാനസാന്തരം 167
   c. ലീഗിന്റെ നയഭേദം 169
   d. ഇടക്കാലഗവർമ്മെന്റ് സ്വാതന്ത്ര്യം 166
   e. ജനറൽസ്മട്സ് 170
   f. കാൺഗ്രസ് ഭരണം 169
   g. മിൽ-ഖാദിവ്യവസായം 170
   h. തൊഴിൽശൂന്യത 172
   i. കാൺഗ്രസ്നയം 172
   j. നാട്ടുരാജ്യങ്ങളുടെനില 172
   k. തിരുപ്പതിസർവ്വകലാശാല 172
   l. ബംഗാളിലെ ഖനനവ്യവസായം 173
   m. തിരുവിതാംകൂറിലെ തൊഴിലാളിലഹള 174
3. ചിത്രോത്സവം പദ്യം (മുത്തൂർ രാഘവൻനായർ) 175
4. ഐക്യകേരളം (എൻ. കെ. കൃഷ്ണപിള്ള) 176
5. നൊവഖാലിലഹള (രാജശേഖരൻ) 177
6. എന്റെ മതം (എൻ. കെ. രാഘവക്കുറുപ്പ്) 180
7. നെഹ്റുവും ഭാരതവും 181
8. ദീനരോദനം പദ്യം (കവിയൂർ എം. ജി.) 183
9. പാലസ്റ്റയിനും ജൂതനും 184
10. കാട്ടുപൂവിന്റെ കരച്ചിൽ പദ്യം (കെ. സി. ഗോപാലപ്പണിക്കർ) 188
11. ദൈവം ഒരാളോ ശക്തിയോ (മഹാത്മാഗാന്ധി) 191
12. കണ്ണുനീരിലെ കല പദ്യം (തൃക്കൊടിത്താനം ഗോപിനാഥൻനായർ) 191
13. ജീവിതാഭിനയം ചെറുകഥ [മതിൽഭാഗം ചന്ദ്രശേഖരൻപിള്ള] 192
14. സ്വപ്നവും ഇൻഡ്യയും ആർ. പി. 198
15. പാപത്തിൻ പ്രഖ്യാപനം പദ്യം എം. എസ്സ്. ചന്ദ്രശേഖരവാര്യർ 199
16. അടയാർബംഗ്ലാവ് ചെറുകഥ 200
17. നാട്ടുരാജ്യപരിപാടി (സചിവോത്തമൻ 203



# പരസ്യനിരക്ക്

| | ബ്രി. രൂ. |
| --- | --- |
| ഒരുവശം മുഴുവൻ ഒരുപ്രാവശ്യം | 40 |
| അരവശം ,, | 25 |
| കാൽവശം ,, | 15 |
| അരക്കാൽവശം ,, | 10 |
| ഏററവും കുറഞ്ഞ പരസ്യം | 5 |
| കവർപേജിനു | 25 ശ:മാ: കൂടുതൽ |

പതിവുപരസ്യത്തിനു പ്രത്യേകനിരക്ക്.

മാനേജർ, സർവ്വീസ്, ചങ്ങനാശേരി.

# സർവ്വീസ്

| പുസ്തകം 21 | ചങ്ങനാശേരി, 1122 കന്നി | ലക്കം 5 |
|---|---|---|

മുപ്പത്തിനാല് തിരുവയസ്സ് തികയുന്ന ശ്രീ ചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലേക്കു സർവ്വഭാവുകങ്ങളും ഞങ്ങൾ ഭക്ത്യാദരപുരസ്സരം ആശംസിച്ചുകൊള്ളുന്നു. വഞ്ചിരാജ്യത്തിന്റെ മഹിമയ്ക്കു മാർഗ്ഗദീപമായും വഞ്ചിരാജ്യവാസികളുടെ ക്ഷേമൈശ്വര്യാഭിവൃദ്ധിക്കു മഹനീയപ്രേരകശക്തിയായും വിജയിച്ചരുളുന്ന തിരുമനസ്സിലെ ഭരണം എത്രയും ഭാസുരവും സുദീർഘവുമാകുവാൻ ശ്രീപത്മനാഭൻ അനുഗ്രഹിക്കുമാറാകട്ടെ.

—സർവ്വീസ്

# ലോകഗതി

## വിഖ്യാതമായ പതിനഞ്ചുവർഷം

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു തിരുവിതാംകൂർ രാജ്യഭാരമേററിട്ടു പതിനഞ്ചുവൎഷം തികഞ്ഞിരിക്കുന്നു. ആഭ്യന്തരം അകത്തും പുറത്തും ഒരുപോലെ പ്രക്ഷുബ്ധമായ വളരെ വിഷമപ്പെട്ട ഒരു കാലഘട്ടത്തിൽക്കൂടിയാണു തിരുവിതാംകൂർ ഇതിനകം തരണംചെയ്യേണ്ടതായി വന്നിട്ടുള്ളതെങ്കിലും, ഇത്രപ്രശസ്തരമായ പുരോഗതി എല്ലാവശത്തും ഇതിനുമുമ്പൊരിക്കലും ഇതുപോലെ ഈ രാജ്യത്തിനുണ്ടായിട്ടില്ലെന്നുള്ളതു നിസ്തൎക്കമായ ഒരു പരമാൎത്ഥമാകുന്നു. ഒരൊഴിഞ്ഞ മൂലയിൽ റസിഡണ്ടന്മാരുടെ ചൊൽപടിക്കുള്ള ഭരണത്തിൽ അഗണ്യമായും അജ്ഞാതമായും കഴിഞ്ഞുകൂടിയിരുന്ന തിരുവിതാംകൂർ ഇപ്പോൾ ഇന്ത്യയിലെ ഗണനീയ നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ വിലസുന്ന ഒരു പ്രശസ്ത രാജ്യമായി പരിണമിച്ചിട്ടുണ്ടു്. വമ്പിച്ച വ്യവസായാഭിവൃദ്ധി, വിദ്യാഭ്യാസ പുരോഗതി, ശ്രദ്ധാർഹമായ അധകൃതോന്നമനം, അയിത്തോച്ചാടനം, രാജ്യത്തിന്റെ മൊത്തത്തിൽ ഗണനീയമായ ധനസമൃദ്ധി, സകലകലകൾക്കും പോഷണംമുതലായവയെല്ലാം ഈ കാലത്തെ പ്രത്യേക നേട്ടങ്ങളാണു്.

തിരുവിതാംകൂർ ഗവമെന്റിന്റെ മുതലെടുപ്പും മുതൽമുടക്കും ഇത്രയുംവൎദ്ധിച്ചുള്ള ഒരു കാലമില്ലെന്നല്ല മററു സകല പ്രദേശങ്ങളെയും അപേക്ഷിച്ചു പ്രശംസാർഹമായി വൎദ്ധിച്ചിട്ടുമുണ്ടു്.

മുതലെടുപ്പു

| | 1940 | 1946 |
|---|---|---|
| | ല | ല |
| ഹൈദരാബാദ് | 900 | 1600 |
| മൈസൂർ | 400 | 910 |
| ബറോഡ | 244 | 500 |
| ഗ്വാളിയോർ | 261 | 390 |
| കാശ്മീരം | 255 | 462 |
| തിരുവിതാംകൂർ | 330 | 820 |

യുദ്ധകാലപരിതസ്ഥിതികൊണ്ടാണു തിരുവിതാംകൂറിലെമുതലെടുപ്പു കൂടുതൽ വൎദ്ധിച്ചിട്ടുള്ളതെങ്കിലും അതിലും മററെല്ലാരാജ്യങ്ങളെക്കാളും മെച്ചമാണു തിരുവിതാംകൂറിന്റെ നിലഎന്നു പ്രത്യക്ഷമാകുന്നു. ഇങ്ങനെ നാനാപ്രകാരത്തിൽ തിരുവിതാംകൂറിനു് ഐശ്വൎയ്യവും അഭിമാനവും അഭിവൃദ്ധിയും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ തിരുമനസ്സുകൊണ്ടാണു പ്രായപൂൎത്തി വോട്ടവകാശത്തിൽ പരിപൂൎണ്ണം ജനപ്രതിനിധികളടങ്ങിയ ഒരു നിയമസഭാപരിഷ്ക്കാരം ഇന്ത്യയിൽ ആദ്യം പ്രഖ്യാപനംചെയ്തതെന്നുള്ളതും ഏററവും ശ്രദ്ധേയമാകുന്നു. ആ ഭരണപരിഷ്ക്കാരം രാജ്യത്തിനു് ഏററവുംസഫലവും ഗുണപ്രദവുമായവിധം തിരുമനസ്സുകൊണ്ടു നടപ്പിലാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഈ തിരുമനസ്സിലെ തിരുനാൾ. മഹാമഹംനാടൊട്ടുക്ക് ആബാലവൃദ്ധം ജനങ്ങൾ അത്യാഹ്ളാദത്തോടെ ആഘോഷിക്കുന്നതു് ഒട്ടും അത്ഭുതമല്ല. തിരുമനസ്സിലേക്കുവീണ്ടുംഞങ്ങൾ ആയുരാരോഗ്യൈശ്വൎയ്യാഭിവൃദ്ധിക്കായി പ്രാൎത്ഥിച്ചുകൊള്ളുന്നു.

# ലീഗിൻെറ മാനസാന്തരം

മുസ്ലിംലീഗ് ഇടക്കാലഗവർമ്മെൻറിൽ ചേർന്നിരിക്കുന്നു. എന്നാൽ കാൺഗ്രസ്സുമായി, അതായതു ദേശീയപ്രബുദ്ധതയുള്ള തങ്ങളുടെ സഹോദരന്മാരുമായി രഞ്ജിച്ചുള്ള ഒരു ചേർച്ചയല്ല, വൈസ്രായിയുടെ ക്ഷണപ്രകാരം അൽപം വൈമുഖ്യത്തോടുകൂടിയ ഒരു ചേർച്ചയാണ് ഇവിടെ ഉണ്ടായിട്ടുള്ളതു്. അതു മേന്മയായി ലീഗുപ്രമാണികൾ അഭിമാനിക്കുന്നുമുണ്ടു്. ആദ്യം ഇടക്കാലഗവർമ്മെൻറിൽ ചേരാൻ തീരുമാനിച്ചു. അടുത്തുതന്നെ ചേരുന്നില്ലെന്നു നിശ്ചയംചെയ്തു. അതിനെ തുടർന്നു പ്രത്യക്ഷസമരം ബ്രിട്ടീഷ് ഗവർമ്മെൻറിനോടു പ്രഖ്യാപനംചെയ്തു, സ്ഥാനമാനങ്ങൾ പലർ ഉപേക്ഷിച്ചു, അവസാനം ഒട്ടുവളരെ ഹിന്തുക്കളുടെ നിഗ്രഹത്തിനും ധനനഷ്ടത്തിനും പൊറുതിമുട്ടിയ ഹിന്തുക്കളുടെ പ്രതികാരത്തിൽ പല മുസ്ലിങ്ങളുടെയും നാശത്തിനും അതിനു പ്രതികാരമായി ഹിന്ദുക്കളുടെ കൂട്ടക്കൊലയ്ക്കും കാരണമാക്കിയ പ്രത്യക്ഷസമരത്തിൻെറ പ്രാരംഭപരീക്ഷണവും നടത്തി. ഇതിലെങ്ങും ആശാസ്യഫലം കാണാത്ത ലീഗുകാർ അവസാനമെങ്കിലും കാൺഗ്രസ്സുമായി രഞ്ജിച്ചിരുന്നെങ്കിൽ അതു ലീഗിനു മാനവും ബുദ്ധിയും മഹിമയും ആയിരിക്കുമായിരുന്നു.

എന്നാൽ ലീഗു വീണ്ടും ബ്രിട്ടീഷ് ശക്തിയുടെ പിന്തുണയെ അവലംബിച്ചാണു ഗവർമ്മെൻറിൽ ചേർന്നിരിക്കുന്നതു്. അതിനാൽ ഇടക്കാലഗവർമ്മെൻറിൻെറ പുരോഗമനോന്മുഖമായ പ്രവർത്തനത്തിനു ലീഗ് വലിയ പ്രതിബന്ധമാകുമെന്നു പലർക്കും ഭയമുണ്ടു്. ലീഗു പ്രതിലോമപരമായ പ്രവർത്തനത്തിനു കുറെയൊക്കെ ഉദ്യമിക്കുമെന്നുള്ളതു തീർച്ചയാണ്. മഹാത്മജിയെപ്പോലെ മി. ജിന്ന പുറമെനിന്നു തൻെറ കക്ഷിയെ നയിക്കുവാനാണു നിശ്ചയിച്ചിരിക്കുന്നതു്. ഇടക്കാലഗവർമ്മെൻറിൽ കാൺഗ്രസ് പ്രതിനിധികൾക്കു മേന്മയും തദ്വാരാ കാൺഗ്രസിനു കൂടുതൽ സ്വാധീനവും കിട്ടുവാനിടയുള്ള എല്ലാ പ്രസ്ഥാനത്തെയും ലീഗു എതിർക്കുമെന്നുള്ളതിന് ഒരുദാഹരണമാണു പണ്ഡിറ്റ് നെഹറുവിന് അതിർത്തിദേശത്തു ലീഗു കൊടുത്ത സ്വീകരണം. കാൺസ്റ്റിറ്റുവൻറ് അസംബ്ലി എളുപ്പം വിളിച്ചുകൂട്ടാതിരിക്കുവാൻ ലീഗ് കഴിയുന്നതെല്ലാം ചെയ്യുമെന്നുള്ളതും നിശ്ചയമാണ്. അങ്ങനെ അകത്തുകയറിയും കാൺഗ്രസ്സിനെ എതിർത്തു പൊറുതിമുട്ടിച്ചു ബ്രിട്ടീഷ് ഹസ്തങ്ങൾക്കു കൂടുതൽ ശക്തി വീണ്ടും കൊടുക്കുന്നതിനുള്ള മനഃപൂർവ്വശ്രമത്തിലാണു ലീഗ് ഏർപ്പെട്ടിരിക്കുന്നതു്.

ഇതിലെല്ലാം വൈസ്രായിയെ ചിലർ കുററാരോപണം ചെയ്യുന്നുണ്ടു്. ലീഗിനെ ഇപ്പോൾ ക്ഷണിച്ചുവരുത്തിയതു് ഒരു കുററമാണെങ്കിൽ അതു കുററംതന്നെ. എന്നാൽ ലീഗിനെ പുറത്തുതള്ളി നാടടക്കം കൊലയും കൊള്ളയും എന്നും നടന്നുകൊള്ളട്ടെ എന്നുവയ്ക്കുന്നതു ഒരിക്കലും ശരിയല്ല. അതുകൊണ്ടു ലീഗിനെ മുറുമുറുപ്പോടും എതിരുടായും അയാലും സഹകരണത്തിനു സന്നദ്ധമാക്കിയതു തെററല്ല. ചുമതല ശരിക്കു തലയിൽ കയറുമ്പോൾ, വിഷമപ്പെട്ട പ്രമേയങ്ങൾക്കു് അനുദിനം പരിഹാരമുണ്ടാക്കേണ്ടതായി വരുമ്പോൾ, മുസ്ലിംപ്രശ്നങ്ങളല്ല, മനുഷ്യപ്രശ്നങ്ങളാണു തങ്ങൾ കൈകാര്യം ചെയ്യേണ്ടതായി വരുന്നതെന്നു ഗൗരവമായ അനുഭവങ്ങൾ ലീഗിനെ പഠിപ്പിക്കുമെന്നു പ്രതീക്ഷിക്കാം.

എന്നാൽ വളരെ എളുപ്പം ലീഗിനെ പഠിപ്പിക്കാൻ സാധിക്കുന്നതല്ല. ഭാരതമഹാജനസഭയുടെ ആരംഭകാലംമുതൽ ഇൻഡ്യയിലെ മുസ്ലിങ്ങൾ ദേശീയപ്രസ്ഥാനങ്ങളോടു വിമുഖരായിരുന്നു. അവരുടെ മതകാര്യങ്ങളിലും സമുദായകാര്യങ്ങളിലുമല്ലാതെ ദേശീയകാര്യങ്ങളിൽ അവർ ഒട്ടും ശ്രദ്ധയുള്ളവരായിരുന്നില്ല. അതിനാൽ ഒന്നാമത്തെ മുസ്ലിംപ്രസിഡണ്ടു മുതൽ 1887 മുസ്ലിങ്ങൾ കാൺഗ്രസ്സിൽ കൂടുതൽ താൽപര്യമുള്ളവരായിരിക്കണമെന്നു തൻെറ സമു

ദായത്തോടു പ്രത്യേകം അപേക്ഷിക്കയാണു ചെയ്തിട്ടുള്ളതു്. മുസ്ലീങ്ങളുടെ ഈ വൈമുഖ്യം 1920-ൽ ഗാന്ധിജി ഖിലാഫത്ത് സമരത്തിൽ പ്രവേശിക്കുന്നതുവരെ 35 വർഷം നീണ്ടുനിന്നു. ഖിലാഫത്ത് സമരകാലത്തു കാൺഗ്രസിനോടു പൂർണ്ണമായി സഹകരിച്ചിരുന്ന മുസ്ലീങ്ങൾ അതുകഴിഞ്ഞപ്പോൾ പിന്നെയും വിമുഖരെന്നല്ലാ, വിരോധികളും കൂടിയാകുകയാണുണ്ടായതു്. ഇപ്പോൾ മി. ജിന്നയുടെ നേതൃത്വത്തിൽ പണ്ടേതന്നെ ഭാരതദേശീയാദർശത്തിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പരിചയിച്ചിട്ടില്ലാത്ത മുസ്ലീങ്ങളെ ഭൂരിപക്ഷത്തെയും പാകിസ്ഥാൻ പക്ഷക്കാരാക്കിയതു് അത്ഭുതമല്ല. ഹിന്ദുക്കളോടും മററു സമുദായങ്ങളോടും തുല്യമായ പൗരാവകാശസ്വാതന്ത്ര്യത്തെക്കാൾ ബ്രിട്ടന്റെ അടിമത്വം സ്വീകാര്യമെന്നാകുന്നു ആ സമുദായത്തെ അവരുടെ പ്രമാണികൾ പഠിപ്പിച്ചിട്ടുള്ളതു്. ഈ മനസ്ഥിതിയിൽ നിന്നു വ്യത്യസ്തമായി പെരുമാറുന്ന ദേശീയ പ്രബുദ്ധർ ഇപ്പോൾ മുസ്ലീംസമുദായത്തിൽ വർദ്ധിച്ചുവരുന്നുണ്ടു്. അവരെ അധിക്ഷിപ്തരായി തള്ളുന്ന മുസ്ലീംലീഗു് ആ നിലയെല്ലാം വിട്ടു കൂട്ടക്കൊലയ്ക്കും കൂട്ടായ്മക്കവർച്ചയ്ക്കും ഇറങ്ങിയിരിക്കയാണു്. ഏതക്രമത്തിനും അവർ തയാറായിരിക്കുന്നു. അവരുടെ പ്രമാണികളും അവരുടെ സ്വാധീനത്തിലുള്ള ഗവർമ്മെന്റും അതിനു പരസ്യമായി രംഗമൊരുക്കുകയും വളം കൊടുക്കുകയും രഹസ്യമായി പ്രേരിപ്പിക്കയും സഹായിക്കയും വീണ്ടും പരസ്യമായി ഉദാസീനതയും നിരുത്തരവാദിത്വവും പ്രകടിപ്പിക്കയും ചെയ്യുകയാണു്. കൽക്കട്ടായിലെ കൂട്ടക്കൊലയ്ക്കു വേണ്ട സകല പ്രചോദനവും നൽകിയ മുസ്ലീംലീഗു് പ്രമാണികൾ അന്യദിക്കിൽ നിന്നു കൂടി അനവധി അക്രമികളെ വരുത്തി കൽക്കട്ടായിലെ ഹിന്ദുക്കളെയും സിക്കുകാരെയും നിഗ്രഹിക്കുന്നതിനും അവരുടെ വീകളും വ്യാപാരശാലകളും നശിപ്പിക്കുന്നതിനും ഉള്ള സകല ഒരുക്കങ്ങൾക്കും സഹായിച്ചു. ആ കൊലയും തീവയ്പും നിർബാധം നടക്കുന്നതിനു ബംഗാൾ ഗവണ്മെന്റു കാത്തിരിക്കയും ചെയ്തു. എന്നാൽ അല്പം മുററിയ ഹിന്ദുക്കൾ പ്രതിരോധനത്തിനും പ്രതികാരത്തിനും തുനിയുകയും മുസ്ലീങ്ങൾക്കു നാശം നേരിട്ടു തുടങ്ങുകയും ചെയ്തപ്പോഴാണു ഗവർമ്മെന്റു പോലീസിനെയും പട്ടാളത്തെയും വിളിച്ചിറക്കിയതു്. കൽക്കട്ടായിലെ പ്രത്യക്ഷസമരത്തിൽ മുസ്ലീങ്ങൾക്കു കൂടുതൽ നാശമുണ്ടാകാനിടയായതിനു പരിഹാരമായി നവഖാലിഡിസ്ട്രിക്ടിൽ അതിഭയങ്കരമായ കൂട്ടക്കൊല മുസ്ലീങ്ങൾ നടത്തിയിരിക്കുന്നു. രണ്ടുലക്ഷം ഹിന്ദുക്കൾക്കാണു് അവിടെ നാശമുണ്ടായിട്ടുള്ളതെന്നു കൽക്കട്ടാപത്രങ്ങൾ പറയുന്നു. നിർബന്ധിച്ചുള്ള മതം മാററവും സ്ത്രീകളെ തട്ടിക്കൊണ്ടുപോവുകയും അതിഭയങ്കരമായ മർദ്ദനം, കൊല, തീവയ്പ്പ്, മാനഭംഗം തുടങ്ങിയ പൈശാചിക കൃത്യങ്ങളുമാണു അവിടെ നടക്കുന്നതു്. അവിടെയും ഗവർമ്മെന്റിനെ ഈ ഒരുക്കങ്ങളുടെ വിവരം നേരത്തെ അറിയിച്ചിട്ടും മുസ്ലീംലീഗ് ഗവർമ്മെന്റു യാതൊന്നും ചെയ്തില്ല. ആഗ്ര, അഹമ്മദബാദ്, ഡാക്കാ, ബാംബെ മുതലായ സ്ഥലങ്ങളിലും മുസ്ലീങ്ങളുടെ ഈ അക്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും, അതൊന്നും ഇനിയും പൂർണ്ണം ശാന്തമായിട്ടില്ലെങ്കിലും ബംഗാളിലെപോലെ കൂട്ടക്കൊല ഒരിടത്തും നടന്നിട്ടില്ല. അതു ബംഗാളിൽ മാത്രമേ മുസ്ലീങ്ങളുള്ളു എന്നുള്ളതുകൊണ്ടല്ല, അവിടെ മാത്രമേ അവർ ഭൂരിപക്ഷക്കാരായുള്ളു എന്നുള്ളതുകൊണ്ടുമല്ല. പഞ്ചാബ്, സിൻഡ്, അതിർത്തി പ്രാവിൻസ് ഇവിടെയെല്ലാം മുസ്ലീങ്ങൾ ബംഗാളിലെക്കാൾ ഭൂരിപക്ഷക്കാരാണു്. ബംഗാളിൽ മാത്രമേ ഒരു മുസ്ലീംലീഗ് മന്ത്രിസഭാരാജ്യഭരണം നടത്തുന്നൊള്ളു എന്നതു മാത്രമാണു ബംഗാളിന്റെ പ്രത്യേകത.

അതിനാൽ ഈ അക്രമപ്രവർത്തനം പാ

ക്കിസ്ഥാന വല്ലഭരനുകൂല്യവും അമുസ്ലിങ്ങളുടെ ഇടയ്ക്കുണ്ടായിരുന്നെങ്കിൽ അതുമുഴുവൻ തകർത്തിരിക്കുന്നു. നീതിയായും ന്യായമായും ഭരണം നടത്താൻ മുസ്ലീംലീഗ് തീരെ അപ്രാപ്തമെന്നു ബംഗാൾ തെളിയിച്ചിരിക്കുന്നു. ഈ മന്ത്രിസഭയെ മാററി വേറെ ഭരണവ്യവസ്ഥ ചെയ്യണമെന്നു കഴിഞ്ഞ ബംഗാൾ അസംബ്ളിയിൽ ഉണ്ടായ വാദം യൂറോപ്യൻ കക്ഷിയുടെ പ്രാതികൂല്യം കൊണ്ടു പരാജയപ്പെട്ടെങ്കിലും അതെത്രയും അത്യാവശ്യമായിരുന്നു എന്നു് ഇപ്പോൾ ലോകത്തിനു ബോദ്ധ്യമായിരിക്കുന്നു.

## ലീഗിൻെറ നയഭേദം

മുസ്ലിംലീഗ് അതിനു് ആത്മഹത്യാപരവും അതിനാൽ രാജ്യത്തിനു ഗുണകരവുമായ ഒരു നയഭേദം അവലംബിച്ചിരിക്കുന്നു. അതായതു് ഇത്രനാളും മുസ്ലീംസമുദായത്തിൻെറ മാത്രവും ഏകവുമായ പ്രതിനിധിയായി ബ്രിട്ടീഷ് ഗവർമ്മെൻറിൻെറയും കാൺഗ്രസ്സിൻെറയും സമ്മതി സിദ്ധിക്കുവാൻ പണിപ്പെട്ടുകൊണ്ടിരുന്ന ലീഗു് ആ ശ്രമത്തിൽ പരാജയപ്പെട്ടപ്പോൾ ലീഗിനനുവദിച്ചിട്ടുള്ള അഞ്ചുസ്ഥാനങ്ങളിൽ ഒന്നു ലീഗു തന്നെ ഒരു പട്ടികജാതിക്കാരനു കൊടുത്തിരിക്കുന്നു.

അങ്ങനെ കാൺഗ്രസ്സും മുസ്ലീംലീഗും ഓരോ പട്ടികജാതിക്കാരനെ അവരവർക്കുള്ള വീതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

ഒരു ദേശീയ പ്രസ്ഥാനമായ കാൺഗ്രസ്സിനതു് അനപേക്ഷണീയമാണു്. എന്നാൽ ഒരു വർഗ്ഗീയ സംഘടനയായി അഭിമാനിക്കയും അവകാശവാദം ചെയ്കയും ചെയ്യുന്ന മുസ്ലീം ലീഗ് അതിൻെറ മുസ്ലീം പ്രത്യേകതയെ ധ്വംസിക്കയാണിവിടെ ചെയ്തിരിക്കുന്നതു്. ഇനി ന്യൂനപക്ഷങ്ങളെ മുഴുവൻ ആകർഷിച്ചു് ഒരു പ്രത്യേക കക്ഷിയുണ്ടാക്കി കാൺഗ്രസ്സിനു് എതിരും ലീഗിനു ശക്തിയും വർദ്ധിപ്പിക്കുവാനുള്ള ഒരു നയത്തിൻെറ പ്രാരംഭമാണിതെന്നു ചിലർ പറയുന്നു. അതു വളരെ നന്നായി. അങ്ങനെയെങ്കിലും ലീഗിനു് ഒരു വിശാലവീക്ഷണഗതിയുണ്ടാകുമെങ്കിൽ അതു് ഇൻഡ്യയ്ക്കു ഭാഗ്യമാണു്.

## ഇടക്കാലഗവണ്മെൻറ സ്വതന്ത്രം

പണ്ഡിത് ജവഹരലാൽ നെഹ്രുവിൻെറ ഇടക്കാലഗവണ്മെൻറു നിയമപ്രകാരം വൈസ്രോയിക്കു പരിപൂർണ്ണം വിധേയമാകയാൽ നിസ്സംശയം അസ്വതന്ത്രമാകുന്നു. എങ്കിലും പണ്ഡിതജി ഒരു സ്വതന്ത്രഗവണ്മെൻറിലെ പൂർണ്ണാധികാരിയായ പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യത്തിലാണു വിദേശകാര്യങ്ങളിൽ ഇടപെടുന്നതു്. എന്നുമാത്രമല്ല ഇൻഡ്യയെ ഇപ്പോൾതന്നെ സ്വതന്ത്രമായി ഗണിച്ചു പ്രതിനിധികളെ സ്വീകരിക്കാനുമയക്കാനും ബ്രിട്ടീഷ് ചക്രവർത്തിയുടെ ആനുകൂല്യത്തോടുകൂടി എല്ലാരാജ്യങ്ങളും സമ്മതിക്കയും ചെയ്തിരിക്കുന്നു. ഇതു് ഇടക്കാലഗവർമ്മെൻറിനു് ഒരു വമ്പിച്ച വിജയമാണു്. സ്വതന്ത്രഭാരതത്തിൻെറ ഭരണവ്യവസ്ഥ ഉണ്ടാക്കാൻ പോകുന്നതേയുള്ളു എന്നുമാത്രം, ഭാരതം ഇപ്പോൾതന്നെ സ്വതന്ത്രമായിക്കഴിഞ്ഞു എന്ന വിശ്വാസമാണന്യതന്ത്രകേന്ദ്രങ്ങൾ പ്രകടിപ്പിക്കുന്നതു്. ഇൻഡ്യയുടെ മഹത്വവും, കാൺഗ്രസിൻെറ ശക്തിയും, മഹാത്മജിയുടെ പ്രഭാവവും പണ്ഡിതജിയുടെ വിഖ്യാതിയും, വ്യക്തിമാഹാത്മ്യവും, തൊഴിലാളിഗവമ്മെൻറിൻെറ ആനുകൂല്യവും ഇത്രപെട്ടെന്നു് ഇൻഡ്യയുടെ പദവിക്കുയർച്ചയുണ്ടാകുന്നതിനുള്ള പ്രധാനകാരണങ്ങളാണു്. പരമാർത്ഥത്തിൽ സർവ്വലോകദൃഷ്ടിയിൽ ഇൻഡ്യ സ്വതന്ത്രമായിക്കഴിഞ്ഞു.

## ജനറൽസ്മട്സ്

സന്താനങ്ങളെ മനുഷ്യാവകാശശൂന്യരാക്കി മർദ്ദിക്കുന്ന ദക്ഷിണാഫ്രിക്കയിലെ പ്രധാനമന്ത്രി ജനറൽസ്മട്ട്സ് സ്വതന്ത്ര

ഭാരതത്തിന്റെ പ്രതിഷേധശബ്ദം സർവ്വലോകാന്തരീക്ഷത്തിൽ പ്രതിദ്ധ്വനിക്കുന്നതിൽ അസുഖപ്പെട്ടുതുടങ്ങിയിരിക്കുന്നു. പുതിയ നിരോധനനിയമം പാസാക്കുന്നതിന്നു മുമ്പ് ഒരുകൂടിയാലോചനയ്ക്കു ഇന്ത്യാഗവർമ്മെന്റാവശ്യപ്പെട്ടതിനെ ഈ പ്രധാന മന്ത്രി ഉപേക്ഷിക്കയാണുണ്ടായത്. അതിന്നു ശേഷം ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള രാഷ്ട്രീയബന്ധം ഇന്ത്യാഗവർമ്മെന്റ് അവസാനിപ്പിക്കയും ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാർ സഹനസമരം തുടങ്ങുകയും ചെയ്തു. എന്നിട്ടും കൂസാത്ത ഈ രാജ്യതന്ത്രജ്ഞൻ ഇപ്പോൾ സർവ്വരാജ്യസഖ്യ സഭയിൽ ഈ പ്രാകൃതമായ മനുഷ്യാവകാശ മുടക്കുകൾ വാദവിഷയമായേക്കുമെന്നു ഭയന്നു കക്ഷിപിടിത്തത്തിന്നു യൂറോപ്പിൽ ബദ്ധപ്പെടുകയാണ്. ഇതുനാളും ലോകത്തിലെ പ്രമുഖരാജ്യതന്ത്രജ്ഞന്മാരായി ഗണിക്കപ്പെട്ടിരുന്ന ജനറൽ സ്മട്സിന്റെ ഭരണരീതിയുടെയും രാജ്യത്തിന്റെയും പ്രാകൃതഭാവവും പ്രതിലോമഭാവവും ലോകമൊട്ടുക്കു കുപ്രസിദ്ധമാകുന്നതിലുള്ള അപമാനം കൂടാതെ കാളനികളുടെ വിഭജനത്തിൽ പശ്ചിമ ആഫ്രിക്കയിൽ നിന്നു ചില പ്രദേശങ്ങൾ തന്റെ രാജ്യത്തിന്നു നേടാമെന്നുള്ള ആശ ഇൻഡ്യയുടെ എതിർപ്പുമൂലം അവതാളത്തിലായേക്കുമെന്നശങ്കയും അദ്ദേഹത്തെ ക്ലേശിപ്പിക്കുന്നുണ്ട്.

സർവ്വരാജ്യസഖ്യസഭ മനുഷ്യാവകാശസംരക്ഷണത്തിന്നു മനസ്സോ പ്രാപ്തിയോ ഉള്ളതാണോ എന്നു പരീക്ഷിക്കാനുള്ള ഒരവസരമാണ് ഇന്ത്യ ഉന്നയിച്ചിരിക്കുന്ന ദക്ഷിണാഫ്രിക്കാപ്രശ്നം പ്രദാനംചെയ്യുന്നത്. അതു പരാജയപ്പെട്ടാൽ സർവ്വരാജ്യ സഖ്യസഭ തന്നെ പരാജയപ്പെടുന്നു. അതുവിജയിച്ചാൽ ഇൻഡ്യയ്ക്കതൊരു വലിയ വിജയമായിരിക്കും. അതിന്റെ ജയാപജയം എങ്ങനെയുമിരിക്കട്ടെ, ദക്ഷിണാഫ്രിക്കയിലെന്നല്ല ആഫ്രിക്കയിലാസകലം വെള്ളക്കാരുടെ സ്വാധീനശക്തിയെ തകർക്കുന്നതിന് ആഫ്രിക്കാക്കാരെ കൂടി ഉത്സാഹികളാക്കുവാനുള്ള ഒരു വമ്പിച്ച പ്രസ്ഥാനമാണ് ഇന്ത്യാക്കാരുടെ മനുഷ്യാവകാശരക്ഷയ്ക്കുള്ള സഹന സമരമെന്നു ജനറൽ സ്മട്സ് അചിരേണ സവ്യസനം അറിയുന്നതായിരിക്കും.

## കാൺഗ്രസ് ഭരണം

അയിത്തോച്ചാടനം, മദ്യവർജ്ജനം, ഖാദിപ്രചരണം, ജമിന്ദാരിധ്വംസനം, ആരോഗ്യപരിപോഷണം, അടിസ്ഥാന വ്യവസായോൽക്കർഷണം തുടങ്ങിയ വിഷയങ്ങളിൽ മിക്ക കാൺഗ്രസ് പ്രാവിൻസുകളും ഊർജ്ജിതമായ ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിൽ മദ്രാസാണ് ഏറ്റവും മികച്ചുനിൽക്കുന്നത്. മുൻകാൺഗ്രസ് മന്ത്രിസഭക്കാലത്തു നാലു ഡിസ്ട്രിക്ടിൽ മദ്യവർജ്ജനമാരംഭിച്ച മദ്രാസ് ഇപ്പോഴാരംഭിച്ചിരിക്കുന്നത് എട്ടു ഡിസ്ട്രിക്ടിലാണ്. ക്ഷേത്രങ്ങൾ ഹരിജനങ്ങൾക്കു തുറന്നുകൊടുക്കുന്നതിനുള്ള നടപടിയും അവിടെ സാവധാനമെങ്കിലും പുരോഗമിക്കുന്നുണ്ട്. ഖാദിപ്രചരണത്തിലും മദ്രാസ് തന്നെ ഒന്നാമതു നിൽക്കുന്നു. ഇങ്ങനെ കാൺഗ്രസ്സിന്റെ സൃഷ്ടിപരകാര്യപരിപാടികൾ വളരെ വാശിയോടുകൂടി പുരോഗമിപ്പിച്ചുകൊണ്ടിരുന്ന മദ്രാസിന് ഇതുനാളും മുതലാളിതൊഴിലാളിഭേദം കൂടാതുള്ള പിൻതുണ സിദ്ധിച്ചിരുന്നു. എന്നാൽ ഇപ്പോൾ പുതിയമില്ലുകൾ തുറക്കാനും പഴയമില്ലുകൾ വളർത്താനും അനുവദിക്കുന്നതല്ലെന്നുള്ള മന്ത്രിസഭയുടെ നയപ്രഖ്യാപനം വലിയ എതിർപ്പാണുണ്ടാക്കിയിരിക്കുന്നത്.

## മിൽ-ഖാദിവ്യവസായം

ഖാദിവ്യവസായത്തെ വളർത്തി മിൽവ്യവസായത്തിന്റെ ആവശ്യവും മിൽമുതലാളിമാരുടെ സാന്നിദ്ധ്യവും പ്രശാന്തം ഇല്ലാതാക്കുകയാണു തന്റെ വ്യവസായനയമെന്നു പ്രസ്താവിച്ചിരുന്ന മഹാത്മജിയിപ്പോൾ മദ്രാസ് മന്ത്രിസഭയുടെ മിൽനിരോധന

നയത്തെ പിൻതാങ്ങിക്കൊണ്ട് പറയുന്നത് മിൽ-ഖാദിവ്യവസായങ്ങൾ ഒരുമിച്ച് പുലരാവുന്നതും പുലർത്താവുന്നതുമല്ലെന്നാണ്. ഈ നയമനുസരിച്ച് ഇനി ഖാദിവ്യവസായാഭിവൃദ്ധിയെ ഉദ്ദേശിച്ച് പുതിയമില്ലുകൾ തുടങ്ങാനും പഴയമില്ലുകൾ വളർത്താനും അനുവദിക്കുന്നതല്ലെന്നുള്ള മദ്രാസ് ഗവർമ്മെൻറിൻെറ പ്രഖ്യാപനം കാൺഗ്രസ് ഗവർമ്മെൻറുകളുടെ അതിപ്രധാനമായ ഒരു നയ പ്രഖ്യാപനമായിട്ടാണ് മഹാത്മജിയുടെ ആനുകൂല്യംകൊണ്ട് അർത്ഥമാക്കേണ്ടത്. കാൺഗ്രസിൻെറ സൃഷ്ടിപരകാര്യപരിപാടിയിൽ ഏററവും പ്രധാനപ്പെട്ടതും ഒട്ടുവളരെ പണവും പ്രയത്നവും ചെലവഴിച്ചിട്ടുള്ളതുമായ ഖാദിപ്രസ്ഥാനത്തിൻെറ ഉൽക്കർഷത്തിനു കാൺഗ്രസ് മന്ത്രിസഭകൾ അഭിലഷിക്കുന്നതു സ്വാഭാവികമാകുന്നു. എന്നാൽ അതിനുവേണ്ടി മിൽവ്യവസായത്തെ നിരോധിക്കുന്നതിൽ അതിശക്തിയായ പ്രതിഷേധമാണു മദ്രാസിൽ പ്രത്യക്ഷമായിട്ടുള്ളത്. മില്ലുടമസ്ഥന്മാർ മാത്രമല്ല വാണിജ്യവ്യവസായപ്രമുഖന്മാരെല്ലാം ഈ പ്രതിഷേധത്തിലുൾപ്പെട്ടിട്ടുണ്ട്.

സ്വാതന്ത്ര്യ പ്രക്ഷോഭണത്തിൻെറ ഒരു മുദ്രയും ആയുധവുമായിട്ടും ആദായകരമായ മററു തൊഴിലില്ലാത്തവർക്കു മുഴുസമയവും മററു തൊഴിലുള്ളവർക്കു വിശ്രമവേളയിലും നടത്താവുന്ന ഒരു ലഘുവ്യവസായമായിട്ടുമാണു ഖാദിപ്രസ്ഥാനം മിക്കവരും ധരിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ മദ്രാസ് ഗവർമ്മെൻറു ചില ഗ്രാമങ്ങളെ തിരഞ്ഞെടുത്ത് ഖാദി നൂൽക്കുവാനും നെയ്യുവാനുമുള്ള സൗകര്യങ്ങളെല്ലാം കൊടുത്തും മിൽനൂലും വസ്ത്രവും നിരോധിച്ചും ആ ഗ്രാമങ്ങളെ വസ്ത്രവിഷയത്തിൽ സ്വയം പര്യാപ്തവും പരിപൂർണ്ണ ഖദർധാരികളുമാക്കുന്നതിനു ഗത്യന്തരമില്ലാത്ത പരിതസ്ഥിതിയിലാക്കി നിർബന്ധിക്കുവാൻ ശ്രമിക്കുകയാണ്. ഇപ്രകാരം നിർബന്ധപ്രേരണയാൽ പ്രചരിപ്പിച്ചാലും താരതമ്യേന ആദായകരമായിരുന്നാലല്ലാതെ ഒരു വ്യവസായത്തിനും സുസ്ഥിരമായ ഭാവി ഉണ്ടായിരിക്കുന്നതല്ലെന്നുള്ള മൗലികതത്വം അലംഘനീയമാകയാൽ ഖാദിയുടെ സാമ്പത്തികവിജയത്തിലും അതിനാൽ ശാശ്വതവിജയത്തിലും വിശ്വാസമില്ലാത്തവർ വളരെയുണ്ട്. അവരെല്ലാം മദ്രാസ് ഗവർമ്മെൻറുനയത്തെ അപലപിക്കുക സ്വാഭാവികമാകുന്നു.

യന്ത്രലോകത്തെ പരിത്യജിച്ചു പ്രശാന്തവും വിനീതവും അനാഡംബരവുമായ ഗ്രാമീണജീവിതം അഭിലഷിക്കയും ഉപദേശിക്കുകയും ചെയ്യുന്ന മഹാത്മജിയുടെ ആദർശം എത്രമഹനീയമായിരുന്നാലും അതിനെ അനുകരിക്കുവാൻ ഇൻഡ്യയ്ക്ക് എത്രമാത്രം സാധിക്കുമെന്നുള്ളതു കണ്ടറിയേണ്ടിയിരിക്കുന്നു. ഇപ്പോൾതന്നെ വമ്പിച്ച വ്യവസായങ്ങളിൽ പ്രവേശിച്ച് അടിസ്ഥാനവ്യവസായങ്ങളുടെ നിർമ്മാണത്തിൽ അതിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന ഭാരതത്തെ പ്രാചീനഗ്രാമങ്ങളുടെ അസംസ്കൃതജീവിതത്തിൻെറ മിതാവശ്യങ്ങളിലേക്കും സ്വയം പര്യാപ്തതയിലേക്കും വിനീതജീവിതത്തിലേക്കും തിരച്ചുടിക്കാൻ ആർക്കാണിനി സാധിക്കുക. അതിനാൽ മദ്രാസ് ഗവർമ്മെൻറിൻെറ മിൽനിരോധനനയത്തെ ആത്മഹത്യാപരമെന്നു വിഭിന്നാദർശക്കാരായ ഒരു വമ്പിച്ച ഭൂരിപക്ഷം വിധിക്കുന്നതും തെററെന്നുപറയുവാൻ നിവൃത്തിയില്ല.

തൻെറ നയം സ്ഥിരമെന്നുപറയുവാനും മദ്രാസ് പ്രധാനമന്ത്രി ധൈര്യപ്പെടുന്നില്ല. രണ്ടുകൊല്ലത്തേക്കു പുതിയയന്ത്രങ്ങളൊന്നും പുറമെനിന്നു മില്ലുകാർക്കു കിട്ടാൻ പോകുന്നില്ലെന്നും അതിനാൽ തൻെറ നിരോധനനയംമൂലം അവർക്കു തൽക്കാലവിഷമങ്ങളൊന്നും ഉണ്ടാകയില്ലെന്നും അദ്ദേഹം സമാധാനം പറയുന്നു. പിന്നെ എന്തിനു നിരോധനത്തിന് അദ്ദേഹം ആരംഭിച്ചിരിക്കുന്നുഎന്നു മനസ്സിലാകുന്നില്ല. അതു നിലവിലിരിക്കുന്ന മില്ലുകളുടെ സ്വാഭാവികമായ വികാസത്തിനെ തടയുന്നതിനുമാത്രമാണെ

ങ്കിൽ ഏററവും കുറവു മില്ലുകളുള്ള മദ്രാസിൻെറ ദൗർഭാഗ്യമെന്നേ പറയുവാനൊള്ളു.

## തൊഴിൽശൂന്യത

സൈന്യത്തിൽനിന്നും പിരിച്ചുവിട്ട ഏതാനും ആളുകൾ അവരുടെ തൊഴിൽശൂന്യതയെപ്പററി പണ്ഡിത് നെഹറുവിനോടു സങ്കടംപറഞ്ഞ അവസരത്തിൽ അദ്ദേഹം മറുപടിപറഞ്ഞതു് അൽപം ക്ഷമിക്കണമെന്നുംഒന്നരക്കൊല്ലത്തിനകംഈ രാജ്യത്തു വേലചെയ്യുവാൻ ആളുകൾക്കു ദാരിദ്ര്യം ഉണ്ടാകത്തക്ക വിധമാകുമെന്നുമായിരുന്നു. അതായതു് ഇന്ത്യ സ്വാതന്ത്ര്യയായാലുടൻ ഇന്ത്യയുടെ ദാരിദ്ര്യവും തൊഴിൽശൂന്യതയും പരിഹരിക്കുന്നതിനും ജീവിതത്തോതുയർത്തുന്നതിനുവേണ്ടി അതിവിപുലമായ സാമ്പത്തിക പരിപോഷണപദ്ധതികളിൽപ്രവേശിക്കുവാൻ ഗവർമ്മെൻറു വിചാരിക്കുന്നുണ്ടു് എന്നാണതുകൊണ്ടു പ്രത്യക്ഷമാകുന്നതു്. എന്നാൽ മഹാത്മജിയുടെ യന്ത്രഹീനമായ വ്യവസായനയമാണൊ കേന്ദ്രഗവർമ്മെൻറും പ്രവൃത്തിയിലാക്കുവാൻ വിചാരിക്കുന്നതെന്നറിഞ്ഞുകൂടാ, പണ്ഡിത് നെഹറുവിൻെറ അദ്ധ്യക്ഷത്തിൽ നടന്ന പ്ലാനിങ്ങ്കമ്മററികുടിൽവ്യവസായത്തിനു ശരിസ്ഥാനം കൊടുത്തിട്ടുണ്ടെങ്കിലുംയന്ത്രവ്യവസായത്തെനിരോധിച്ചിട്ടില്ല. അതിനാൽ സാധാരണ ലോകത്തിലെപ്പോലെ വിശാലമായഒരുവ്യവസായനയംകേന്ദ്രം അവലംബിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണ്.

## കാൺഗ്രസ്നയം

കാൺഗ്രസ് നയത്തിനു് ഇതുവരെ ഒരു ഐക്യരൂപ്യംഉണ്ടായിട്ടില്ല. സാർവത്രികമായഒരു നയാനുവർത്തനത്തിനു കാൺഗ്രസ് തയാറായിട്ടുമില്ല. ഓരോ പ്രാവിൻസിനും ഇഷ്ടംപോലെയും സൗകര്യം പോലെയും പ്രവൃത്തിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നു പറഞ്ഞു കേന്ദ്രം മൗനമായിരിക്കുകയാണ്. കേന്ദ്രമാകട്ടെ കാൺഗ്രസ് മാത്രമടങ്ങിയതല്ല. എന്നല്ല മഹാത്മജിയുടെ യന്ത്രവിരക്തമായവ്യവസായാദർശത്തിനുഭൂരിപക്ഷമുള്ളതുമല്ല. അതിനാൽ ലോകം ഇന്നു പരിപോഷിപ്പിച്ചിട്ടുള്ള വ്യവസായാദർശത്തിൽ മൗലികമായ വ്യത്യസ്ഥതകൾ ഭാരതത്തിൻെറ വല്ലമൂലയും വരുത്തുന്നപക്ഷം അതുപരാജയപ്പെടുവാനേതരമൊള്ളു.

## നാട്ടുരാജ്യങ്ങളുടെനില

ഇടക്കാല ഗവർമ്മെൻറിൻെറ പ്രവൃത്തനം ഒരു സ്വതന്ത്ര ഗവർമ്മെൻറെന്ന നിലയാണെങ്കിലും, വിദേശനയം താരിപ്പുനയം തുടങ്ങിയ പലകാര്യങ്ങളിൽ ആ ഗവർമ്മെൻറ് ഏറെക്കുറെ സ്വതന്ത്രമായി പ്രവൃത്തിക്കുവാനാരംഭിച്ചിട്ടുണ്ടെങ്കിലും നാട്ടുരാജ്യങ്ങൾക്ക് ഇതിലെങ്ങുംഒരുസ്ഥാനവുമില്ല. ഇതെസംബന്ധിച്ച തിരുവിതാംകൂർ ദിവാൻ സർ. സി. പി. രാമസ്വാമിഅയ്യരവർകൾ പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്താവന ശ്രദ്ധേയമാകുന്നു. നാട്ടുരാജ്യങ്ങളുടെ പ്രാതിനിധ്യമില്ലാത്ത ഇടക്കാലഗവർമ്മെൻറു നാട്ടുരാജ്യങ്ങളുമായി ആലോചിക്കാതെഅവയെ സാരമായി ബാധിക്കുന്ന ഇറക്കുമതി നിയന്ത്രണങ്ങളെയും മററും എടുത്തുകളയുന്നതു് ഒരിക്കലും ശരിയല്ല. നാട്ടുരാജ്യക്കാർ എന്നൊരുകൂട്ടർ ഇല്ലാത്തപോലെയാണ് ഇപ്പോൾ ഇടക്കാലഗവർമ്മെൻറു പ്രവൃത്തിക്കുന്നതു്. ഇതിനൊരു പരിഹാരമുണ്ടാക്കുവാൻ നാട്ടുരാജ്യങ്ങൾ ശ്രദ്ധിക്കേണ്ടതത്യാവശ്യമാകുന്നു.

## തൃപ്പതിസർവ്വകലാശാല

തൃപ്പതി മദ്രാസ് പ്രസിഡൻസിയിലെ എന്നല്ല ഇൻഡ്യയിലെതന്നെ ഏററവുംകൂടുതൽ നടവരവുള്ള ഒരു മഹാക്ഷേത്രമാണ്. അനേകലക്ഷംരൂപയാണ് പ്രതിവർഷം അവിടെ മുതലെടുപ്പുള്ളതു്. അവിടെ ഇപ്പോൾ ഒരു കാളേജ് നടക്കുന്നുണ്ടു്. ആ കാളേജ് ദേവസ്വം ചെലവിൽ ഒരു സർവ്വകലാശാലയായുയർത്തുവാൻമദ്രാസ്ഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നു. അതിനെ ഹിന്ദു്

ങ്ങളിൽ ഒരുപക്ഷം പ്രതിഷേധിക്കുന്നു. ദേവസ്വം സ്വത്തുമതപരമായ ആവശ്യങ്ങൾക്കല്ലാതെ ലൗകിക വിദ്യാഭ്യാസത്തിനായി, അഹിന്ദുക്കളുടേയും ആവശ്യത്തിനായി വിനിയോഗിക്കുന്നതു ദേവസ്വത്തിന്റെ സങ്കൽപത്തിനും, ധനദാനംചെയ്യുന്ന ആരാധനക്കാരുടെ ഉദ്ദേശത്തിനും വിരുദ്ധമെന്നാണ് അവരുടെ വാദം. മദ്രാസിലെ പ്രമുഖപത്രമായ ഹിന്ദുവും ഈ കൂട്ടത്തിലുൾപ്പെടുന്നതാണ് ഏററവും വിചിത്രമായിരിക്കുന്നതു്.

എല്ലാഹിന്ദുദേവാലയങ്ങളും ഇപ്പോൾ മതകാര്യംമാത്രം മറന്ന് അധർമ്മങ്ങളെ പുലർത്തി ഹിന്ദുമതാനുയായികളെ ഭിന്നിപ്പിച്ച് ദുർവ്യയ സങ്കേതങ്ങളായിട്ടാണ് പരിണമിച്ചിട്ടുള്ളതു്. ആ ദേവാലയങ്ങളുടെ വിജ്ഞാനഗതിയും പ്രവർത്തനാദർശവും നവ്യലോകത്തിന് ആകർഷകമായവിധംമാററുന്നതിനുള്ള മദ്രാസ് ഗവർമ്മെന്റിന്റെ ശ്രമം ഏററവും അഭിനന്ദനീയമാകുന്നു. അഹിന്ദുക്കൾക്കുകൂടി ഉപകാരമുള്ള ലൗകികവിദ്യാഭ്യാസത്തിനു ദേവസ്വംമുതൽ ചെലവുചെയ്യുന്നതുകൊണ്ട് ഒരു ദേവനും ക്രുദ്ധിക്കുന്നതോ ക്ഷോഭിക്കുന്നതോ അല്ല. നേരെമറിച്ച് അത്തരം പ്രവർത്തനങ്ങൾ ഏതുദേവാലയത്തിന്റെയും പ്രശസ്തിയും പ്രാഭവവും വർദ്ധിപ്പിക്കുകയേയുള്ളു.

ക്രിസ്തുമതംപോലെ ഹിന്ദുമതം മതപരിവർത്തനം ചെയ്യുന്ന ഒരു മതമല്ലാത്തതുകൊണ്ടു ക്രിസ്തുമതസ്ഥാപനങ്ങളെപ്പോലെ വിദ്യാലയങ്ങളും നടത്തേണ്ട ആവശ്യം ഹിന്ദുദേവാലയങ്ങൾക്കില്ലെന്നാണു "ഹിന്ദു"വിന്റെ ഏററവും തെററായ ഒരു അഭിപ്രായവും വാദവും. എക്കാലത്തും ഹിന്ദുമതം മതപരിവർത്തനത്തിലേർപ്പെട്ടിരുന്നു. അല്ലാത്തപക്ഷം ഇൻഡ്യ മുഴുവൻ ഇന്നു ബുദ്ധമതമായിരിക്കുമായിരുന്നു. ഇന്നും രാമകൃഷ്ണമിഷനും ആര്യസമാജവും അതുനടത്തിക്കൊണ്ടാണിരിക്കുന്നതു്. ക്ഷേത്രപ്രവേശനവിളംബരത്തിനുശേഷം തിരുവിതാംകൂറിൽ ഹിന്ദുമതത്തിലേക്കുള്ള പരിവർത്തനങ്ങൾ ധാരാളമാണ്. ക്ഷേത്രപ്രവേശനം ഉടനടി എല്ലായിടത്തും നടപ്പിലാക്കുവാനുദ്യമിക്കുന്ന മദ്രാസിലെ ഹിന്ദുക്കൾക്കും മതപരിവർത്തനത്തിനു ഹിന്ദുമതത്തിലും ധാരാളം സാദ്ധ്യതയും സൗകര്യവുമുണ്ടെന്ന് അചിരേണ അനുഭവപ്പെടുന്നതാണ്. അതിനാൽ മതപരിവർത്തനത്തെ ലക്ഷ്യമാക്കിയാണു ക്രിസ്ത്യാനികൾ പള്ളികളോടുചേർത്തു പള്ളിക്കൂടങ്ങൾ ഉണ്ടാക്കുന്നതെന്നു "ഹിന്ദു" വിചാരിക്കുന്നെങ്കിൽ, അക്കാരണത്താൽ തൃപ്പതിദേവാലയത്തോടു ചേർത്തു ഒരു സർവകലാശാല ആരംഭിക്കേണ്ടതും മതപരിവർത്തനം ഒരു പ്രധാനമതകാര്യമാകകൊണ്ടു ആ സർവകലാശാലക്രിസ്തുമതസ്ഥാപനങ്ങൾക്കെന്നപോലെ മതപരിവർത്തനത്തിനുപകരിക്കുമെങ്കിൽ മതകാര്യമായിതന്നെ അതാരംഭിക്കാവുന്നതുമാകുന്നു.

## ബംഗാളും
## ചണവിലനിയന്ത്രണവും

ലോകത്തിലേക്കാവശ്യമുള്ള ചണം, അഥവാ ചാക്കുതുണി മിക്കവാറും ബംഗാളിലാണുണ്ടാകുന്നതു്. ധാന്യങ്ങൾ കയററി അയയ്ക്കുന്നതിനു ചാക്കുമതിയാകാതെ ലോകം മുഴുവൻ വിഷമിച്ചിരുന്നു. അതിനാൽ ഇൻഡ്യാഗവർമ്മെന്റു യുദ്ധാവശ്യത്തിനായി ചണത്തിന്റെയും ചാക്കിന്റെയും വില നിയന്ത്രിച്ചിരുന്നു. ഈ സെപ്തംബർ അവസാനത്തിൽ ആ നിയന്ത്രണം തീർന്നു. യുദ്ധാവശ്യത്തിനു വില നിയന്ത്രിക്കാനുള്ള നിപാടില്ലല്ലോ. എന്നാൽ ആഹാരസാധനങ്ങൾ പുറമെനിന്നു ധാരാളം കിട്ടേണ്ട അത്യാവശ്യമുള്ള ഈ സമയത്തു് ആ രാജ്യങ്ങളിലേക്കു പഴയവിലയ്ക്കു ചാക്കയച്ചുകൊടുക്കേണ്ട ചുമതല ഇന്ത്യാഗവർമ്മെന്റിനു വന്നുചേർന്നു. നിയമപ്രകാരമുള്ള വില നിയന്ത്രണം അവസാനിച്ചതുകൊണ്ടു ബംഗാൾഗവർമ്മെന്റു് ചാക്കിനു വിലകൂട്ടുവാൻ

നിശ്ചയിച്ചു. ഇടക്കാലഗവർമ്മെൻറിനെ ഇതു വിഷമിപ്പിക്കുമെന്നും ഇക്കാര്യത്തിൽ ബംഗാളിലെ ലീഗ്ഗവർമ്മെൻറിനു മോഹമുണ്ടായിരുന്നു. ആഹാരസാധനങ്ങളുടെ ആവശ്യത്തെ പരിഗണിച്ചു ചാക്കിൻെറ വില നിയന്ത്രിക്കണമെന്നു കേന്ദ്രഗവർമ്മെൻറു ബംഗാളിനോടപേക്ഷിച്ചു. ചണം കൃഷിക്കാരധികവും മുസ്ലിങ്ങളാണെന്നും അവരെ ഇനിയും നഷ്ടപ്പെടുത്തുവാൻ നിവൃത്തിയില്ലെന്നുമായിരുന്നു ബംഗാളിൻെറ മറുപടി. അതിനാൽ ഇൻഡ്യാഗവർമ്മെൻറു ചാക്കിൻെറ കയററുമതി വിലനിയന്ത്രിച്ചു. പ്രാവിൻസിനു് ആഭ്യന്തരമായ വിലനിയന്ത്രിക്കയൊ വർദ്ധിപ്പിക്കയൊ എന്തുവേണമെങ്കിലും ചെയ്യാം. കയററുമതിവില നിശ്ചയിക്കുവാനുള്ള അധികാരം കേന്ദ്രത്തിനാണു്. അങ്ങനെ ബംഗാൾഗവർമ്മെൻറു വിഷമിച്ചു. എന്നാൽ ചാക്കൊന്നും വില്ക്കുകയില്ലെന്നും അങ്ങനെ ഇന്ത്യാഗവർമ്മെൻറിനെ വാഗ്ദാനങ്ങൾ നിറവേററാൻ സാധിക്കാതെ വിഷമിപ്പിക്കാമെന്നും വീരവാദം ചെയ്തുകൊണ്ടു ബംഗാൾ പ്രധാനമന്ത്രി ഇത്രനാളും നടക്കുകയായിരുന്നു. കേന്ദ്രവും പ്രവിശ്യയും തമ്മിലുള്ള വടംപിടിത്തത്തിൻെറ ഒരു രസകരമായ രംഗം കാണുവാൻ സാധിക്കുമെന്നാണു വിചാരിച്ചിരുന്നതു്. എന്നാൽ ലീഗുരഞ്ജിപ്പിലായതുകൊണ്ടു ഇന്ത്യാഗവർമ്മെൻറ് അതിനാലൊന്നൊഴിഞ്ഞു് നിയന്ത്രണം റദ്ദ് ചെയ്തിരിക്കുന്നു.

## തിരുവിതാംകൂറിൽ തൊഴിലാളി ലഹള

തിരുവിതാംകൂറിൽ അമ്പലപ്പുഴ ചേർത്തല എന്നീ താലൂക്കുകളിൽ കമ്യൂണിസ്റ്റുകാരുടെ ഉത്സാഹത്തിലും നേതൃത്വത്തിലും വമ്പിച്ചതോതിൽ തൊഴിലാളികൾ സംഘം ചേർന്നു കൊള്ള, കൊല, പാലംതകപ്പ്, കമ്പിമുറിപ്പ്, സഞ്ചാരതടസ്സം, പൊതുജനോപദ്രവം തുടങ്ങിയ അക്രമങ്ങൾ നടത്തുന്നതായും തന്നിവാരണാർത്ഥം ഗവൺമെൻറു ആപ്രദേശങ്ങളിൽ പട്ടാളനിയമം പ്രഖ്യാപനം ചെയ്യുകയും പട്ടാളംമുഖാന്തരം അക്രമണനിരോധനവും പൊതുജനസംരക്ഷണവും ചെയ്യുവാൻ നിർബന്ധിതമാകയും ചെയ്തിരിക്കുന്നതായും അറിയുന്നതിൽ ഞങ്ങൾ അത്യധികം വ്യസനിക്കുന്നു. ലോകമൊട്ടുക്കുള്ള പ്രജാപ്രഭുത്വഭരണങ്ങളെല്ലാം കമ്യൂണിസ്റ്റുകളുടെ ആദർശങ്ങളെ ഏറെക്കുറെ ആദരിക്കുന്നുണ്ടെങ്കിലും ദുർന്നയപരമായ അക്രമപ്രവർത്തനങ്ങൾക്കു കുപ്രസിദ്ധമായിത്തീർന്നിട്ടുള്ള ആ കക്ഷിയെ വെറുത്തിരിക്കുന്ന കാലമാണിതു്. ഇന്ത്യയിൽ അവരുടെ പ്രബലമിത്രങ്ങളായിരുന്ന കാൺഗ്രസ്സ്കക്ഷി അവരെ അവിശ്വസ്തരായി പണ്ടേ തള്ളിക്കഴിഞ്ഞു. കാൺഗ്രസ്സിലെ സോഷ്യലിസ്റ്റുപോലും അവരെ വെറുത്തിരിക്കയാണു്. ബ്രിട്ടനിലെ തൊഴിലാളിക്കക്ഷി കമ്യൂണിസ്റ്റുകളുടെ ഉററമിത്രങ്ങളായിരുന്നെങ്കിലും, അവരുടെ ദുസ്സഹമായ ദുർന്നയങ്ങൾ മൂലം അവരെ ഇപ്പോൾ പരിപൂർണ്ണം പരിത്യജിച്ചിരിക്കുന്നു. തിരുവിതാംകൂറിലെ ബഹുഭൂരിപക്ഷം ജനപക്ഷവും ഇക്കൂട്ടരുടെ പ്രവർത്തനങ്ങളെ വെറുത്തിട്ടു വളരെക്കാലമായി. അടുത്തകാലത്തു ഇവിടുത്തെ ഏകരാഷ്ട്രീയസംഘടനയായ സ്റ്റേററുകാൺഗ്രസ്സും ഭാരതമഹാജനസഭയെപ്പോലെ അവരുമായുള്ള ബന്ധമറുക്കുകയാണുണ്ടായതു്.

ഇതൊന്നും കമ്യൂണിസ്റ്റാദർശങ്ങളോടുള്ള വെറുപ്പുകൊണ്ടല്ല. ഏതുവിധവും കലാപമുണ്ടാക്കണമെന്നും കാര്യസാദ്ധ്യത്തിനു് ഏതു ദുരസ്ഥിതനയവും അനുവർത്തിക്കാമെന്നുമുള്ള അവരുടെ അപനയംകൊണ്ടു മാത്രമാണു്. ഇതിനേക്കാൾ മറു പോംവഴികളൊന്നും കാണാതെ അവർ പാവപ്പെട്ട തൊഴിലാളികളെ പിടികൂടിയിരിക്കയാകുന്നു. തൊഴിലാളികളുടെ ശമ്പളവും കൂലിയും പദവിയും സുഖസൗകര്യാദികളും സാധിക്കുന്നിടത്തോളം വർദ്ധിപ്പിക്കയും മുതലാളിമാരുടെ

ചൂഷണം എത്രയും കുറക്കുകയും ചെയ്യുന്നതിനു ന്യായവാദംചെയ്തോ വഴക്കുപറഞ്ഞോ പണിമുടക്കിയോ ശ്രമിക്കുന്നതിൽ ആൎക്കും അഭിപ്രായവ്യത്യാസമില്ല. എന്നാൽ നിയമാതീതമായ ഭീഷണിക്കും ഹേമദണ്ഡത്തിനും അക്രമത്തിനും പുറപ്പെടുന്നതു് ഒരുത്തൎക്കും സഹിക്കാവുന്നതൊ ക്ഷമിക്കാവുന്നതൊ അല്ല. അതിനാൽ വിദേശീയമായ ഒരു ശക്തിയുടെ ആജ്ഞാകരന്മാരായി ഏതുവിധവും നാട്ടിൽ അസമാധാനം വളൎത്തണമെന്നുള്ള ലക്ഷ്യത്തിൽ ഏതക്രമത്തിനും സന്നദ്ധമായ കമ്യൂണിസ്ററുകളുടെ കൂട്ടം നേതൃത്വവും ഉപേക്ഷിക്കാത്തപക്ഷം തൊഴിലാളികളുടെ നില വളരെ കഷ്ടമായിത്തീരുന്നതാകുന്നു.

ആകപ്പാടെ രാജ്യംവളരെ അസ്വസ്ഥമാണു്. മുഷ്ക്കും അക്രമാസക്തിയും ചില കൂട്ടരുടെയിടയ്ക്കു വളരെ വൎദ്ധിച്ചാണു വരുന്നതു്. അതു വിപ്ലവൈകവാശിയിൽ വളൎത്താൻ കാപ്പുകെട്ടിയിരിക്കുന്നവരും പലരുണ്ടു്. ഇതിനെതടയാൻ ഏതുസുശക്ത ഗവൎമ്മെൻറും പൊതുജനപിന്തുണയില്ലെങ്കിൽ വിഷമിക്കും. അതിനാൽ ആത്മരക്ഷക്കായുള്ള ഒരുക്കങ്ങൾ ഒട്ടും നിസ്സാരമാക്കാവുന്ന കാലമല്ലിതു്. മഹാത്മജി ഉപദേശിക്കും പോലെ ഓരോകരയും ഓരോ കുടുംബവും ഓരോസ്ത്രീയും പുരുഷനും തങ്ങളുടെ മാനവും സ്വത്തും സ്ഥിതിയും സംരക്ഷിക്കുന്നതിനു സന്നദ്ധമായിരിക്കേണ്ടതാകുന്നു. ന്യൂന പക്ഷംവേട്ടക്കു് ഒത്താശനിൽക്കുന്ന ലീഗ് ഗവൎമ്മെൻറിനെപ്പോലുള്ള ഒരു ഗവൎമ്മെൻറല്ല നമുക്കുള്ളതു്. അതിനാൽ അതിക്രമങ്ങളെ തടയാൻ ഗവൎമ്മെൻറു ചെയ്യുന്ന എല്ലാശ്രമങ്ങളെയും സഹായിക്കേണ്ടതു് സ്വാത്മരക്ഷയ്ക്കുള്ള ധൎമ്മമാണെന്നും സകലരും ധരിക്കേണ്ടതാകുന്നു.

## ഏജൻസിമാററം

താഴെപറയുന്ന എൻ.എസ്സ്.എസ്സ്. കരയോഗം ഇൻസ്പെക്ടറന്മാരെ സൎവീസിൻെറ ഏജൻറു സ്ഥാനത്തുനിന്നു് മാററിയിരിക്കുന്നവിവരം വരിക്കാരെ അറിയിച്ചുകൊള്ളുന്നു.

1- ചെങ്ങന്നൂർ ഇൻസ്പെക്ടർ മി. ററി എസ്സ്. കേശവപിള്ള
2- മൂവാററുപുഴ ഇൻസ്പെക്ടരായിരുന്ന മി. ഗോവിന്ദനായർ
3- മാവേലിക്കര ഇൻസ്പെക്ടരായിരുന്നമി. കൃഷ്ണപിള്ള (ചമ്പക്കുളം)
4- കൊല്ലം ഇൻസ്പെക്ടർ ആയിരുന്ന മി. എൻ. ഗോപാലൻ ഉണ്ണിത്താൻ
5- കുന്നത്തൂർ ഇൻസ്പെക്ടരായിരുന്ന മി. എസ്സ്! കൃഷ്ണപിള്ള

## ചിത്രോൽസവം

(മുത്തൂർ രാഘവൻനായർ)

സാരഥിയരുണൻ തേരുതെളിച്ചു!
പ്പകലവനെഴുന്നള്ളി;
സാരസമൊട്ടുകൾകൊണ്ടതിഭക്ത്യാ
പൊയ്കകൾകൈകൂപ്പി
ലളിതസുമംഗളകാകളിപാടി
മഞ്ജുളശാരികകൾ,
ലതികകൾനൎത്തനകേളികളാടി;
ശലഭംമധുതേടി;
പൂക്കളെമുത്തിത്തത്തിത്തത്തി
മന്ദമരുത്തെത്തി;
ശാഖകൾനീട്ടി!ത്തളിരുകൾകാട്ടി,
ശാഖികൾതലയാട്ടി,
പുലരൊളികൊണ്ടൊരുപുഞ്ചിരിവീശി
മന്ദമടുത്തെത്തും

## സൎവ്വീസ് ഏജൻസി

ചിറയിൻകീഴതാലൂക്കിലെ സൎവീസ് ഏജൻറായി അവിടത്തെ എൻ.എസ്സ്.എസ്സ്. കരയോഗം ഇൻസ്പെക്ടർ മി.പി.കുമാരപിള്ളയെ നിയമിച്ചിരിക്കുന്നവിവരം വരിക്കാരെ അറിയിച്ചുകൊള്ളുന്നു.

പുരുപുളകപ്രദചിത്രോത്സവമേ,
സ്വാഗതമരുളാംഞാൻ
മധുകണമൊഴുകിനമണമണിമലരുകൾ
വിടരുമൊരാരാമം
മരതകമണിരുചിവിതറിവിളങ്ങും
നീമമവേണാടേ,
പുലരൊളികൊണ്ടൊരുപുഞ്ചിരിവീശി
മന്ദമണഞ്ഞല്ലോ!
പുളകദദിവ്യവസന്തമിതാട്ട
ത്തിരുനാളാഘോഷം!
കണ്ണും കരളും കുളിരും വിധമ
"ച്ചിത്രാ" നക്ഷത്രം
വിണ്ണിലുദിക്കെത്തുളിക്കുകളൊക്കെ
പ്പുളകമണിഞ്ഞില്ലേ
കരിമുകിൽനീങ്ങി, കതിരുകൾതിങ്ങി,
രാജിതസുധമാർഗ്ഗം
പരിചിലുണർന്നതിലകിതചന്ദ്രം
കല്പകസുമകീർണ്ണം.
മധുകണമൊഴുകിനമണമണിമലരുകൾ
വിരിയുമൊരാരാമം
മരതകമണിരുചിവിതറിവിളങ്ങും
നീമമവേണാടേ
പുലരൊളികൊണ്ടൊരുപുഞ്ചിരിവീശി
മന്ദമണഞ്ഞല്ലോ!
പുളകദദിവ്യവസന്തവിലാസം
തിരുനാളാഘോഷം
അലകൾതുള്ളമ്പിടുമറബിക്കടലേ
പുണരുക, പുണരുകനീ
അലർവനിപോലവെ വയഴകുത്തുളുമ്പും
വഞ്ചിവസുന്ധരയേ
മരതകസുന്ദരസഹ്യാചലമേ,
മുകരുക, മുകരുക, നീ
മലയാളത്തിൻസൗമ്യമനോഹര
മംഗള മഞ്ജിമയെ-
പരിമളമണിയുംമാരുതദേവ
പുൽകുകപുൽകുകനീ
ഹരിതതൃണാളകസങ്കുലഫാലയെ
വഞ്ചിവസുന്ധരയെ —
കേരളകൽപകപാദപകുലമേ,
വീശുക, വീശുക, നീ

# ഐക്യകേരളം

....—....

[എൻ. കെ. കൃഷ്ണപിള്ള]

ഐക്യകേരളം എന്നു കേൾക്കുമ്പോൾ അടുത്തകാലത്തെങ്ങോ ചിതറിപ്പോയ കേരളവിഭാഗങ്ങളുടെ ഐക്യത്തിനുള്ള ശ്രമമാണെന്നു് ഒരു തെററിദ്ധാരണ പലൎക്കും ഉണ്ടായിട്ടുള്ളതായി കാണുന്നുണ്ടു്. അതുശരിയല്ല. കേരളം യോജിച്ചു കിടന്നിരുന്നൊരു കാലം ഉണ്ടായിരുന്നെങ്കിൽ അതു ചരിത്രകാലത്തിനപ്പുറമാണു്. രാമായണം ഭാരതം മുതലായ പുരാണങ്ങളിലെല്ലാം കേരളത്തെപ്പററി പരാമർശനങ്ങളുണ്ടു്. അന്നു ചേരരാജവംശമായിരുന്നു ആ നാടുഭരിച്ചിരുന്നതു്. അതിനുശേഷം കുറെവർഷങ്ങൾ ജനപ്രതിനിധി ഭരണവും, പിന്നീടു നമ്പൂരിമാരും നായന്മാരും ചേർന്ന സമുദായഭരണവും കേരളത്തിൽ നടന്നിട്ടുണ്ടു്. ചേരരാജവംശത്തിൻെറ ഭരണകാലത്തു കേരളം മുഴുവൻ അവരുടെ അധീനതയിലായിരുന്നോ എന്നു നിശ്ചയമില്ലെങ്കിലും സമുദായ ഭരണകാലത്തു കേരളം മുഴുവൻ അവരുടെ ഭരണത്തിൽ ഉൾപ്പെട്ടിരുന്നില്ലെന്നുള്ളതിനു ചരിത്രലക്ഷ്യമുണ്ടു്. അന്നു തെക്കുവേണാടും വടക്കു കോലത്തിരിയും സമുദായഭരണത്തിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങളായിരുന്നില്ല.

---

ചാമരപംക്തിയിളക്കിസ്സതതം
വഞ്ചിവസുന്ധരയെ
മധുകണമൊഴുകിനമണമണിമലരണി
വിരിയുമൊരാരാമം
മരതകമണിരുചിവിതറിവിളങ്ങും
നീമമവേണാടേ,
പുലരൊളികൊണ്ടൊരുപുഞ്ചിരിവീശി
മന്ദമണഞ്ഞല്ലോ,
പുളകദദിവ്യവസന്തവിലാസം
തിരുനാളാഘോഷം

# നൌവഖാലി ലഹള

(രാജശേഖരൻ)

മുസ്ലിങ്ങളുടെയല്ലാമുസ്ലീംലീഗിന്റെ പ്രത്യക്ഷസമര പരിപാടിയാൽ കുപ്രസിദ്ധമായിത്തീർന്നിരിക്കുന്ന പ്രദേശമാണു ബംഗാൾ. മുസ്ലിങ്ങൾ ഭൂരിപക്ഷമുള്ള പ്രാവിൻസുകൾ ഇൻഡ്യയിൽ പഞ്ചാബ്, അതിർത്തി, സിൻഡ്, ബംഗാൾ എന്നിങ്ങനെ നാലാണുള്ളത്. ഇവയിലെ മുസ്ലിങ്ങളുടെനില ഇപ്രകാരമാണ്.

| | ആകെ മുസ്ലിം ലക്ഷം | ശതമാനം |
|---|---|---|
| അതിർത്തി | 28 | 92 |
| സിൻഡ് | 32 | 71 |
| പഞ്ചാബ് | 162 | 57 |
| ബംഗാൾ | 330 | 55 |

അതായത് മുസ്ലിങ്ങളുടെ സംഖ്യ ഏററവും കൂടുതൽ ബംഗാളിലാണ്. താരതമ്യേന അവർ ഏററവും കുറഞ്ഞ ശതമാനമുള്ളതും അവിടെയാണ്. എന്തെന്നാൽ 330 ലക്ഷം മുസ്ലിങ്ങൾ അവിടെയുണ്ടെങ്കിൽ 273 ലക്ഷം അമുസ്ലിങ്ങളും അവിടെയുണ്ട്. അതുകൊണ്ട് അമുസ്ലിങ്ങൾ കുറവായതുകൊണ്ടോ മുസ്ലിങ്ങൾ കൂടുതലായതുകൊണ്ടോ അല്ല ബംഗാൾ മുസ്ലിംലീഗിന്റെ പ്രത്യക്ഷസമരത്തിനു സുഗമമായിത്തീർന്നത്

ബംഗാൾ മാത്രമാണ് ഇന്നു ഇൻഡ്യയിലെ 11 പ്രാവിൻസുകളിൽ മുസ്ലിംലീഗ് ഭരിക്കുന്ന ഏക പ്രാവിൻസ്. അതിർത്തി പ്രാവിൻസിൽ 92 ശതമാനം മുസ്ലിങ്ങളാണെങ്കിലും അതിർത്തിഗാന്ധി എന്നു സുപ്രസിദ്ധനായ അബ്ദുൾജാഫർഖാന്റെ സഹോദരനായ ഖാൻസാഹിബിന്റെ നേതൃത്വത്തിൽ ഉള്ള ഒരു കാൺഗ്രസ് മന്ത്രിസഭയാണ് ആ പ്രാവിൻസ് ഭരിക്കുന്നത്. അവിടെയും മുസ്ലിംലീഗ് കക്ഷിയുണ്ട്, പക്ഷെ അവർ ന്യൂനപക്ഷമായിപ്പോയി. പഞ്ചാബിലും മുസ്ലിംലീഗുണ്ട്, മുസ്ലിങ്ങളിൽ അവർ ഭൂരിപക്ഷവുമാണ്. എന്നാൽ അവിടെ 57 ശതമാനമേ മുസ്ലിങ്ങളുള്ളൂ. അവരിൽ തന്നെ ഒരുകക്ഷി മുസ്ലിംലീഗിൽ ചേർന്നിട്ടില്ല. അവരും അമുസ്ലിങ്ങളുംകൂടി ചേർന്ന കക്ഷിക്കാണവിടെ ഭൂ

---

അതിൽപിന്നെ നടന്ന പെരുമാക്കന്മാരുടെ ഭരണത്തിലും വേണാട്ടും കോലത്തിരിയും ഉൾപ്പെട്ടിരുന്നില്ല. പെരുമാക്കന്മാരുടെ ഭരണശേഷം അവരുടെ സ്വാധീനത്തിലിരുന്ന കേരളവിഭാഗം പല രാജാക്കന്മാരുടെ ഭരണത്തിലായി. കാലക്രമംകൊണ്ട് ആ രാജ്യങ്ങളെല്ലാം ശാഖോപശാഖകളായി ചിതറി ഈ ചെറുകേരളം നൂറിൽപരം രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഭരണത്തിൽകിടന്നു നരകിക്കയായിരുന്നു.

അങ്ങനെയിരിക്കുമ്പോഴാണു 933—ൽനാടുനീങ്ങിയ മാർത്താണ്ഡവർമ്മരാജാവു വേണാടിനെ പെരിയാർവരെ വികസിപ്പിച്ചത്. അന്നും കൊച്ചിമുതൽ വടക്കോട്ടുള്ള ഭാഗം പല രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും നിരന്തരസമരത്തിനു വിധേയമായിരുന്നു. ഒടുവിൽ ടിപ്പുസുൽത്താൻ മലബാറെല്ലാം സ്വാധീനത്തിലാക്കി, സുൽത്താന്റെ കയ്യിൽനിന്നു അതു ഇംഗ്ലീഷുകാർക്കു കിട്ടി, 967=ാമാണ്ടുമുതൽക്കാണു കേരളം ഇന്നത്തെ രൂപത്തിൽ മൂന്നു രാജ്യങ്ങളായി പരിണമിച്ചത്.

അതിനാൽ ഐക്യകേരളം ഏതെങ്കിലും കാലത്തുണ്ടായിരുന്നെങ്കിൽതന്നെ അകാലം രണ്ടായിരം വർഷങ്ങൾക്കപ്പുറമായിരുന്നു.

........

രിപക്ഷം. സിൻഡിൽ ലീഗാണു ഭരിച്ചിരുന്നതെങ്കിലും അവരുടെ നയക്കുറവും ശക്തിക്കുറവും മൂലം ആ ഭരണംതകൎന്നു് പുതിയ തിരഞ്ഞെടുപ്പിനാരംഭിച്ചിരിക്കയാണു്. അതിനാൽ ബംഗാൾമാത്രമേ യൊള്ളു ലീഗുഭരിക്കുന്നതു്. അവിടെയാണു ലീഗിൻെറ പ്രത്യക്ഷസമരപരിപാടി പ്രവൎത്തനത്തിലാക്കിയിരിക്കുന്നതും.

ബാംബെ, സി പി, യു പി, ബീഹാർ, പഞ്ചാബ് തുടങ്ങിയ പല പ്രാവിൻസുകളിലും അതു നടപ്പിലാക്കാൻ നോക്കിയെങ്കിലും അവിടങ്ങളിലെല്ലാം ഭരണം കാൺഗ്രസ് കക്ഷിക്കായതുകൊണ്ടു് ഒരിടത്തും നിൎബാധമായ കൂട്ടക്കൊല നടത്താനൊത്തില്ല. ആരംഭത്തിൽതന്നെ അവ നിയന്ത്രണാധീനമാക്കുകയാണുണ്ടായതു്. എന്നാൽ ബംഗാളിൽ ഗവൎമ്മെൻറു പ്രേരിപ്പിക്കയും പ്രോത്സാഹിപ്പിക്കയും കണ്ണടയ്ക്കുകയും നിയന്ത്രണത്തിനുദാസീനമാകയും ചെയ്തതുകൊണ്ടു് അവിടെ ഇതെല്ലാം നടന്നു, നടക്കുന്നു: ഇനിയും നടക്കുകയും ചെയ്തേക്കും.

പ്രാരംഭം കൽക്കട്ടായിലായിരുന്നു. പുറമെനിന്നുകൂടികുറെ ചട്ടമ്പികളെ വരുത്തി വേണ്ട ആയുധ സജ്ജീകരണങ്ങളോടുകൂടിയാണു ലീഗ് മുസ്ലിങ്ങൾ അവിടെയാരംഭിച്ചതു്. എന്നാൽ വിചാരിച്ചിരിക്കാത്ത പ്രതിരോധനവും പ്രതികാരവും അവിടെ ഉണ്ടായതുകൊണ്ടു മുസ്ലിങ്ങൾക്കു വളരെ നാശം നേരിടാനിടയായി. ഇരുപതിനായിരത്തിനടുത്തു ഹിന്ദുക്കൾക്കു് അവിടെ അവശത പററിയിട്ടുണ്ടെങ്കിൽ മുസ്ലിങ്ങളുടെ തുക മുപ്പതിനായിരത്തിൽ കുറയുകയില്ലെന്നാണു പറയുന്നതു്. ഇതു ലീഗുകാർ പ്രതീക്ഷിച്ചിരുന്നതല്ല. അതുകൊണ്ടു് അടുത്തസ്ഥലം മുസ്ലിങ്ങൾക്കു 'പൂൎണ്ണ' പ്രാബല്യമുള്ളതായിരിക്കണം എന്നുദ്ദേശിച്ചു തിരഞ്ഞെടുത്തതാണു നൊവഖാലി ഡിസ്ത്രിക്ട്.

നൊവഖാലി ചിററഗാങ്ങ് ഡിവിഷനിലെ ഒരു ഡിസ്ത്രിക്ടാണ്. ഏകദേശം തിരുവിതാംകൂറിനോളം അതിനു വിസ്താരമുണ്ടു്; (1645 ച മ) അതിൻെറ വടക്കു തിപ്പരഡിസ്ത്രിക്ടും സംസ്ഥാനവും, കിഴക്കു തിപ്പരമലകളും ചിററഗാങ്ങ് ഡിസ്ത്രിക്ടും, തെക്കു ബംഗാൾ ഉൾക്കടലും, പടിഞ്ഞാറു മേഘ്നനദിയുമാകുന്നു. പ്രധാന പട്ടണമായ നൊവഖാലിക്കു കൽക്കട്ടായിൽനിന്നും 280 മൈൽ ദൂരമുണ്ടു്. കടൽത്തീരത്തുനിന്നു 10 മൈൽഉള്ളിലാണ് ഈ പട്ടണം. ഈ ഡിസ്ത്രിക്ടിലെ ജനസംഖ്യ ഏകദേശം 22 ലക്ഷമാകുന്നു. അതിൽ 18 ലക്ഷംമുസ്ലീങ്ങളും 4ലക്ഷം ഹിന്ദുക്കളുമാകുന്നു. ഈ ഹിന്ദുക്കളിൽ ഭൂരിഭാഗവും ഹരിജനങ്ങളാണ്. അവിടുത്തെ ജനങ്ങൾമിക്കവരും കൃഷിക്കാരാണ്. കച്ചവടം അധികവും ഹിന്ദുക്കളുടെ കൈവശമാകുന്നു. നെല്ല്, ചണം, തെങ്ങ്, കരിമ്പ്, കമുക,വെററില, മഞ്ഞൾ, വററൽമുളക്മുതലായ കൃഷികളാണ്അവിടെസാധാരണമായുള്ളതു്. വ്യവസായങ്ങൾ പറയത്തക്കതായൊന്നുമില്ല. തിരുവിതാംകൂറിൻെറ അത്ര വിസ്താരമുണ്ടെങ്കിലും കഷ്ടിച്ച് അരക്കോടി രൂപയേ അവിടെ മുതലെടുപ്പൊള്ളു. അതിൻെറപകുതി പോലും ഗവൎമ്മെൻറു ആ ഡിസ്ത്രിക്ടിൽ ചെലവിടുന്നുമില്ല.

കൽക്കട്ടാ ലഹള തുടങ്ങിയ കാലംമുതൽ ഈ ഡിസ്ത്രിക്ട് ഒരുപഴയ എം. എൽ.എ. ഗുലാം സാർവാറിൻെറ നേതൃത്വത്തിൽ ഇളക്കിക്കൊണ്ടിരിക്കയാണ്. എന്നുമാത്രമല്ല ഭയങ്കരമായ ഒരു ലഹളയ്ക്കുവേണ്ട ഒരുക്കങ്ങളും മുസ്ലിങ്ങൾ ചെയ്തുകൊണ്ടുമിരുന്നു. ഇതെസംബന്ധിച്ചു സി.ഐ.ഡി.-റിപ്പോർട്ടുകളൊന്നും ഗവൎമ്മെൻറിനു കിട്ടിയിട്ടില്ലെങ്കിൽ സ്ഥലത്തുള്ള ഹിന്ദുക്കളിൽ പ്രമാണികൾ പലപ്രാവശ്യം ഗവൎമ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. എന്നാൽ അധികൃതർ യാതൊന്നും ചെയ്തില്ല. മുസ്ലിങ്ങളുടെ ഒരുക്കങ്ങളും പ്രക്ഷോഭണങ്ങളും നിർബാധം നടന്നുകൊള്ളുന്നതിനു് അനുവദിക്കുക മാത്രമാണു ചെയ്തതു്.

കൽക്കട്ടായിൽ ആഗസ്റ്റ് 16-ാംനു ആണെങ്കിൽ നൊവാഖാലിയിൽ ഒക്ടോബർ 10-ാംനു ഒരു വമ്പിച്ച മഹായോഗം വിളിച്ചുകൂട്ടി ഹിന്ദുക്കൾക്കെതിരായി പ്രക്ഷോഭജനകമായ പല പ്രസംഗങ്ങൾ നടത്തി. ആ യോഗത്തിൽ സർക്കാരധികൃതരായ പല മുസ്ലിങ്ങളും ഹാജരുണ്ടായിരുന്നു. പതിനയ്യായിരത്തിൽപരം ആളുകൾ സന്നിഹിതരായിരുന്ന ആ മഹായോഗം കഴിഞ്ഞ് ആ ആളുകൾ ഒന്നാകെ അടുത്ത കമ്പോളം ആക്രമിക്കയാണുണ്ടായത്. കുറച്ചുസമയത്തിനിടയ്ക്കു കമ്പോളംമുഴുവൻ കൊള്ളചെയ്തു തീവച്ചുശേഷം അക്രമികൾ പലസെററായി പലഭാഗത്തേക്കു പുറപ്പെട്ടു. അതിൽ ഒരുകൂട്ടർ സുരേന്ദ്രകുമാർബോസെന്ന അടുത്ത ജമിന്ദാരുടെ സ്ഥലം വളഞ്ഞു. അവിടെ അഭയാർത്ഥികളായി നാന്നൂറോളം സ്ത്രീകളും കുട്ടികളും വൃദ്ധന്മാരുംചെന്നു കയറിയിട്ടുണ്ടായിരുന്നു. അവരെയെല്ലാം നാലയ്യായിരംവരുന്ന ആയുധധാരികളായ അക്രമികൾ അൽപസമയത്തിനിടയിൽ കൊന്നൊടുക്കി ജമിന്ദാരെ സകുടുംബം പരിവാരസമേതം നിഗ്രഹിച്ച് അവിടെക്കണ്ടതെല്ലാം അപഹരിച്ചു ഭവനത്തിനും കച്ചേരിക്കും മുഴുവൻ തീയുംവച്ചു. കൊല്ലപ്പെട്ട കൊച്ചുകുട്ടികളെ നീണ്ട കമ്പിൽ കുത്തിനാട്ടിക്കൊണ്ട് ആ അക്രമികൾ അടുത്തഗ്രാമത്തിലേക്കു തിരിച്ചു.

വേറൊരുകൂട്ടർ റായിസാഹിബ രാജേന്ദ്രലാൽറായി എന്ന മറെറാരു ജമിന്ദാരെ വളഞ്ഞു. അവിടുത്തെ ഹിന്ദുമഹാസഭാപ്രസിഡണ്ടും വക്കീൽപ്രമാണിയും ആയിരുന്ന ആ ജമിന്ദാരെ രക്ഷിക്കാൻ അവിടെയുള്ള ഹിന്ദുക്കൾ ആസകലം അവിടെകൂടി അക്രമികളെ എതിർത്തു. അതിനാൽ അവർ മടങ്ങിപ്പോയി അടുത്തഗ്രാമം ആക്രമിച്ചുശേഷം ആയുധവും ആളുംകൂടി പിറേറദിവസം വീണ്ടും ജമിന്ദാരുടെ സ്ഥലം വളഞ്ഞു. മൂന്നുപ്രാവശ്യം രാജേന്ദ്രലാൽറായി അക്രമികളെ ഓടിച്ചു. കാലത്ത് എട്ടുമണിക്കുതുടങ്ങിയ ഈ സമരം മൂന്നുമണിവരെ നീണ്ടുനിന്നു. നാലാംപ്രാവശ്യം ഒരുപഴയ എം. എൽ. എയുടെ നേതൃത്വത്തിൽ തോക്കുകളോടുകൂടി ആരംഭിച്ച ആക്രമണത്തിൽ രാജേന്ദ്രലാൽറായി പരാജിതനായി. അക്രമികൾ അദ്ദേഹത്തെ കുടുംബസമേതം കൊന്നു. എന്നല്ല അവിടെ ഉണ്ടായിരുന്നവരെ ആസകലം നിഗ്രഹിച്ചു കൊട്ടാരത്തിനു തീയുംവച്ചു. അധികൃതർക്കു നേരത്തെ അറിവുകൊടുത്തിരുന്നെങ്കിലും ആരും ഗൗനിച്ചില്ല.

ഇങ്ങനെ ജമിന്ദാരന്മാരുടെ കച്ചേരികൾ കമ്പോളങ്ങൾ, ഗ്രാമങ്ങൾ തുടങ്ങിയ എല്ലാ ഹൈന്ദവസങ്കേതങ്ങൾ കൊന്നൊടുക്കിയും കൊള്ളചെയ്തും കൊള്ളിവച്ചു ഭസ്മീകരിച്ചും തുടങ്ങിയ മുസ്ലീംലീഗിന്റെ അക്രമണം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

അവിടെ ഗവർമ്മെൻറില്ല. ജനരക്ഷയില്ല. കൊല, കൊള്ള, കൊള്ളിവയ്പ്പ്, നിർബന്ധിച്ചു മാർഗ്ഗത്തിൽചേർക്കുക, സ്ത്രീകളെ നിർബന്ധിച്ചു വിവാഹംചെയ്യുക മാനഭംഗം ചെയ്യുക എന്നിങ്ങനെയുള്ള പൈശാചികമായ നടപടികളാണു മുസ്ലീംലീഗ് നടത്തിക്കൊണ്ടിരിക്കുന്നത്.

അനേകായിരം ആളുകൾ അയൽ പ്രദേശങ്ങളിലേക്ക് ഓടിപ്പോയിട്ടുണ്ട്. അവർതന്നെ ഒന്നരലക്ഷത്തോളംവരും. അനേകായിരം ആളുകളെ കൊന്നിട്ടുണ്ട്. അനേകം ഗ്രാമങ്ങളും ജമിന്ദാരികളും കമ്പോളങ്ങളും കൊള്ളചെയ്തു ഭസ്മീകരിച്ചിട്ടുണ്ട്. അനേകായിരം ആളുകളെ നിർബന്ധിച്ചു മാർഗ്ഗത്തിൽ ചേർത്തിട്ടുണ്ട്. അനേകായിരംസ്ത്രീകളുടെ മാനഭംഗം ചെയ്തിട്ടുണ്ട്.

ഇതാണു ബംഗാളിലെ മുസ്ലീംലീഗുഭരണം നടത്തുന്നത്. ഈ സ്ഥിതിക്കു പാക്കിസ്ഥാൻെറ ഫലമെന്തെന്ന് ഇപ്പോൾ ഇന്ത്യക്കു പ്രത്യക്ഷമായിരിക്കണം.

.......

# എൻെറമതം

(എം. കെ. രാഘവക്കുറുപ്പ്)

പൂർവ്വതാമൃഷീന്ദ്രന്മാരീശ്വരസാക്ഷാൽക്കാര
പാവനശശിപ്രഭാപൂരത്തിൽമുഴുകിയോർ
നിർമ്മിച്ചതാണെന്നത്രേകേൾപ്പൂഞാൻ സർവ്വോത്തമ
ധാർമ്മികകർമ്മോദാരകേദാരംമമമതം.
വിജ്ഞന്മാർവിളിക്കുന്നുദിവ്യമാംസനാതന
സംജ്ഞയിൽതാലോലിച്ചുഹൈന്ദവമതമെന്നും
വേദങ്ങളുപനിഷത്ഗ്രന്ഥങ്ങൾ പുരാണങ്ങ
ളാദിയായവയെല്ലാമെൻമതസമ്പത്തത്രേ
എന്നാലെന്തിതിൻസാരമെന്നുള്ളചോദ്യച്ചിഹ്ന
സന്നിധിതന്നിൽനമ്രശീർഷൻഞാൻനിരന്തരം
എങ്കിലുമൊന്നുണ്ടെനിക്കോതുവാൻ“മർത്ത്യൻമർത്ത്യ
രായിട്ടുമററുള്ളോരെക്കാണുവാൻപഠിക്കവാൻ
പാടില്ലെന്നുരച്ചിട്ടില്ലെൻമതമതിൻധർമ്മം
പാടേനാംത്യജിക്കുവാനോതീട്ടില്ലൊരേടത്തും
കണ്ണുനീർകുടിച്ചിട്ടുപൈദാഹംശമിപ്പിച്ചു
കണ്ണിണക്കൂപംനിറച്ചുക്കവിൾക്കണ്ടും കാട്ടി
ഒട്ടിയവയറുമായ്കൈക്കുമ്പിൾ കാണിച്ചെത്തു
മഷ്ലിക്കവയറില്ലാച്ചണ്ഡാലക്കിടാത്തനെ
ആട്ടിയോടിക്കാനല്ല ചേർത്തണച്ചാശ്ലേഷിപ്പാ
നൊട്ടുമേമടിക്കൊല്ലെന്നോതുന്ന താണെൻമതം”
കേവലംമതത്തിൻെറപേരിലീമനോജ്ഞമാം
ജീവിതംപാഴാക്കുന്നപൈശാചികോൽഘോഷങ്ങൾ
പാടില്ലെന്നുരപ്പൂനു, ഭാരതാംബികാഭാഗ്യ-
വാരിധി—ജവഹരി— തൻമതതത്വജ്ഞാനി
മാതാവിൻസ്വാതന്ത്ര്യത്തിലാഹ്ളാദപൂന്തേൻതൂകും
നേതാവേ!ജയിച്ചാലുമങ്ങേയ്ക്കുനമസ്കാരം
ഭാവുകംവളർന്നീടാൻകാരുണ്യംതഴച്ചീടാൻ
പാവനംസനാതനമെൻമതംജയിക്കട്ടെ!

# ഇന്ത്യയിലെ സെമിൻറവ്യവസായം

സെമിൻറു വ്യവസായത്തിനു വളരെ സൗകര്യമുള്ള ഒരു പ്രദേശമാണ് ഇൻഡ്യയെങ്കിലും ഒന്നാംമഹായുദ്ധത്തിനുമുമ്പ് ഈ വ്യവസായം ഇവിടെ നാമമാത്രമായിട്ടേ ഉണ്ടായിരുന്നൊള്ളു. മഹായുദ്ധത്തിനുമുമ്പ് 1914—ൽ ഇൻഡ്യയിലെ ആകെ സെമിൻറു നിർമ്മാണം 945 ടണ്ണായിരുന്നു. എന്നാൽ ഒന്നാം മഹായുദ്ധത്തിനിടയ്ക്ക് ഇവിടെ പല വമ്പിച്ച സെമിൻറു ഫാക്ടറികളുണ്ടായി. 1924 ആയപ്പോഴേക്ക് ഇവിടത്തെ സെമിൻറു നിർമ്മാണം രണ്ടരലക്ഷം ടൺ വരെ വർദ്ധിച്ചു. അതിനുശേഷം ഇറക്കുമതിചെയ്യുന്ന സെമിൻറിനു ചുങ്കം ചുമത്തിയും ഇവിടെയുള്ള ഫാക്ടറികളെ സംഘടിപ്പിച്ചും ഈ വ്യവസായത്തെ സംരക്ഷിച്ചുവളർത്തുവാൻ ഗവർമ്മെൻറു ശ്രദ്ധിച്ചുകൊണ്ടാണിരുന്നതു്. അപ്രകാരം 1939 ആയപ്പോഴേക്ക് ഇവിടത്തെ നിർമ്മാണം പതിനഞ്ചുലക്ഷംവരെ വർദ്ധിച്ചു. എന്നാൽ ഇക്കഴിഞ്ഞയുദ്ധത്തിനിടയ്ക്ക് പത്തുലക്ഷം ടണ്ണിൻെറ വർദ്ധനവുകൂടി ഇവിടത്തെ സെമിൻറു നിർമ്മാണത്തിനുണ്ടായിട്ടുണ്ട്. ഇപ്പോൾ സെമിൻറിവിടെ ഇറക്കുമതിചെയ്യുന്നില്ല. അതുകൊണ്ട് ഇവിടത്തെ ആവശ്യത്തിനുള്ള സെമിൻറുമുഴുവൻ ഇവിടെ ഉണ്ടാക്കിത്തുടങ്ങി എന്നു് അർത്ഥമാക്കണ്ട. എന്നാൽവളരെ താമസിയാതെവിദേശസെമിൻറിൻെറ ആവശ്യമില്ലാത്ത ഒരു സ്വതന്ത്രനില ഇൻഡ്യക്കുണ്ടാകുന്നതാണു്. 1939—ൽ 1000 ആളുകൾ വേലചെയ്യുന്ന 19 സെമിൻറു ഫാക്ടറികളേ ഇൻഡ്യയിലുണ്ടായിരുന്നൊള്ളു. ഇപ്പോൾ അവ 25000 വേലക്കാരുള്ള 59 ഫാക്ടറികളായി വളർന്നിട്ടുണ്ട്.

........

# നെഹറുവും ഭാരതവും

## ഇംഗ്ലീഷ്കാരന്റെ അഭിപ്രായഗതി

പണ്ഡിത് ജവഹരലാൽ നെഹ്റുവിന്റെ വിദേശനയവിശദീകരണത്തിനുശേഷം ബ്രിട്ടനിലെ ഒരു പ്രമുഖപത്രമായ മാഞ്ചെസ്റ്റർ ഗാർഡിയൻ എഴുതിയിട്ടുള്ള മുഖപ്രസംഗം വളരെ ശ്രദ്ധേയമാകുന്നു.

"ഇന്ത്യയുടെ സ്വാതന്ത്ര്യം ഇൻഡ്യാഗവർമ്മെന്റിന്റെ പ്രയോഗക്ഷമമായ നേതൃത്വം പണ്ഡിത് ജവഹരലാൽ നെഹ്റു സ്വീകരിച്ചതോടുകൂടി ആരംഭിച്ചതായി നമുക്കാശിക്കാവുന്നതാണ്. ഇപ്പോഴും നിയമപ്രകാരം നിലവ്യത്യാസമൊന്നുമുണ്ടായിട്ടില്ലെന്നുള്ളതു പരമാർത്ഥംതന്നെ. എന്നാൽ നമ്മുടെ കൂടിയാലോചനകളുടെ കഥയും പണ്ഡിററിന്റെ വ്യക്തിത്വവുംനോക്കിയാൽ ഇംഗ്ലണ്ടിൽനിന്നുള്ള നിയന്ത്രണത്തിന് അദ്ദേഹംവിധേയനാവുകയില്ലെന്നുള്ളതു തീർച്ചയാണ്. ഇൻഡ്യയിലെ ഏററവുംവമ്പിച്ച കക്ഷിയുടെ തലവൻഉദ്യോഗംസ്വീകരിച്ചാൽ ബ്രിട്ടീഷ്പാർലമെൻറുസ്വന്ത അഭിമതം അദ്ദേഹത്തിൽ ചെലുത്തുവാൻ ശ്രമിക്കുന്നതിന്റെ മണ്ടത്തരം ഉടൻ കാണുമെന്നു ഞങ്ങൾക്കു വളരെ നേരത്തെ അറിയാവുന്നതാണ്. നിശ്ചയമായും ഇൻഡ്യയിലെയും ബ്രിട്ടനിലെയും രാജ്യതന്ത്രജ്ഞന്മാർക്കു വളരെ മുഷിപ്പിനും ക്ഷമയെ പരീക്ഷിക്കുന്നതുമായ വടംപിടിത്തം കുറെക്കാലത്തേക്കുണ്ടാകും. എന്തെന്നാൽ ഇൻഡ്യയ്ക്കു സ്വാതന്ത്ര്യംമാത്രമല്ല, നവീന ലോകവ്യവസ്ഥയിൽ അവരുടെ സ്നേഹവുംസുശക്ത സഹകരണവുംകൂടി നാമാഗ്രഹിക്കുന്നുണ്ടു. അതിനാൽ നമ്മുടെ ബന്ധത്തെപ്പററിയും ലോകകാര്യങ്ങളെക്കുറിച്ചുമുള്ള ഇൻഡ്യയുടെ അഭിപ്രായഗതിയുമായി നാം പരിചയപ്പെടേണ്ടതും ഇൻഡ്യയുടെ പുതിയ നേതാവിന്റെ വ്യക്തിത്വം കുറെയൊക്കെ നമറിഞ്ഞിരിക്കേണ്ടതും അത്യാവശ്യമാകുന്നു.

ഇൻഡ്യയുടെ വിദേശനയത്തെപ്പററിയുള്ള പണ്ഡിത് ജവഹരലാൽ നെഹ്റുവിന്റെ പ്രസംഗം പ്രത്യക്ഷമാക്കുന്നതു് ഒരു നവ്യഭാരതാഭിപ്രായമുണ്ടെന്നാണ്. "ഭാരതത്തിന്റെ കണ്ടുപിടിത്തം" എന്ന അദ്ദേഹത്തിന്റെ പുതിയ ഗ്രന്ഥം അതിനുള്ള അടിസ്ഥാനം തരുന്നുണ്ട്. പണ്ഡിത് ജവഹരലാൽനെഹ്റുസംസ്കൃതവുംസമ്പന്നവുമായ ഒരുബ്രാഹ്മണകുടുംബത്തിൽഇൻഡ്യയിലെരാജ്യഭക്തരായ രാഷ്ട്രീയപ്രവർത്തകരിൽഏററവും സമർത്ഥനും ഏററവും ബഹുമാനിതനുമായ ഒരാളുടെ പുത്രനായി ജനിച്ചു്, ജനനത്തിലും വളർച്ചയിലും ഒരുപോലെ പ്രഭുക്കന്മാരിൽ ഒരു പ്രഭുവാകുന്നു. ഹാരോയിലും കേംബ്രിഡ്ജിലും വിദ്യാഭ്യാസം ചെയ്തു് അദ്ദേഹം ഇൻഡ്യയിലേക്കു തിരിച്ചുപോയതു് മി. ഗാന്ധിയുടെ സ്വാധീനശക്തിയിലാകുന്നതിനും 1921-ലെ ഒന്നാമത്തെ നിസ്സഹകരണ പ്രസ്ഥാനത്തിൽ ചാടുന്നതിനും ഉള്ള സന്ദർഭത്തിലായിരുന്നു. അന്നുമുതൽഅദ്ദേഹം ദേശീയവാദികളായ മററു ഭാരതീയരിൽനിന്നു ലോകകാര്യങ്ങളിലുള്ള തന്റെ വിശാല താല്പര്യങ്ങളാലും ഏററവും ആധുനികനായിരിക്കുന്നതിനുള്ള ഒരു നവീനന്റെ അഭിവാഞ്ഛയാലും, സ്ഥിതിസമത്വത്തിലേക്കുള്ള അതിന്റെ ചായവിനാലും, സോഷ്യലിസ്റ്റു റഷ്യയെപ്പററിയുള്ള മതിപ്പിനാലും, ഇൻഡ്യയുടെ സാമുദായികവുംസാമ്പത്തികവുമായ ഘടനയിൽ വിപ്ലവകരമായ മാററങ്ങൾ വരുത്തേണ്ട ആവശ്യത്തിലുള്ള അദ്ദേഹത്തിന്റെ നിർബന്ധത്താലും വ്യത്യസ്തനായി, ഒരു പ്രബലദേശീയവാദിയുംഒരുററകോൺഗ്രസ്സ്ഭക്തനും ആ

യി, ഭാരതരാഷ്ട്രമണ്ഡലത്തിലെ ഒരു പ്രമുഖവ്യക്തിയായിത്തീർന്നിരിക്കുന്നു.

ധീരനും വിക്രമനും അഭിമാനിയും ക്ഷിപ്രസംക്ഷോഭ്യനും അക്ഷമനും ആയ അദ്ദേഹം ജയിൽവരണത്തിനു സദാസന്നദ്ധനായിരുന്നു. ഒൻപതുപ്രാവശ്യം തടവിലിരുന്നിട്ടുമുണ്ട്. ചിന്താശീലനും ഉത്താന ഹൃദയനും നിഷ്കപടനുമായ അദ്ദേഹം ജയിലിൽസമയം ചെലവഴിച്ചതു് അദ്ദേഹത്തിന്റെ ചിന്തകൾ പ്രസിദ്ധീകരണത്തിനായി എഴുതുന്നതിലായിരുന്നു.

അദ്ദേഹത്തിന്റെ ഏറ്റവും അടുത്തകാലത്തെ ഗ്രന്ഥം 1942 ആഗസ്റ്റുമുതൽക്കുള്ള ആയിരംദിവസത്തെ ജയിൽവാസകാലത്തെ ഫലമാണ്. യുദ്ധാവസാനത്തിൽ ഉണ്ടാകാവുന്ന സർവ്വലോകസ്ഥിതിഗതികളെപ്പറ്റിയുള്ള വിമർശനങ്ങളോടുകൂടി ഭാരതത്തിന്റെ കഴിഞ്ഞകാലത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായമാണ് അതു പ്രദാനം ചെയ്യുന്നതു്. അതു ലഘുപാരായണത്തിനുള്ളതല്ല, ഒരു മഹൽസാഹിത്യവുമല്ല. എന്നാൽ അതു രസകരവും പ്രധാനവുമാകുന്നു. എന്തെന്നാൽ ഭാവിയിൽ അനേകം വർഷത്തേക്ക് ഇൻഡ്യയുടെ വിദേശനയം നിയന്ത്രിക്കുവാനിടയുള്ള ഒരാളിന്റെ വീക്ഷണഗതിയാണ് അതു നമുക്കു തരുന്നതു്. ഒന്നാമതായി അദ്ദേഹത്തിന്റെ ഗ്രന്ഥം നമുക്കു തരുന്നതാക്കീതു്, മുൻകാലത്തുനാം ചെയ്തിട്ടുള്ള പല സേവനങ്ങൾക്കു ഭാരതത്തിനു നമ്മോട്ട് അൽപമെങ്കിലും കൃതജ്ഞതയോ സ്നേഹമൊ തോന്നിയേക്കാമെന്നുള്ള മിഥ്യാബോധം നാം പരിത്യജിക്കണമെന്നുള്ളതാണ്. നേരെ മറിച്ച് ഇൻഡ്യയുടെ മമത നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അതു സമ്പാദിക്കുന്നതിനും കഴിഞ്ഞതു മറക്കുവാൻ അവളെ പ്രേരിപ്പിക്കുന്നതിനും നാം വളരെ ശക്തിയായി പ്രയത്നിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വർഗ്ഗീയൗദ്ധത്യവും ഇന്ത്യയുടെ അരാജകമായ ദേശീയപ്രബുദ്ധതയോടുള്ള കഴിഞ്ഞ അർദ്ധശതവർഷത്തെ നിരന്തര മർദ്ദനവും നമ്മുടെ നാമധേയം ഭാരതീയ ശ്രോത്രങ്ങൾക്കു ദുശ്ശബ്ദമാക്കിയിട്ടുണ്ട്.

ആധുനികപരമ്പരയുടെയും ഇപ്പോൾ വളർന്നുവരുന്ന പരമ്പരയുടെയും മനസ്സുകൾ നമ്മോടു അഗാധമായ വെറുപ്പുള്ളവയാണ്. അബദ്ധമായ ബ്രിട്ടീഷ് പക്ഷപാതിത്വത്തോടുകൂടിയാകുന്നു നാം ഇൻഡ്യാചരിത്രമെഴുതിയതു്. ആ ചരിത്രം ഇപ്പോൾ തുല്യ ബ്രിട്ടീഷുവെറുപ്പോടുകൂടി ദേശീയതാഭക്തന്മാർ എഴുതിക്കൊണ്ടിരിക്കയാണ്. പഴയകുചേഷ്ടിതങ്ങളുടെ സ്മരണകൾ അപ്രകാരം ഉണർത്തുകയും സംരക്ഷിക്കയും ചെയ്യുന്നതുകൂടാതെ ഇൻഡ്യയുടെ ഇന്നത്തെക്ഷീണത്തിനെല്ലാം നാം കാരണക്കാരായും കരുതപ്പെടുന്നു.

നമ്മുടെ ശക്തിയെയും നമ്മുടെ അടുത്തകാലത്തെ നേട്ടങ്ങളെയും പറ്റി അധികമൊന്നും പറയാതിരിക്കുന്നതു് ഇപ്പോൾ ബുദ്ധിയായിരിക്കും. റഷ്യ, അമേരിക്കൻ ഐക്യരാജ്യം എന്നീ രണ്ടു ശക്തികളെ ഇൻഡ്യ ലോകത്തിൽ കാണുന്നുണ്ട്.

ബ്രിട്ടന്റെ ജനശക്തി വെറും നാലു കോടിയാണ്. അതുതന്നെ കുറയാനുമാരംഭിച്ചിരിക്കുന്നു. യുദ്ധത്തിൽ ബ്രിട്ടൻ വഹിച്ച ഭാഗത്തെപ്പറ്റി ഇൻഡ്യ പ്രധാനമായി കാണുന്നതു സിംഗപ്പൂർ, മലയാ, ബർമ്മ എന്നിവയുടെ നഷ്ടവും അവ വീണ്ടെടുക്കുന്നതിലുള്ള അമേരിക്കയുടെ പ്രയത്നവുമാകുന്നു.

അടുത്തതായി നാം ഓർക്കേണ്ടതായിട്ടുള്ളതു് ഭാരതം മുഴുവനില്ലെങ്കിൽ, കുറഞ്ഞപക്ഷം പണ്ഡിത നെഹ്റുവെങ്കിലും ലനിനേയും അദ്ദേഹത്തിന്റെ റഷ്യയെയും ബഹുമാനിക്കുന്നു, അല്ലെങ്കിൽ 1945 ജൂൺവരെ ബഹുമാനിച്ചിരുന്നു എന്നും ഒരു മുതലാളിസംസ്ഥാനത്തെ രാജ്യതന്ത്രജ്ഞനിലൊ അക്ഷന്തവ്യമായിരിക്കുന്ന ദുഷ്ടതകൾ റഷ്യയെ സംബന്ധിച്ചിടത്തോളം ക്ഷമിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു എന്നും ഉള്ളതാണ്. ഇതിനോടു ബന്ധിച്ചാകുന്നു ഇൻഡ്യയുടെ സാമുദായികവും സാമ്പത്തികവുമായ ഘടനയിൽ വിപ്ലവാത്മകമാ

യ മാററത്തിൻെറ ആവശ്യത്തിലുള്ള അദ്ദേഹത്തിൻെറ വിശ്വാസം.

എല്ലാത്തിലും ഉപരിയായി നാം ഓർക്കേണ്ടതു് ഇൻഡ്യയിൽ മാത്രമല്ല മറെറവിടെയെങ്കിലും കണ്ടിട്ടുള്ള ബ്രിട്ടീഷ് വർഗീയതയോടും അധികാരഭ്രമത്തോടും അദ്ദേഹത്തിനുള്ള അരഞ്ജകമായ കഠിനവെറുപ്പാകുന്നു.

ഇൻഡ്യയുടെസഹകരണവും സ്നേഹവും നാമാഗ്രഹിക്കുന്നുണ്ടെങ്കിൽ ബർമ്മായിലും മലയായിലും സിലോണിലും ആഫ്രിക്കയിലും പിന്തിരിപ്പൻ നയത്തിനു നാം ശ്രമിച്ചുകൂടാ. ഇൻഡ്യയുമായി ആലോചിച്ചു സ്വയംഭരണത്തിനൊ സർവ്വരാജ്യനിയന്ത്രണത്തിനൊ ഉള്ള ഒരു പ്രായോഗികപദ്ധതി ഉണ്ടാക്കാൻ സാധിക്കയില്ലയൊ എന്നു നാം നോക്കേണ്ടതാണു്.

അതു പ്രയാസമുള്ളതായിരിക്കാം. എന്നാൽ വിഷമങ്ങളും ആപത്തുകളും കൊണ്ടുനിറഞ്ഞ ഒരു ലോകത്തിൽ അതു് പ്രയോജനമുള്ളതാണു്. ഫാസിസം, സോഷ്യലിസം, കമ്മ്യൂണിസം നാസിസം, ഡിമാക്രസി ഇവയെല്ലാം ഏതുപദ്ധതിക്കും ഒട്ടിക്കാവുന്ന വെറും പേരുകളാണു്. ഈ പദ്ധതികൾ ഒരിടത്തു നന്നായിട്ടുള്ളതു മറെറാരിടത്തു് ഉപദ്രവകരമായേക്കാം. സ്വാതന്ത്ര്യത്തോടും കാരുണ്യത്തോടും ബഹുമാനവും ക്രൂരതയോടും മർദ്ദനത്തോടും വെറുപ്പുമാണു കാമ്യമായിട്ടുള്ളതു്. പണ്ഡിത് ജവഹരലാൽ നെഹ്റുവും മി. ഗാന്ധിയും ഭാരതവും കാരുണ്യമുള്ളവരാണു്, സ്വാതന്ത്ര്യത്തെ വിലമതിക്കുന്നുണ്ടു്. നമ്മുടെ സാമ്രാജ്യത്തെ ഒരു നവീനവീക്ഷണകോണത്തിൽകൂടിനോക്കേണ്ടതായ ശ്രമം ഉണ്ടായാൽപോലും അവരെ നമ്മുടെമിത്രങ്ങളും കൂട്ടുകാരും ആക്കേണ്ടതാകുന്നു.

# ദീനരോദനം

(കവിയൂർ എം. ജി.)

ഒന്നു്

"വല്ലതുംപാവങ്ങൾക്കു തന്നേച്ചുപോണേ, ദൈവം—
നല്ലതുവരുത്തുമേ! നിങ്ങൾക്കു, തമ്പ്രാക്കളേ!"
പട്ടണപ്പാതവക്കിൽ, പൂഴിയിൽപുത,ഞ്ഞതാ–
ചുട്ടെരിച്ചീടുംവെയിൽകത്തുന്നമദ്ധ്യാഹ്നത്തിൽ,
ചോരനീരററരണ്ടുപാവങ്ങൾശയിക്കുന്നു-
ഘോരമാംദാരിദ്ര്യത്തിൻ ബീഭത്സചിത്രംപോലെ.
മർത്ത്യരാണവരുംഹാ! മർദ്ദിതയാഥാർത്ഥ്യങ്ങൾ—
മർത്ത്യരെപ്പഠിപ്പിക്കുമുജ്ജ്വലകാവ്യങ്ങളാം
പൊള്ളയാംപരിഷ്കാരം, പുറംപൂച്ചൊളിതച്ചു-
പൊള്ളിക്കുംവഴിവക്കിൽ കിടന്നുകരയുന്നു.
"വല്ലതുംപാവങ്ങൾക്കുതന്നേച്ചുപോണേ, ദൈവം-
നല്ലതുവരുത്തുമേനിങ്ങൾക്കു, തമ്പ്രാക്കളേ!"

രണ്ടു്.

കണ്ടില്ലപാവത്തിനെ-- യന്തിക്കുപിച്ചക്കായി–
ക്കണ്ടെടംതോറുംതെണ്ടും ചെക്കനെ, പാവംതള്ള
അമ്പരന്നവൾചുററും നോക്കുന്നു, കരയുന്നു
അമ്മയാണവളുംഹാ! ദാരിദ്ര്യമുണ്ടെന്നാലും
മാതാവിൻകരച്ചിലിൽ വെമ്പിയബാലൻ വേഗം
പാതയിൽക്കൂടിച്ചാടിയോടുന്നു-ശാന്തംപാപം!
അത്തനേത്രങ്ങൾപാറുംപൂഴിയാൽമൂടിക്കൊണ്ടു–
മാർത്തനാദത്തെ ചൂളംവിളിയാൽശകാരിച്ചും,

# പാലസ്റ്റയിനും ജൂതനും

യൂറോപ്പിലെ ഏററവും വിഷമമേറിയ ഒന്നാണ് പാലസ്റ്റയിൻ പ്രശ്നം. ഇപ്പോൾ ഒരു അറബിരാജ്യമായ പാലസ്റ്റയിനിൽ ജൂതന്മാർ കൂടുതൽ കൂടുതലായി കുടിയേറിപ്പാർക്കുന്നതിനു ആ പ്രദേശത്ത് അധീശത്വം വഹിക്കുന്ന ബ്രിട്ടൻ അമേരിക്കയുടെയും പ്രേരണയിൽ കുറെ അനുവദിച്ചതാണ് പാലസ്റ്റയിൻ അറബികളുടെ എന്നുമാത്രമല്ല ലോകമൊട്ടാകെയുള്ള മുസ്ലിങ്ങളുടെ വഴക്ക് ബ്രിട്ടൻ അതുവേണ്ടപോലെ മുഴുവനാക്കി ആ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ഉണ്ടാക്കാത്തതിനാൽ ജൂതന്മാരും വളരെ ക്രുദ്ധിച്ചുനില്ക്കുന്നു.

## ജൂതന്മാർ

ലോകത്തിലെ ഏററവും പുരാതനമായ ഒരു മതക്കാരും ഏററവും സമ്പന്നരായ ഒരു ജാതിക്കാരുമാണു ജൂതന്മാർ. ക്രിസ്തുമതസ്ഥാപകനായ യേശുക്രിസ്തു ഒരു ജൂതനായിരുന്നു. യേശുവിനെ വൈദികന്മാർ ദീർഘദർശനം ചെയ്തിരുന്ന ലോകരക്ഷിതാവായി സ്വീകരിക്കാതെ ആ മഹാപുരുഷനെ മതനിഷേധിയും അധികാരനിഷേധിയുമായ വിപ്ലവകാരിയും, ദൈവപുത്രനെന്നു പറഞ്ഞു ജനങ്ങളെ കബളിപ്പിക്കുന്ന വഞ്ചകനുമായി വിശ്വസിച്ചു ബന്ധിച്ചു വിസ്തരിച്ചു കുരിശിൽ തറച്ചുകൊന്ന കൂട്ടരാണു ജൂതന്മാർ. ഈ ജൂതവർഗംതന്നെയായിരുന്നു യേശുവിന്റെ ആദ്യത്തെ ശിഷ്യന്മാരും അനുയായികളും ആദ്യം ക്രിസ്തുമതം സ്വീകരിച്ചവരും. അതിനാൽ യേശുവിനാൽ വിഭജിക്കപ്പെട്ട ഇസ്രായൽവർഗം ജൂതന്മാരും ക്രിസ്ത്യാനികളുമായി വേർതിരിഞ്ഞു എന്നേയൊള്ളു. അവയിൽ ക്രിസ്തുമതം സമർത്ഥമായ പ്രചരണത്തിന്റെ ഫലമായി പല ജാതികളെയും മതങ്ങളെയും പ്രദേശങ്ങളെയും രാജ്യങ്ങളെയും പരിവർത്തനം ചെയ്തു ഭൂലോകമാസകലം വ്യാപിച്ച് പലരാജ്യങ്ങളെയെന്നല്ല ഭൂഖണ്ഡങ്ങളെപ്പോലും മതമംഗീകരിച്ചിട്ടുള്ള വമ്പിച്ച ഭൂരിപക്ഷമതമായി പരിണമിച്ചു. ജൂതമതമാകട്ടെ യാതൊരു പ്രചരണവും മതപരിവർത്തനശ്രമവും ഇല്ലാതെ അന്യമതങ്ങളിലേക്കു പോയിട്ടുള്ളവരുടെ നഷ്ടംസഹിച്ചു സ്വാഭാവികമായ വളർച്ചയിൽ വിശ്വസിച്ചിരുന്നതേയൊള്ളു. എന്നാൽ ക്രിസ്തുമതത്തിന്റെ മാത്രമല്ല ഇസ്ലാംമതത്തിന്റെയും ഉഗ്രവും ബലാൽക്കാരേണയും ആയ മതപരിവർത്തനശ്രമത്തിൽ ഈ വർഗം ക്ഷയിക്കാനിടയായി. ശേഷിച്ചവർ ഈ രണ്ടുകൂട്ടരുടെയും മർദ്ദനങ്ങൾ അനുഭവിച്ചിട്ടുള്ളതു നിരന്തരവും അതിഭയങ്കരവുമായിരുന്നു. അവരുടെ ആ വാസഭൂമിയും ജന്മദേശവുമായിരുന്ന പശ്ചിമ ഏഷ്യയും പൂർവ്വയൂറോപ്പും ഉത്തര ആഫ്രിക്കയും മുഴുവൻ മുസ്ലിങ്ങളുടെ ആധിപത്യ

---

മദ്യത്തിൻലഹരിയിൽമദിച്ചുകൂത്താടുമാ-
മത്തനാംസാരഥിയാലെത്തോടിക്കും മോട്ടോർ
യന്ത്രം,
കഷ്ടമപ്പൈതൽതന്റെ മാറിലെച്ചൂടു
ചോര-
ക്കൂട്ടിയ ചായംതേച്ചുപട്ടണപ്പാതവിട്ടു.
ക്രൂരിതൾമാററാനുള്ളകൈത്തിരിയണച്ചു
ല്ലോ
ക്രൂരതേ! ഭവാൻവീണ്ടും സാഹസംകാണിച്ചു
ല്ലോ!
തൊണ്ടനീരുണങ്ങിയപാവത്തിൻഭി
ക്ഷാപാത്രം
രണ്ടുപാഴ്ക്കാശിന്നയ്യോ! വാവിട്ടുകരയുന്നു!
വമ്പെഴുംപ്രഭുത്വമേ! നീയതിൽപാഴ്ക്കല്ലെ
റി-
ഞ്ഞമ്പാടുംമദിക്കുന്ന തെത്രനാൾ തുടന്നീ
ടാം?

— —

ത്തിലായതിൻെറ ശേഷം ജൂതന്മാർ സ്ഥലം വിട്ടും നശിച്ചും ഒഴിഞ്ഞും പാലസ്റ്റയിനിൽ മാത്രമായിത്തീൎന്നു. അവിടവും മുസ്ലി മാധിപത്യത്തിലായിരുന്നെങ്കിലും സ്വദേശം വിടാനുള്ള വൈമുഖ്യത്തിലും വൈഷമ്യത്തിലും വളരെപ്പേർ അവിടെ കൂടികൊണ്ടിരുന്നു എന്നേയൊള്ളു. അവർ മുസ്ലിം ഭരണാധികാരികളിൽനിന്നു് അനുഭവിച്ചിരുന്ന മർദ്ദനം ഭയങ്കരമായിരുന്നു. അതുകൊണ്ടു ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കായി സാധിക്കുന്നവരെല്ലാം നിരന്തരം പൊയ്ക്കൊണ്ടുമിരുന്നു. ഇങ്ങനെയിരിക്കുമ്പോഴാണു യേശുക്രിസ്തുവിൻെറ ജന്മദേശമായതിനാൽ കൃസ്ത്യാനികളുടെ പുണ്യഭൂമിയായ യെറുശലേം — പാലസ്റ്റയിൻെറ തലസ്ഥാനം — മുസ്ലി മാധിപത്യത്തിൽ നിന്നു മോചിപ്പിക്കുന്നതിനു യൂറോപ്പിലെ ക്രൈസ്തവരാജ്യങ്ങൾ മതാദ്ധ്യക്ഷന്മാരുടെ പ്രേരണയിൽ ക്രൂസേഡ് എന്ന പേരിൽ പ്രസിദ്ധമായ ഒരു ആക്രമണപരമ്പര ആരംഭിച്ചതു്. അതിനുശേഷം പാലസ്ററയിൻ തീരെ അരക്ഷിതമായതിനാൽ ജൂതന്മാർ മിക്കവരും നാടുവിടുവാൻ നിർബന്ധിതരായി. എന്നാൽ ക്രൂസേഡുകൾ പലതുനടത്തിയെങ്കിലും ഒട്ടുവളരെ കൃസ്ത്യാനികളും മുസ്ലീങ്ങളും ചത്തൊടുങ്ങുകയും ഒട്ടുവളരെ പ്രദേശങ്ങൾ യുദ്ധമാരണത്തിൽ നശിക്കയും ചെയ്തതല്ലാതെ പാലസ്ററയിൻ ഒരു ക്രൈസ്തവരാജ്യമാക്കുവാൻ സാധിച്ചില്ല. ക്രൈസ്തവതീർത്ഥാടനക്കാൎക്കു ചില സൗകര്യങ്ങളും രക്ഷയും ഉണ്ടാക്കുവാൻ സാധിച്ചു എന്നുവേണമെങ്കിൽ സമാധാനപ്പെടാം. പാലസ്ററയിൻ പരിപൂർണ്ണം മുസ്ലീമാധിപത്യത്തിൽ തന്നെയും ശേഷിച്ചു. കുറച്ചു കൃസ്ത്യാനികളും കുറച്ചു ജൂതന്മാരും അവിടെ ശേഷിച്ചിരുന്നു. വമ്പിച്ച മുസ്ലീം ഭൂരിപക്ഷത്തിൽ അവർ തീരെ അഗണ്യരുമായിരുന്നു. അങ്ങനെ ജൂതന്മാൎക്കു അവരുടെ സ്വദേശം പരിപൂർണ്ണം നഷ്ടപ്പെട്ടു.

നാടുവിട്ടു ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കു പോയ ജൂതന്മാർ എല്ലായിടത്തും കുറേശെയുണ്ടെങ്കിലും യൂറോപ്പിലും യൂറോപ്യന്മാരുടെ അധിനിവേശ രാജ്യങ്ങളിലുമാണ് അധികം സംക്രമിച്ചതു്. അവിടെയെല്ലാം ശപിക്കപ്പെട്ട വർഗക്കാരായി കൃസ്ത്യാനികളാൽ ഗണിക്കപ്പെട്ട അവർ കൃസ്ത്യാനികളിൽ നിന്നു് അനുഭവിച്ചിട്ടുള്ള മർദ്ദനത്തിനും ദുരിതത്തിനും കണക്കില്ല. ലോകത്തിൽ തുല്യസംസ്ക്കാരത്തോടുകൂടിയ ഒരു സമുദായവും ഇത്ര ദാരുണമായ മർദ്ദനം കൃസ്ത്യാനികളിൽ നിന്നു ജൂതന്മാർ എന്നതുപോലെ അനുഭവിച്ചതായി കാണുന്നതല്ല. ജൂതന്മാരുടെ പ്രകൃതവും പെരുമാററവും ആദർശവും ജീവിതവും ഏററവും നിന്ദാവഹമായി ചിത്രീകരിച്ചിട്ടുള്ള സാഹിത്യവും എല്ലാ ഐറോപ്യഭാഷകളിലും ധാരാളമാണ്.

ഇതൊക്കെയായാലും അവർ എവിടെയും പിടിച്ചുനിന്നു പ്രശംസാർഹമായ സഹനശക്തിയോടും വ്യവസായദൃഷ്ടിയോടും കൂടി പ്രവൎത്തിച്ചതിൻെറ ഫലമായി എല്ലാരാജ്യങ്ങളുടെയും മർമ്മസ്ഥാനങ്ങൾ ജൂതന്മാരുടെ കൈയ്യിലായി ത്തീൎന്നിട്ടുണ്ടു്. എവിടെയും ഏററവും ചെറിയ ന്യൂനപക്ഷക്കാരാണെങ്കിലും, ധനപരമായ എല്ലാ പ്രസ്ഥാനങ്ങളിലും മുൻ കൈയ് ഈ കൂട്ടർക്കാകുന്നു. ഏററവും വലിയബാങ്കുകാർ, വ്യവസായികൾ, വ്യാപാരികൾ, കമ്പനിക്കാർ, ഓഹരിക്കമ്പോളപ്രമുഖന്മാർ, ഭരണാധികാരികൾ എന്നീവിധമാണ് അവർ കയറിനില്ക്കുന്നതു്. ചെറുതരം പണവ്യാപാരം മുഴുവൻ പലെടത്തും ഇവരുടെ കൈവശമാകുന്നു. സാമ്പത്തികശക്തികളെ ആസകലം സംഘടിപ്പിച്ചു രാഷ്ട്രീയമായ ഏകാധിപത്യത്തിനു വിധേയമാക്കുവാനുള്ള ഹിററ്ലറുടെ ഫാസിസ്ററു പ്ലാനിനു വിരോധികളായിരുന്ന ജൂതന്മാരെ നിഗ്രഹിച്ചും നിഷ്ക്കാസനം ചെയ്തും ജർമ്മനിയിൽ നിർദ്ദയം ലോകമാസകലം വെറുക്കത്തക്ക

വിധം ആ വർഗ്ഗത്തിന്റെ വിച്ഛേദം വരുത്തിയശേഷമേ ഹിററ്‌ലറിനു മുമ്പോട്ടുപോകുവാൻ സാധിച്ചുള്ളു. അത്ര സുശക്തവും സുപ്രധാനവും ആയ സ്ഥാനമാണ് തങ്ങളെ വെറുക്കുകയും ഹിംസിക്കയും ചെയ്തുകൊണ്ടിരുന്ന ക്രൈസ്തവരാജ്യങ്ങളിൽ ജൂതന്മാർ സമ്പാദിച്ചിരിക്കുന്നതു്.

എങ്കിലും അവർക്ക് ഒരു സ്വരാജ്യമില്ല. എല്ലാ രാജ്യങ്ങളും അവിടങ്ങളിൽ നിവസിക്കുന്ന ജൂതന്മാർക്കു പൗരാവകാശം കൊടുത്തിട്ടുണ്ടെങ്കിലും അവർ ഒരിടത്തെയും സ്വദേശികളല്ല. അനാവശ്യമായും അനന്യശരണരായും ഓരോ കാലത്തു കുടിയേറിപ്പാർത്തു പൗരത്വം സമ്പാദിച്ചിട്ടുള്ള വിദേശികളുടെ സുഖകരമല്ലാത്ത സ്ഥാനത്താണു മിക്കെടത്തും അവർ നിൽക്കുന്നതു്. ഹിററ്‌ലരുടെ ജൂതവേട്ടയ്ക്കുമുമ്പ് ഏററവും കൂടുതൽ ജൂതന്മാർ നിവസിച്ചിരുന്നതു ജർമ്മനിയിലായിരുന്നു. ശാസ്ത്രജ്ഞാനവിഷയത്തിലും നവീനവ്യവസായപ്രബുദ്ധതയിലും ലോകോത്തരമായ സ്ഥാനവും ശക്തിയും ജർമ്മനിക്കു സിദ്ധിക്കാൻ കാരണവും അവിടത്തെ ജൂതന്മാർ മുഖാന്തരമായിരുന്നു. എങ്കിലും അവരുടെ എതിരു ദുസ്സഹമായപ്പോൾ പല ശതവർഷങ്ങളായി പല തലമുറകളായി ജർമ്മനിയെ ജന്മഭൂമിയായി ഗണിച്ച് അതിന്റെ ശക്തിക്കും ഉൽക്കർഷത്തിനും വേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന ജൂതന്മാരെ വിദേശികളും വിജാതീയരുമായി ഗണിച്ചു സമൂലം ഭസ്മീകരിക്കയാണു ഹിററ്‌ലർ ചെയ്തതു്. അറുപതുലക്ഷം ജൂതന്മാരെ ഹിററ്‌ലർ അന്നു നിഷ്കരുണം ഹിംസിച്ചിട്ടുണ്ട്. വളരെപ്പേർ സർവ്വസ്വത്തുമുപേക്ഷിച്ചു നാടുകടന്നു രക്ഷപ്പെട്ടിട്ടുമുണ്ട്. അങ്ങനെയാണു ഹിററ്‌ലർ ജർമ്മനിയെ ജൂതരഹിതമാക്കിയതു്. ആ ഹിററ്‌ലർ എവിടെ? ഫാസിസ്ററു ജർമ്മനിയെവിടെ?

ജൂതന്മാർക്കൊരു രാജ്യമുണ്ടായിരുന്നെങ്കിൽ, അവരുടെ സാകല്യശക്തിയെ പ്രകടിപ്പിക്കുന്നതിനുള്ള ഒരു രാഷ്ട്രീയസൗകര്യം അവർക്കുണ്ടായിരുന്നെങ്കിൽ, ഹിററ്‌ലറെന്നല്ല ആരും ഇത്ര ഭയങ്കരമെന്നല്ല ഒരു മർദ്ദനത്തിനും മുതിരുകയില്ലായിരുന്നു. ദക്ഷിണാഫ്രിക്കയിൽ രണ്ടുലക്ഷമേ ഇൻഡ്യക്കാരുള്ളു. അവർ അവിടത്തെ നാൽപതിലൊരു ഭാഗക്കാർ മാത്രമാണ് വെറും വേലക്കായി ഇൻഡ്യയിൽനിന്നു പോയിട്ടുള്ളവരാണധികവും, അവരെ ആരും മർദ്ദിച്ചില്ല, ഹിംസിച്ചില്ല. അവരുടെ അവിടത്തെ പൗരാവകാശത്തിനു ഭംഗം വരുത്തിയതിനാണ് അസ്വാതന്ത്ര്യഭാരതം വഴക്കടിക്കുന്നതു്. ഭാരതം സ്വതന്ത്രമായിരുന്നെങ്കിൽ ഇതിനു ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാർ ധൈര്യപ്പെടുകയില്ലായിരുന്നു. അടിമകളെ ആരാണു ഗണിക്കുന്നതു്. അവരെക്കാൾ കഷ്ടമാണു രാജ്യമേ ഇല്ലാത്തവരുടെ സ്ഥിതി. അതാണു ജൂതന്മാരുടെ സങ്കടം.

അവർ വളരെ സമർത്ഥന്മാരാണ്. തടിച്ചകോടീശ്വരന്മാർ, വമ്പിച്ച വാണിജ്യവ്യവസായികൾ, പ്രശസ്തരാജ്യതന്ത്രജ്ഞന്മാർ, വിദഗ്ദ്ധശാസ്ത്രജ്ഞന്മാർ, പ്രാമാണികധനതത്വജ്ഞന്മാർ, എന്നല്ല ലോകം ഭരിക്കുന്ന എല്ലാശക്തികളും അവരുടെയിടയ്ക്കു സമൃദ്ധിയായുണ്ട്. ഇത്ര സമൃദ്ധിയായി അവരുടെയിടയ്ക്കുള്ളതുപോലെ മറെറാരു ജനതയ്ക്കിടയിലും ഇല്ലതാനും. എന്നാൽ ലോകത്തിൽ ജൂതന്മാർമാത്രമേ ഒരു സ്വരാജ്യം ഇല്ലാത്തവരായുള്ളു. അവർക്കുമാത്രമാണ് ഒരു സംഘടിതമായ ദേശീയശക്തിയുടെ പിന്തുണയില്ലാതിരിക്കുന്നതു്. അതിന്റെ പരിഹാരത്തിനുള്ള ശ്രമമാണു പാലസ്റ്റയിൻ പ്രശ്നം.

### പാലസ്റ്റയിൻ

ജൂതന്മാരുടെ രാജ്യമായിരുന്നു പാലസ്റ്റയിൻ. അതിന്റെ തലസ്ഥാനമായ യെറുശലേം പല ശതവർഷം വളരെ പ്രാബല്യത്തിൽ പരിലസിച്ചുമിരുന്നു. ഇന്നും പാലസ്റ്റയിനാണു ജൂതന്മാരാസകലം സ്വരാജ്യമായി ഗണിക്കുന്നതു്. എന്നാൽ ഇന്നവർക്ക് അവിടെ സ്ഥാനമില്ല. അതു മുസ്ലിം രാജ്യമായിപ്പോയി. അതു മുസ്ലിമാധിപ

ത്യത്തിൽനിന്നു വിടുർത്തിയെടുക്കുവാൻ യൂറോപ്പിലെ ക്രൈസ്തവശക്തികൾ വളരെ ശ്രമം ചെയ്യെങ്കിലും അതിൻെറ ഫലം അതുകൂടുതൽ കൂടുതൽ മുസ്ലിമായിത്തീരുകയായിരുന്നു.

എന്നാൽ ഒന്നാം ലോകമഹായുദ്ധത്തിൽ തുക്കി ജർമ്മൻ കക്ഷിയായി ഐക്യശക്തികളോടെതിരിട്ടു. അതിൻെറ ഫലമായി തുക്കി സാമ്രാജ്യം തകന്നു. മെസപ്പൊട്ടാമിയതുക്കിയിൽനിന്നു വിടുർത്തിബ്രിട്ടൻെറ മേൽനോട്ടത്തിലുള്ള ഒരു പ്രത്യേക രാജ്യമാക്കി. തുക്കിയിൽതന്നെ സുൽത്താനെ സ്ഥാനാഭ്രഷ്ടനാക്കി കെമാൽപാഷായുടെ നേതൃത്വത്തിൽ ഒരു ജനകീയ ഭരണവ്യവസ്ഥയുണ്ടാക്കി. സിറിയായും ലെബനണും ഫ്രാൻസിൻെറ അധീശതയിലാക്കി. മററു മൂന്നാലുരാജ്യങ്ങൾകൂടി തുക്കിയിൽനിന്നുവേർതിരിച്ചകൂട്ടത്തിൽ പാലസ്റ്റയിൻെറ അധീശത്വം ബ്രിട്ടനും എടുത്തു. അതിനാൽ 1918 മുതൽ പാലസ്റ്റയിൻ ഒരു ബ്രിട്ടീഷ് സംരക്ഷിതരാജ്യമാണ്. യേശുക്രിസ്തുവിൻെറ ജന്മഭൂമിയായ പാലസ്റ്റയിനിൽ ഒരു ക്രൈസ്തവശക്തിക്ക് അധീശാധികാരം സിദ്ധിക്കുന്നതു് ആദ്യമായി 1918 മുതൽക്കായിരുന്നു.

എന്നാൽ അതു പരിപൂർണ്ണം മുസ്ലിംരാജ്യമായിരുന്നു. ക്രിസ്തുവിൻെറ ജന്മഭൂമിയെന്നും ജൂതന്മാരുടെ സ്വരാജ്യമെന്നുമുള്ള പ്രശസ്തിയും പ്രാധാന്യവുമല്ലാതെ പറയത്തക്കവൈശിഷ്ട്യമൊന്നും ആ പ്രദേശത്തിനില്ല. 9000 ചതുരശ്രമൈലേ അതിനു വിസ്താരമൊള്ളൂ. കഷ്ടിച്ചുതിരുവിതാംകൂറും കൊച്ചിയും കൂടിയാലുള്ള വിസ്താരംമാത്രം. 1921-ൽ ഏഴരലക്ഷമായിരുന്നു അവിടുത്തെ ജനസംഖ്യ. തിരുവിതാംകൂറുംകൊച്ചിയും ഇന്നു് അതിൻെറ പത്തിരട്ടി ജനങ്ങളെ വഹിക്കുന്നുണ്ടു്. ആ ഏഴരലക്ഷത്തിൽ 70000 ക്രിസ്ത്യാനികളും 80000 മാത്രം ജൂതന്മാരും ബാക്കിമുഴുവൻ അതായതു 77 ശതമാനവും മുസ്ലിങ്ങളുമായിരുന്നു. ഇതായിരുന്നു ബ്രിട്ടീഷാധിപത്യാരംഭത്തിൽ ജൂതന്മാക്കു അവരുടെ ജന്മഭൂമിയിലും ക്രിസ്ത്യാനികൾക്കു് അവരുടെ പുണ്യഭൂമിയിലുമുള്ള നില.

ഇപ്പോൾ മട്ടുമാറിയിട്ടുണ്ടു്. ജൂതന്മാരുടെ ഒരുദേശീയകേന്ദ്രമായി പാലസ്റ്റയിനിനെ പരിവത്തനം ചെയ്യുന്നതിനുള്ള സംഘടിതശ്രമംകഴിഞ്ഞകാൽശതാബ്ദമായി നടന്നുകൊണ്ടാണിരിക്കുന്നതു്. അപ്രകാരം ഇപ്പോൾ അറുലക്ഷത്തോളം ജൂതന്മാർ അവിടെ വാസമുറപ്പിച്ചു കഴിഞ്ഞു. ക്രിസ്ത്യാനികളും കുറെപെരുകിയിട്ടുണ്ടു്. ഇപ്പോൾ മുസ്ലിങ്ങളും മററുള്ളവരും ഏറെക്കുറെ തുല്യരായിത്തീന്നിരിക്കയാണു്. ഇനിയും ജൂതന്മാരെകുടിയേറിപ്പാക്കാനനുവദിച്ചാൽ അതു മുസ്ലിംരാജ്യമല്ലാതാകും. അതിനാൽ മുസ്ലിങ്ങൾ ശക്തിയായിഈ നയത്തെ പ്രതിഷേധിച്ചു. ബ്രിട്ടീഷുകാർ കുഴങ്ങി. ജൂതന്മാർക്കു്ഈ സൗകര്യമുണ്ടാക്കിക്കൊടുക്കാമെന്നു ബ്രിട്ടീഷുകാർ നേരത്തെ വാഗ്ദാനംചെയ്തിരുന്നതാണു്. എന്നാൽ മുസ്ലീങ്ങളുടെ പ്രതിഷേധംമൂലം ബ്രിട്ടീഷുകാർ അവരുടെവാഗ്ദാനം നിറവേററുവാൻ വിഷമിച്ചു. അപ്പോൾ അമേരിക്കയുടെയും നിർബന്ധം തുടങ്ങി. അതിനുകാരണം അവരുടെ സ്വന്തം വിഷമമാണു്.

ഇന്നുലോകത്തിൽ ആകെ 110ലക്ഷംജൂതന്മാരുണ്ടു്. അവരിൽ പകുതിയായ 55ലക്ഷവും അമേരിക്കയിലാകുന്നു. ജൂതന്മാർകുടിയേറുന്നിടത്തെല്ലാം സാമ്പത്തിക രംഗത്തു പ്രമുഖന്മാരാവുകയെന്നതു് അവരുടെ സ്വാഭാവികമായ ഒരുപരിവത്തന ഗതിയാകുന്നു. അപ്രകാരം അമേരിക്കയുടെയും ധനപരമണ്ഡലം ജൂതപ്രാഭവത്തിനു വിധേയമായിത്തുടങ്ങിയിട്ടുണ്ടു്. ഇതു് അമേരിക്കക്കു് അത്രസുഖമല്ല. അതിനാൽ ജൂതന്മാരെ കഴിയുന്നതും അവിടെനിന്നു് ഒഴിക്കണമെന്നാണു് അവരുടെ ആഗ്രഹം. അതിലേക്കു തുറന്നുകണ്ടവഴിപാലസ്റ്റയിൻ അധിനിവേശത്തിനു ജൂതന്മാക്കുള്ള അഭിനിവേശത്തെ പ്രോത്സാഹിപ്പിക്കയും അതിനെ സ്വ

# കാട്ടുപൂവിൻെറ കരച്ചിൽ

(സാഹിത്യവിശാരദൻ കെ. സി. ഗോപാലപ്പണിക്കർ)

(നതോന്നത)

അരുമാരുമണയാതൊരീവിജനഭൂവിലെനി
ക്കാരുനൽകീനിരർത്ഥമീക്ഷണികജന്മം.
അംഗസൗഭഗം തുളുമ്പുമെത്രയെത്രമലരുകൾ
മംഗളം വളർത്തിയില്ലീക്കാനനാന്തത്തിൽ
മണ്ണടിഞ്ഞു കിടപ്പീലിങ്ങെത്രകൊടിമധുമത്ത-
മഞ്ജുളദളം കൊഴിഞ്ഞു മറവിയിങ്കൽ
ശൂന്യതമനസ്സിങ്കലാത്മ സൗരഭം പരിത്യജിച്ചു
മാന്യജന്മമന്തിതൻ കരത്തിലർപ്പിച്ചു;
വാടിവീണ വിസ്മൃതിയിൽശയിക്കുന്നു മത്സഹജർ
ചൂടെഴുമെൻ കഴൽപ്പാടിൽമൺതരികളായ്.
ഉൽപ്പുളകമണിയിക്കും പൊന്നുഷസ്സിൽപ്പുലരുന്ന
സുപ്രസന്ന സുമങ്ങളെ നൃത്തമാടിച്ചു
മലയമാരുതനന്നുമിന്നുമേതോരഹസ്യത്തെ
ചലദല മർമ്മരത്താൽമന്ത്രണംചെയ്വൂ!!
ആഗമിച്ചീലെത്രപുലർകാല, മതുപോലെ സാന്ധ്യ-

---

ഹായിക്കയും ആകുന്നു. അപ്രകാരം അമേരിക്ക പാലസ്റ്റയിനിൻെറ ജൂതാധിനിവേശത്തിനു വലിയ ഉത്സാഹിയെന്നല്ല ബ്രിട്ടീഷുകാരെ പ്രേരിപ്പിക്കുന്ന പ്രബലകക്ഷിയും ആയിത്തീർന്നിട്ടുണ്ട്.

എന്നാൽ മുസ്ലീംലോകം മുഴുവൻ ഇതിനു വിപരീതമാകുന്നു. റഷ്യ മുസ്ലീം മണ്ഡലങ്ങളിൽ തലയിട്ടു സ്വന്തസ്വാധീനം ഉറപ്പിക്കുന്നതിനും ബ്രിട്ടൻെറസ്വാധീനം അസ്തമിപ്പിക്കുന്നതിനും പണിപ്പെടുകയാണ്. അതുകൊണ്ടു് ഇംഗ്ലീഷുകാർക്കു് അന്യായമായ ജൂതപ്രോത്സാഹനത്തിനു ധൈര്യം വരുന്നില്ല.

ഇന്നു നിലവിലിരിക്കുന്ന സർവ്വലോക പരിതസ്ഥിതിയിൽ മുസ്ലീങ്ങളുടെ രാജ്യമായ പാലസ്റ്റയിനിൽ ജൂതന്മാരെ കൂടുതൽ പ്രവേശിപ്പിക്കുവാൻ ശ്രമിക്കുന്നതു ശരിയല്ല. വിസ്തൃതമായ ഭൂവിഭാഗവും ചുരുങ്ങിയ ജനസംഖ്യയുമുള്ള അമേരിക്കാ, ക്യാനഡാ, അസ്ത്രേലിയ, ദക്ഷിണാഫ്രിക്കാ തുടങ്ങിയ രാജ്യങ്ങളെല്ലാം കൂടുതൽ ആളുകൾ തങ്ങളുടെ രാജ്യത്തു പ്രവേശിക്കയും സ്ഥിരതാമസത്തിനൊരുങ്ങുകയും ചെയ്യുന്നതിനെ അനുകൂലിക്കാത്തവരാണ്. ഈസ്ഥിതിക്കു് ഈ ചെറിയ പാലസ്റ്റയിൻമാത്രം അന്യവർഗ്ഗക്കാരുടെ അമിതപ്രവേശനത്തെ ആശീർവ്വദിക്കണമെന്നുള്ളതു് അസാദ്ധ്യമാണ്. മുസ്ലീങ്ങളുടെ രാജ്യത്തെ സംബന്ധിച്ച് അവർക്കു വിപരീതം ചെയ്യണമെന്നല്ല, തങ്ങളുടെ രാജ്യത്തു തങ്ങൾക്കു അധിനിവേശസ്വാതന്ത്ര്യം തരണമെന്നാണു ജൂതന്മാരുടെ നിർബന്ധം, അവർ ബലാൽക്കാരമായ പ്രവേശനത്തിനും ബലാല്ക്കാരമായ സ്വാധീന സമ്പാദനത്തിനും ആരംഭിച്ചുകഴിഞ്ഞു. ജൂതലോകം മുഴുവൻ അവരെ പ്രോത്സാഹിപ്പിക്കുന്നു, ബ്രിട്ടനെ നിർബന്ധിക്കുന്നു, അമേരിക്കയെ പ്രേരിപ്പിക്കുന്നു. അമേരിക്ക ബ്രിട്ടനെ നിർബന്ധിക്കുന്നു. മുസ്ലീംലോകം പ്രതിഷേധിക്കുന്നു. ബ്രിട്ടൻ വിഷമിക്കുന്നു. പാലസ്റ്റയിൻ ഭീകരപ്രവർത്തനങ്ങൾക്കു രംഗമായിത്തീർന്നിരിക്കുന്നു. ഇതാണു പാലസ്റ്റയിൻപ്രശ്നം. (N. K.)

രാഗമെത്രപൂർണ്ണന്നീലാ വാരിവാഹങ്ങൾ.
ഇന്നലെ നാംകണ്ടസ്വപ്നനാടകമാടുന്നുവീണ്ടു-
മിന്നലെയാണിന്നു മതിനില്ലൊരന്തരം.
അപ്രഗത്ഭ മനുഗമിയ്ക്കുന്നതേവരു! നാംകാല—
വിഭ്രമങ്ങളെ വിയത്തു് വിവശരായി.
അണയാറായ്പ്പകലിൻെറപാവന വിൺവെളിച്ചം, മാ—
ത്തുയരുന്നു തമോഭരധൂമികചുറ്റും.
ഇന്നെനിക്കു നവജന്മമരുളിയപുലർകാല,-
മെന്നിനി സ്മരിക്കുമെന്നെ മാഞ്ഞുപോകിൽഞാൻ·
മാരിവില്ലുപോലെമാഞ്ഞു മാഞ്ഞുപോകുമെൻെറ-യോരോ
മാദകസ്മരണ കളെയാരു സൂക്ഷിയ്ക്കും?
അങ്ങതാപശ്ചിമാംബരംചെന്നിണമണിഞ്ഞു-മമ
സ്പന്ദനങ്ങളൊരുവേളനിന്നുപോയേക്കാം.
ആരുമാരുമണയാത്തൊരീവിജനഭൂവിലെനി—
ഷ്ഠുരനൽ കീനിരത്ഥമീക്ഷണികജന്മം.
അല്പകാല മാത്രമെങ്കിലു മെനിയ്ക്കുമേകിയല്ലോ
ചിത്സ്വരൂപവ കമലിഞ്ഞാത്മചൈതന്യം
മധുവൂറിമണം പാറിനിമെന്നെല്ലുനോക്കിയെത്ര
മധുരസ്വപ്നങ്ങൾ കണ്ടുമദഭംഗങ്ങൾ,
നിർമ്മലരാമവരുടെ ദീനതയിലുയർന്നതാം
നർമ്മഗീതികൾ ശ്രവിച്ചുമനംകുളിർത്തു.
കാലമേകിയില്ലാദൈവം കാമശാന്തിവരുത്തുവാൻ
കാര്യമങ്ങിനെ കഴിഞ്ഞുകഥകൾമാഞ്ഞു!!
ഹൃദയങ്ങൾതമ്മിലൈക്യമരുളുന്നസൗന്ദര്യത്തിൻ
വിലയെണ്ണിനോക്കുകില്ലീ നിർദ്ദയലോകം.
ആരറിവൂ! വനമല്ല്യവല്ലരികൾവളർത്തുന്ന
മാധുരിനിറഞ്ഞസുമസൂക്ഷ്മജീവിതം
അല്ലയെങ്കിലെന്തിനു പുലമ്പിടുന്നു, പ്രപഞ്ചത്തി—
ലില്ലൊരുനിയമവുമീനീതികൾക്കൊന്നും
കാലമായീതളരുന്നെന്നംഗമെല്ലാം, മറന്നേയ്ക്കാം
കാലഗതിമൂലമെൻെറ മൂകജീവിതം.
ആരുമാരുമണയാത്തൊരീവിജന ഭൂവിലെനി,
ഷ്ഠുരനൾ കീനിരത്ഥമീക്ഷണികജന്മം.

——


# കരയോഗങ്ങൾക്ക്.

## റിക്കാർഡുകൾതയ്യാറാക്കിയിരിക്കുന്നു

| | രൂ. | ണ |
|---|---|---|
| നാൾവഴി 200 പേജ് (മേനികടലാസ്) | 3 | 0 |
| വിവാഹരജിസ്റ്റർ 100 പേജ് (മേനികടലാസ്) | 2 | 0 |
| മാസവരിരജിസ്റ്റർ 50 പേജ് | 1 | 0 |
| പ്രവേശനരജിസ്റ്റർ 100 പേജ് | 1 | 8 |
| രസീതു് 100 എണ്ണം | 0 | 6 |
| മിന്നിട്ടുബുക്ക് 200 പേജ് | 2 | 0 |
| മാസാന്ത്യഫാറം ഡസൻ | 0 | 4 |

മാനേജർ, എൻ. എസ്. എസ്. പ്രസ്സ്, ചങ്ങനാശേരി

# ദൈവം ഒരാളോ ശക്തിയോ?

(മഹാത്മാഗാന്ധി)

ഒരു സ്നേഹിതൻ ബറോഡായിൽനിന്നു് ഇപ്രകാരം എഴുതുന്നു.

"ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാർക്ക വെളിച്ചം കൊടുക്കുന്നതിനും അവിടത്തെ ഇൻഡ്യാക്കാർക്ക അവസാനംവരെ സ്ഥിരമായി നില്ക്കുന്നതിനുള്ള ശക്തിയും ധൈര്യ്യവും കൊടുക്കുന്നതിനും ദൈവത്തോടു പ്രാർത്ഥിക്കുവാൻ അങ്ങു ഞങ്ങളോടാവശ്യപ്പെട്ടു. ഈ മാതിരിയുള്ള ഒരു പ്രാർത്ഥന ഒരു ആളിനോടുമാത്രമേ ചെയ്യുവാൻ നിവൃത്തിയൊള്ളൂ. ദൈവം സർവ്വവ്യാപിയും സർവ്വശക്തനുമായ ഒരു ശക്തിയാണെങ്കിൽ അദ്ദേഹത്തോടു പ്രാർത്ഥിക്കുന്നതിന്റെ അർത്ഥമെന്തു്? എന്തെല്ലാം സംഭവിച്ചാലും അദ്ദേഹം സ്വന്തജോലി മുറയ്ക്കു നടത്തുന്നു."

ഞാൻ ഈ വിഷയത്തെപ്പററി മുമ്പെഴുതിയിട്ടുണ്ടു്. എന്നാൽ ഈ പ്രശ്നം വീണ്ടും വീണ്ടും പുറപ്പെടുന്നതിനാൽ അതിന്റെ കൂടുതലായുള്ള ഒരു വിശദീകരണം ആർക്കെങ്കിലും പ്രയോജനകരമായിരിക്കുന്നതാണു്. എല്ലാശക്തികളിൽവെച്ചു് ഏററവും മഹത്തായ ആ അജയ്യശക്തിയെ നാമകരണം ചെയ്യുന്നതിനുള്ള മനുഷ്യന്റെ ശ്രമങ്ങളാണു് എന്റെ അഭിപ്രായത്തിൽ രാമൻ, കൃഷ്ണൻ ദൈവം മുതലായവയെല്ലാം. പരിപൂർണ്ണതയ്ക്കുവേണ്ടി നിരന്തരം പരിശ്രമിക്കുക എന്നുള്ളതു് എത്ര അപൂർണ്ണനായാലും മനുഷ്യനു ജന്മസിദ്ധമായുള്ള വാസനയാണു്. ആ ശ്രമത്തിൽ അയാൾ ധ്യാനത്തിൽ മുഴുകുന്നു. ഒരു ശിശു നില്ക്കാൻ ശ്രമിക്കയും പിന്നെയും പിന്നെയും വീഴുകയും അവസാനം നടക്കേണ്ടതെങ്ങനെയെന്നു പഠിക്കയും ചെയ്യുന്നതുപോലെ മനുഷ്യൻ എത്രബുദ്ധിമാനായിരുന്നാലും അനന്തവും അമേയവുമായ ദൈവത്തോടു താരതമ്യപ്പെടുത്തിയാൽ ഒരു വെറും ശിശുമാത്രമാകുന്നു. 'ഇതൊരു അതിശയോക്തിയെന്നു തോന്നും. എന്നാലതല്ല. മനുഷ്യനു തന്റെ വാക്ദാരിദ്ര്യത്തിൽ ദൈവത്തെ വിശദീകരിക്കാൻ സാധിക്കയില്ല. നാം ദൈവമെന്നു വിളിക്കുന്ന ശക്തി വർണ്ണനാതീതമാണു്. ആ ശക്തി അതിന്റെ വർണ്ണനയ്ക്കു് യാതൊരു മനുഷ്യശ്രമവും ആവശ്യപ്പെടുന്നുമില്ല. മനുഷ്യനാണു സമുദ്രത്തെക്കാൾ വിശാലമായ ആ ശക്തിയെ വർണ്ണിക്കുന്നതിനുള്ള വഴികൾ ആവശ്യമുള്ളതു്. ഈ പക്ഷം സ്വീകരിക്കപ്പെടുന്നെങ്കിൽ, നാം പ്രാർത്ഥിക്കുന്നതെന്തിനെന്നു ചോദിക്കേണ്ട ആവശ്യമില്ല. തന്റെ സ്വന്തമനസ്സിന്റെ പരിമിതിക്കകത്തോ മനുഷ്യനു ദൈവത്തെ സങ്കല്പിക്കാൻ സാധിക്കയൊള്ളൂ. ദൈവം സാഗരത്തെപ്പോലെ വിശാലവും അനന്തവുമാണെങ്കിൽ മനുഷ്യനെപ്പോലുള്ള ഒരു ചെറുതുള്ളിക്കു് അദ്ദേഹം എങ്ങനെയിരിക്കുമെന്നു് എങ്ങനെയാണാലോചിക്കാൻ സാധിക്കുന്നതു്. സമുദ്രം എന്തുപോലെയിരിക്കുമെന്നു് അതിൽ വീണു മുങ്ങിയെങ്കിൽ മാത്രമേ അയാൾക്കനുഭവപ്പെടുകയൊള്ളൂ. ഈ സാധനം അഥവാ പ്രത്യക്ഷീകരണം വർണ്ണനാതീതമാണു്. മാഡം ബ്ലാവത്സ്കിയുടെ ഭാഷയിൽ മനുഷ്യൻ പ്രാർത്ഥിക്കുന്നതിൽ തന്റെതന്നെ മഹിതരൂപത്തെ ആരാധിക്കയാകുന്നു. ദൈവം തന്നിലുണ്ടെന്നു വിശ്വാസമുള്ളയാൾക്കു ശരിയായി പ്രാർത്ഥിക്കാൻ കഴിയും. അതില്ലാത്തയാൾ പ്രാർത്ഥിക്കേണ്ട. അതുകൊണ്ടു ദൈവം പരിഭവിക്കുന്നതല്ല. എന്നാൽ പ്രാർത്ഥിക്കാത്ത ആൾക്കാണു നിശ്ചയമായും നഷ്ടമെന്നു് അനുഭവത്തിൽ നിന്നു് എനിക്കുപറയുവാൻ കഴിയും. അതിനാൽ ഒരു മനുഷ്യൻ ദൈവത്തെ ആളായിട്ടോ മററാ

താൾ ശക്തി ആയിട്ടാണെങ്ങനെ ആരാധിച്ചാൽ എന്താണ്. രണ്ടുപേരും അവരുടെ അറിവനുസരിച്ചു ശരിയാണു ചെയ്യുന്നതു്. പ്രാർത്ഥിക്കാനുള്ള ഏറ്റവും ശരിയായ മാർഗ്ഗമേതെന്നു് ആർക്കുമറിഞ്ഞുകൂടാ, ഒരുപക്ഷെ ഒരിക്കലും ആരുമറിയുകയില്ല. ആദർശം എന്നും ആദർശമായി ശേഷിക്കണം. എല്ലാശക്തികൾക്കിടയിൽ ദൈവമാണു് യഥാർത്ഥശക്തിയെന്നു് എല്ലാവരും ഓർക്കണം. മറ്റെല്ലാശക്തികളും ഭൗതികമാണു്. എന്നാൽ ദൈവം സർവ്വവ്യാപകവും സമസ്തഗ്രാഹിയും അതിനാൽ അജ്ഞാതവും ആയജീവചരശക്തിയാകുന്നു.

— —

# കണ്ണീരിലെ കല

(തുക്കോടിത്താനം ഗോപിനാഥൻനായർ)

ആയിരംചിത്രങ്ങളല്ലോക്കലാരസികന്റെ
തൂലികാഗ്രത്തിൽനിന്നും പൊന്തിവീണതീ മന്നിൽ!
വാരൊളിവിരിച്ചില്ല, ചിത്രമെന്നാലാച്ചിത്രം
സ്ഫാരകൗതുകത്തിന്റെസീമയിൽക്കടന്നെത്തി!
കാണികളുടെയെല്ലാംകൺകളിൽകർപ്പൂരച്ചാ-
റേകുവാനാശിച്ചില്ലാതൂലികയൊരുനാളും;
ഹേമനാണ്യങ്ങൾചൊരിഞ്ഞാരുമാരാധിച്ചില്ലാ
കോമളകലയുടെതാരിളംശിശുക്കളെ;
ഉത്തുംഗവക്ഷോജങ്ങൾതുള്ളിടും മനോഹര-
നർത്തനംനടത്തുന്ന ചെമ്പകാംഗിയെയൊന്നും
ചിത്രണംചെയ്തില്ലവ, കലയെക്കാശിന്നായി
വില്പനനടത്തുവാനദ്ദേഹംശ്രമിച്ചില്ല!
അഭിനന്ദനത്തിന്റെവെണ്ണിലാവൊളിയാരു-
മഭിഷേചനംചെയ്തില്ലാക്കലാസ്വരൂപിയിൽ
എന്നാലുമശ്രാന്തമാതൂലികപാഞ്ഞു, ചിത്ര-
നിർമ്മാണംനിർഗ്ഗളനിർഝരിയായിത്തീർന്നു?
യാതൊരുവികാരവുംചിന്തയുംകടന്നില്ലാ
പ്പൂതമാനസശാന്തസിന്ധുവിലൊരിക്കലും;
കാന്തയുണ്ടൊരുസാധ്വി, വീട്ടി, ലായവൾക്കൊരു
"ഭ്രാന്തനാണദ്ദേഹം" ഹാ! കലാലോപ്തനരചിത്രം
പ്രിയയോടൊരുവാക്കോതുവാൻപോലുംകലാ-
പ്രിയനാമയാൾക്കൊട്ടുംകിട്ടുകില്ലേനേരം..?

....  ....  ....  ....  ....  ....

"എന്തൊരുഭ്രാന്താണിതിന്നനുഷ്ഠിക്കുവതെന്തു്?"
സന്തതമവളോതും! വനരോദനംപോലെ!
"ഒരൊറ്റചിത്രംപോലുംവിറ്റഴിഞ്ഞില്ലിന്നോളം"
കരത്തെമാറിത് ചേർത്താക്കാമുകികഥിച്ചീടും;
ശരിയാണാരുംസ്നേഹപൂർണ്ണമായിന്നോള-
മൊരുനോക്കർപ്പിച്ചില്ലാവന്യപുഷ്പത്തിലെങ്ങും!
നിർവികാരനായെന്നാൽ തൂലികത്തുമ്പിൽനിന്നും
നിർവൃതിനേടീപാരമാക്കലാഭക്തൻ നിത്യം.

....  ....  ....  ....

കാലമങ്ങനെപോയീ! തീവ്രയാതനയെല്ലാം.
കാളസർപ്പമായിന്നാവീടതാവിഴുങ്ങുന്നു!
തൂലികമാത്രംകരതാരിലേന്തിയ, മർത്ത്യ—
കോലമൊന്നിരുന്നിന്നും ചിത്രങ്ങൾവരയ്ക്കുന്നു!

ചെറുകഥ

# ജീവിതാഭിനയം

(സാഹിത്യ വിശാരദ്
മതിൽഭാഗം ചന്ദ്രശേഖരൻ പിള്ള
ആർ. ബീ. വി.)

"മിസ്റ്റർ രഘു! നിങ്ങൾ അഭിനേതാവാകണം. ഈ ക്ലാർക്കുജോലികൊണ്ട് എന്തുപ്രയോജനം. തൃപ്തിയിവിടെയുണ്ട്. സുമുഖനും യുവാവുമായ നിങ്ങൾ ഒരു നല്ലനടനായിത്തീരും. അടുത്തചിത്രത്തിൽ തന്നെ നിങ്ങൾ പങ്കെടുക്കണം" രഘുവിന്റെ ആകാരസുഷമയിൽ ആകൃഷ്ടനായ ഡയറക്ടർ പറഞ്ഞു.

"സർ" എനിക്കിതിലൊന്നും വലിയ ഇഷ്ടമില്ല. കൃത്രിമജീവിതത്തിലും ആഡംബരത്തിലും എനിക്കുവെറുപ്പാണ്. മാത്രമല്ല അഭിനേതാവിനുള്ള യോഗ്യത എനിക്കില്ലതാനും. അത് ഒരു വലിയ കലാക്ഷേത്രമാണ്. വലിയവലിയകാര്യങ്ങൾ! ഞാൻ ഈ ജോലികൊണ്ട് തൃപ്തിപ്പെട്ടുകൊള്ളാം." രഘു മറുപടിപറഞ്ഞു.

"സാദ്ധ്യമല്ല മി രഘു" ഡയറക്ടർ തുടർന്നു "തയ്യാറാവൂ. ഇതിനൊക്കെ ധൈര്യം വേണം. ജീവിതം തന്നെ ഒരഭിനയമാണ്. നിങ്ങൾക്കതിൽനിന്നും ഒഴിഞ്ഞിരിക്കാൻ സാദ്ധ്യമല്ല. ഓരോദിവസവും നിങ്ങൾക്ക് സഫലതയുണ്ടാവും. നിങ്ങളുടെ ഭാവി ശോഭനമാണ്. ഈ ജീവിതത്തെ സൂക്ഷിച്ചുനോക്കൂ."

രഘു ഒന്നും തന്നെ ശബ്ദിച്ചില്ല. അല്പനേരത്തിനുശേഷം അയാൾ ചോദിച്ചു. "എന്ത്, ഞാനൊരഭിനേതാവാകണമെന്നോ?"

"അതേ, അതേ, സംശയമില്ല. ആദ്യമാദ്യം വലിയസങ്കോചവും മറ്റും തോന്നും. ക്രമേണ അതെല്ലാം നന്നാവും. നിങ്ങൾ ബി എ ക്കാരനല്ലേ. നല്ലപഠിപ്പുമുണ്ട്. ഈ ഉദ്യമത്തിൽ നിങ്ങൾക്ക് വിജയമുണ്ടാകും. ലോകം നിങ്ങളെ പുകഴ്ത്തും" ഡയറക്ടർ അയാളെ ഉത്സാഹിപ്പിച്ചു.

"അങ്ങയുടെ ദയ" രഘു മറുപടിപറഞ്ഞു.

ഡയറക്ടർ പുഞ്ചിരിതൂകി. "ശരി, നാളെ മുതൽ നിങ്ങൾ ആഫീസിൽ വരണ്ടാ. സ്റ്റുഡിയോയിൽ വന്നാൽ മതി."

"ഉവ്വ്, അങ്ങനെതന്നെ ചെയ്യാം" രഘു പറഞ്ഞു.

പിറ്റേദിവസം മുതൽ രഘു സ്റ്റുഡിയോയിൽ പോകാൻ തുടങ്ങി. ഒരു പുതിയ ചിത്രം ആരംഭിക്കാൻ തുടങ്ങിയപ്പോൾ ഡയറക്ടർ രഘുവിനെവിളിച്ചുപറഞ്ഞു: "ഞാൻ പറഞ്ഞത് ഏകദേശം അനുഭവംകൊണ്ടറിഞ്ഞു. സ്റ്റുഡിയോയിലെ രഹസ്യവും ഏതാണ്ടു മനസ്സിലായി. നാളെമുതൽ പുതിയ ചിത്രം ആരംഭിക്കും. അതിലെ മുഖ്യന

---

ജീവിതമഹാർണ്ണവമലറിക്കുതിച്ചിട്ടും
പാവമാക്കലാകാരനില്ലെന്നോതെല്ലും
മാററം.
വിശപ്പാമാമലയാഴിപ്രോജ്ജ്വലൽക്കരം നീട്ടി
നിശ്ചലമവനെ ഘോരശോകഗഹ്വരം കാട്ടി!
"ആറുനാളായീകുഞ്ഞിവെള്ളത്തിൻ രുചി
നാക്കൊ—
ന്നാസ്വദിച്ചിട്ടിന്നയ്യോ......." കാമുകി
കരയുന്നു.....
"ചിത്രശാലയിൽനാമന്നേൽപ്പിച്ച ചിത്ര
ത്തിന്റെശ
ഉചരമായൊരാവിലയെങ്കിലുംവാങ്ങൂ ......
നാഥാ.."
ദുഃഖദീപ്തമീഗൽഗദങ്ങളും പൊഴിച്ചവൾ—
തപ്തബാഷ്പവും ചിന്തിശയ്യയിൽപ്പതിക്കവേ
ഓതിയാവന്ധ്യൻ, "നിൽക്കൂ! നിൽക്കടീ!
ഞാനാക്കണ്ണീർ
വാർക്കുന്നമുഖമൊന്നു ചിത്രണംചെയ്തീ
ടട്ടെ!"
.... .... ....
.... ....
ക്രൂരയാതനകളാലൊഴുക്കും ചുടുകണ്ണീർ—
ധാരയിൽപ്പോലും കലാമാധുര്യസാരം
കാൺമൂ.....!
........

യികരാധയാണ്. നായകൻ നിങ്ങളും നിങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ തരാൻ ഞാനുണ്ട്. ഈ മാസംമുതൽനിങ്ങൾക്ക് ശമ്പളവും കൂട്ടിത്തരാം. എന്താ മനസ്സിലായില്ലേ?"

"ഉവ്വ്" ആശ്ചര്യത്തോടെഡയറക്ടറെനോക്കിക്കൊണ്ട് രഘുപറഞ്ഞു:- "എന്ത്‌രാധാബായിയുടെ കൂടെയോ?...."

"അതേ,രാധയുടെകൂടെ. അവളും നിങ്ങൾക്ക വേണ്ടനിർദ്ദേശങ്ങൾ തരും"

ഡയറക്ടർ അവിടെനിന്നും പോയി. രഘു അവിടെനിന്നും അനങ്ങിയില്ല. ഇരുന്ന ഇരുപ്പിൽതന്നെ ഇരുന്നുപോയി. രാധയെക്കുറിച്ച് അയാൾ ചിന്തിക്കയായിരുന്നു. "സ്റ്റുഡിയോയിലെ പ്രധാനഅഭിനേത്രിയായരൂപഗർവ്വിതയായ രാധയുടെകൂടെ അഭിനയിക്കുക.....രഘുവും....രാധയും.... രണ്ടുപേരുംതമ്മിൽവലിയഅന്തരം! ആകാശപാതാളങ്ങൾതമ്മിലുള്ള വ്യത്യാസം!........ചിന്താതീതമായ കാര്യം"

രഘുപെട്ടെന്ന് തലയുയർത്തി വാതുക്കലേക്കുനോക്കി. രാധാബായി പുഞ്ചിരിതൂകിക്കൊണ്ട് വാതുക്കൽ നിൽക്കുന്നതയാൾ കണ്ടു. രഘുവിനെ അഭിവാദനം ചെയ്തുകൊണ്ട് അവൾ അടുത്തുവന്നു. "മി. രഘുകുമാർ, ഡയറക്ടർ ഇങ്ങോട്ടു വന്നില്ലേ?" അഴകൊഴുകുന്ന സ്വരത്തിൽ അവൾചോദിച്ചു.

"വന്നു" അയാൾ പ്രതിവദിച്ചു.

"അദ്ദേഹം പറഞ്ഞില്ലേ കുമാറാണ് അടുത്തചിത്രത്തിൽ എന്നോടൊപ്പം പ്രധാന പാർട്ട് അഭിനയിക്കുന്നതെന്ന്." കസേരയിൽ ഇരുന്നുകൊണ്ട് രാധാബായിപറഞ്ഞു. "ഞാൻവിചാരിക്കുന്നു കുമാറിനീചിത്രത്തിൽ പൂർണ്ണവിജയം ലഭിക്കുമെന്ന്. ഗ്രാമജീവിതത്തെക്കുറിച്ചുള്ള ഒരു കഥയാണ്. താങ്കളുടെ മാനസിക ഗതിക്കും സ്വഭാവത്തിനും അനുരൂപമായകഥ. താങ്കളുടെപേർ ഡയറക്ടർ നിർദ്ദേശിച്ച ഉടൻതന്നെ ഞാനതിനെ സ്വാഗതംചെയ്തു. എന്റെകൂടെ അങ്ങ് വളരെയോജിക്കും."

രാധ പുഞ്ചിരിതൂകി. അവളുടെ മാദകനയനങ്ങളിൽ നിന്നും സന്തോഷത്തിന്റെ ഊർമ്മലധാര പ്രവഹിച്ചുകൊണ്ടിരുന്നു.

"സഫലത തീർച്ചയായും ഉണ്ടാകും, പക്ഷേ രാധാബായിക്ക് രഘു,വിശാലമായഈ കലാക്ഷേത്രത്തിൽ ഒരുപുതിയ ആളാണ്."

"അങ്ങ് ഇപ്പോഴേ ആ കഥയിലെ നായകനെപ്പോലെ തോന്നുന്നു. ആ കഥാപാത്രത്തിന്റെ ശരിപ്പകർപ്പാണങ്ങ്. അങ്ങിൽ സ്വാഭാവികതയുടെ പരിപൂർണ്ണത ഞാൻ കാണുന്നുണ്ട്. കൃത്രിമത്വം അശേഷവും ഇല്ല. ബി എ പാസ്സായിട്ടും യുവസഹജമായ ആഡംബരത്തിൽ അങ്ങക്ക് അശേഷവും ഭ്രമമില്ലെന്ന് പലപ്പോഴും ഡയറക്ടർ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ഗ്രാമപ്രദേശത്തെ യുവാക്കന്മാരെപ്പോലെ നിഷ്കളങ്കവും ആത്മാർത്ഥവുമായ സ്വഭാവമാണങ്ങയുടേത്."

രാധ ചെറുതായൊന്നു പുഞ്ചിരിതൂകി അവൾ വീണ്ടും തുടർന്നു– "ഞാൻ ഇതുവരെയും ഗ്രാമപ്രദേശങ്ങൾ കണ്ടിട്ടില്ല. പട്ടണത്തിലെ ആർഭാടത്തിൽ ജനിച്ച് ആ കോലാഹലത്തിലാണ്ഇതുവരെയും വളർന്നത്"

"ഗ്രാമപ്രദേശം കാണേണ്ടതാണ്. പഠിക്കേണ്ടവളരെക്കൂട്ടം കാര്യങ്ങൾ അവിടെയുണ്ട്" രഘു അവളുടെ ആകാംക്ഷക്കു തീവ്രത നൽകി.

"ശരി,എങ്കിൽതീർച്ചയായുംഅവിടെപോകാനെനിക്കാഗ്രഹമുണ്ട്. ഈജീവിതത്തിലെ ഓളമടി നമ്മെ എവിടെയെല്ലാം കൊണ്ടെത്തിക്കുമെന്നു് ആർക്കറിയാം."

"ശരിയാണ്. ഒരു കാററടിച്ചാൽ മതി ഒരുസ്ഥാനത്തുനിന്നും തെററിമറെറാരുസ്ഥാനത്തെത്താൻ. പരുപരുത്ത പാറയിലൊ മർദ്ദവമേറിയ മററുവസ്തുവിലൊ അതുചെന്നടിച്ചെന്നുവരാം."

"മി. രഘു,പക്ഷേ മനുഷ്യൻ പാറയല്ലല്ലോ!"

"എന്തുകൊണ്ടല്ല. അവനിൽ എല്ലാംഉണ്ട്. പുഷ്പത്തെപ്പോലെകോമളവും പാറയെപ്പോലെ കഠോരവുമാണ് അവൻറഹൃദയം."

"അതുശരിയാണു കുമാർ. അപ്പ്രകാരമു

ള്ള മനുഷ്യനെപ്പററിയല്ല ഞാൻ പറഞ്ഞതു്."

രഘു നിശബ്ദനായി ഏതോപറയാനാഗ്രഹിച്ചെങ്കിലും അയാൾ മൗനമവലംബിച്ചു.

രാധവീണ്ടുംപറഞ്ഞു.- "എന്റെ സൗഭാഗ്യം ഇന്നു് അങ്ങയെകണ്ടതു്. കാണണമെന്നുവിചാരിച്ചു. ഈകലാജഗത്തിൽ അങ്ങു പുതിയ ആളായതുകൊണ്ടു് അഭിപ്രായമൊന്നും പറഞ്ഞു ഞാൻ കേട്ടിട്ടില്ല. അതാണു് ഇങ്ങോട്ടു വന്നതു്." അവൾ കസേരയിൽ നിന്നുമെഴുന്നേററു. "അങ്ങയുടെ സമയം ഞാൻ നഷ്ടപ്പെടുത്തി. അതിൽ ക്ഷമ"

രഘുവും കസേരയിൽ നിന്നുമെഴുന്നേററു. രാധയുടെ മാദകമായ പുഞ്ചിരിയിൽ അയാളുടെ ഹൃദയം അലിഞ്ഞു. രാധ പറഞ്ഞു:- "ഇല്ല, ഇല്ലരാധാ. ഈ രഘു തനിച്ചേയൊള്ളു. ആരെങ്കിലും സംസാരിക്കാൻ വരുന്നതു് എന്റെ സൗഭാഗ്യം. ഇത്രയും സമയം ഉല്ലാസമായി കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. ഈ സഹായത്തിനു് എന്റെ നന്ദി."

രാധ പുഞ്ചിരിതൂകി. രഘുവിനെ അവൾ ആർത്തിയോടെനോക്കി' അവൾപോകാൻ ഭാവിച്ചു. "ഞാൻ പോകട്ടെ. പിന്നെക്കാണാം. നമസ്തേ!"

"നമസ്തേ!" രഘു പറഞ്ഞു.

രാധ അവിടെനിന്നും പോയി. രഘു വീണ്ടും ഏകനായി. തന്റെ ജീവിതത്തിന്റെ നിമ്നോന്നതികളെക്കുറിച്ചു് അയാൾ ചിന്തിക്കാൻ തുടങ്ങി.

* * *

പുതിയചിത്രം തയ്യാറായി. അതിൽ ഗ്രാമജീവിതത്തിലെ എളിയ ജീവിത രീതി, നിഷ്ക്കളങ്കസ്നേഹം, ശാന്തി ആദിയായവ മനോഹരമായി ചിത്രീകരിച്ചിരുന്നു. പ്രസ്തുതചിത്രത്തിനു് കമ്പനിക്കു് ആശാതീതമായ ലാഭവുമുണ്ടായി.

രഘുവിന്റെനാമം ലോകം മുഴുവൻ പരന്നു. അയാളെജനങ്ങൾ ബഹുമാനിക്കാൻതുടങ്ങി. മുന്നൂറിൽനിന്നും അയാളുടെശമ്പളം700 ആയിഡയറക്ടർവർദ്ധിപ്പിച്ചു.

ശമ്പളക്കൂടുതൽ അറിഞ്ഞു് രാധാബായി രഘുകുമാറിന്റെസമീപത്തിലെത്തി. അവൾപുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു: -"മി. രഘുകുമാർ! എന്റെആത്മാർത്ഥമായഅനുമോദനംഅങ്ങയുടെ ഭാഗ്യം."

രഘുഅവളെസൂക്ഷിച്ചുനോക്കി. ഒരുചെറുമന്ദഹാസംഅയാളുടെ അധരങ്ങളിൽ പുതുമ പരത്തി. രാധപുതിയ ആഭരണങ്ങളും വസ്ത്രങ്ങളുംധരിച്ചുവന്നിരിക്കതന്നയാൾശ്രദ്ധിച്ചു. ആകർഷകമായവേഷവിധാനം! അവളിൽ ഒരു പുതുമ! ഒരാകർഷണം രഘുവിനനുഭവപ്പെട്ടു. പുതിയ സാരി. ആഭരണങ്ങൾ. പുതിയസ്ലിപ്പർ! അതോ അവളുടെവേഷവിധാനംവിചിത്രമായിരുന്നു!

രാധപറഞ്ഞു.- രഘുകുമാർ! സുന്ദരമായ സമയം. ആകർഷകമായ പ്രകൃതി. നമുക്കൊരു സവാരിപോകാം. എന്റെഡ്രൈവർ കാറിവിടെ കൊണ്ടുവരും"

രഘുപെട്ടെന്നു-പറഞ്ഞു: എങ്ങോട്ട്... പക്ഷേ....പക്ഷേ...."

"പക്ഷേ.......എന്തു്?" രാധ ചോദിച്ചു.

"രാധയുടെ ഈ വേഷഭൂഷകളോട് രഘുവിന്റെ വേഷം യോജിക്കയില്ല."

"രഘുകുമാർ! അങ്ങുമാത്രമല്ലേഉള്ളൂ."

രാധപറഞ്ഞു "എന്നിട്ടും ഇത്ര പിശുക്കു് അങ്ങയെക്കണ്ടാൽ ഒന്നല്ല ആയിരം രാധകളിയാകും. ആട്ടെ, പുതിയഡ്രസ്സിട്ടുകൊണ്ടുവരണം. അതാകാർവന്നു"

രഘു അകത്തേക്കുപോയി. അല്പസമയത്തിനുള്ളിൽ വസ്ത്രങ്ങൾ മാറി രഘുവെളിയിൽവന്നു. രാധസൂക്ഷിച്ചുനോക്കി. അവൾപൊട്ടിച്ചിരിച്ചുപോയി. ഉറക്കെ ചിരിച്ചുകൊണ്ടു് അവൾ പറഞ്ഞു. "ഈ തൊപ്പിയും ഷർട്ടും മറിച്ചാണു് ധരിച്ചിരിക്കുന്നതു്. ശരിയായി ധരിക്കണം. അങ്ങ് ഇപ്പോഴും ആ പഴയ ഗ്രാമജീവിതം അഭിനയിക്കുന്നതായി തോന്നുന്നു. ആ രംഗങ്ങൾ അങ്ങ് മറന്നിട്ടില്ല."

രഘുഒന്നും പറഞ്ഞില്ല. അയാൾ മൂകനായി വസ്ത്രങ്ങൾ ശരിയായി ധരിച്ചു. രണ്ടു

പേരുംവെളിയിലിറങ്ങി. രാധചോദിച്ചു:- "രഘുകുമാർ! നമ്മുടെ ജീവിതംതന്നെ ഒരഭിനയമല്ലേ? അങ്ങ് എന്തു പറയുന്നു."

"അതേ" അയാൾമറുപടിപറഞ്ഞു, "അഭിനയവുമായി അഭേദ്യമായ ബന്ധമുണ്ടായിട്ടും അതിൽ നാം നിർലിപ്തരായി കഴിയുന്നു. അതിൽ ലീനരാകുന്നില്ല."

അവർ കാറിന്റെ സമീപത്തിലെത്തി. ഇരുവരും കാറിൽ കയറി. രാധ ഡ്രൈവറോടുപറഞ്ഞു:— "കടൽതീരത്തേക്ക്"

കാർ അതിവേഗത്തിൽ ഓടിച്ചുകൊണ്ടുപോയി. രാധ രഘുവിനോടുചോദിച്ചു:— "മി. രഘു! പറയണം, ഈ കല്പിതമായ അഭിനയവുമായി നമുക്ക് എന്തു ബന്ധമാണുള്ളതു്? ജീവിതത്തിൽ മനുഷ്യൻ എത്ര എത്ര അഭിനയങ്ങളാണ് നടത്താറുള്ളതു്. എത്ര പ്രാവശ്യം അവർ രൂപംതന്നെയും മാറുന്നു. ഇതിനു് ഒരവസാനമുണ്ടോ?"

രഘു നിശബ്ദനായിരുന്നു. കാർകടൽതീരത്തിലെത്തിചേർന്നു. രണ്ടുപേരുംവണ്ടിയിൽനിന്നും ഇറങ്ങി സമുദ്രതീരത്തേക്കു നടന്നു. ഉന്മത്തമായ സാഗരത്തിലെ ഗംഭീരങ്ങളായ അലകളെ രഘുസൂക്ഷിച്ചുനോക്കി അടുത്തുള്ള ഒരുശിലാതലത്തിൽ ഇരുവരും ഉപവിഷ്ടരായി. സയാഹ്നസൂര്യന്റെ ചെങ്കതിരുകൾഅവരെ മന്ദമന്ദംതലോടിക്കൊണ്ടിരുന്നു. രാധ രഘുവിന്റെ കരങ്ങൾഗ്രഹിച്ചുകൊണ്ടുപറഞ്ഞു:- "അങ്ങ് ഒന്നുംമിണ്ടാതിരിക്കുന്നു. ഒരക്ഷരം പറയുന്നില്ല. അങ്ങ് എന്താണ് ആലോചിച്ചുകൊണ്ടിരിക്കുന്നതെന്ന് എന്നോടുപറയണം. ഏതോസ്വപ്നലോകത്തിൽ അങ്ങയുടെമനസ്സ് വ്യാപരിച്ചുകൊണ്ടിരിക്കുന്നു. മനസ്സിലാക്കിയിട്ടും അങ്ങയെ എനിക്കിതുവരെയും മനസ്സിലായില്ല. പലപ്രാവശ്യം സംസർഗം ചെയ്തിട്ടും അങ്ങയെ എനിക്കിതുവരെ അറിഞ്ഞുകൂടാ. അങ്ങ് എന്നോട് എത്രമാത്രം അടുക്കുന്നുവോ അത്രമാത്രം അകലത്തിലാണ് സ്ഥിതിചെയ്യുന്നതെന്ന് എനിക്കുതോന്നുന്നു.... അതേ വളരെ വളരെ ദൂരത്തിൽ!......"

രഘുസമുദ്രത്തിലെ അഗാധമായ ജലപ്പരപ്പിലേക്ക് ദൃഷ്ടിയുറപ്പിച്ചുകൊണ്ടു പറഞ്ഞു:- രാധാ, ഞാൻ എന്തുപറയട്ടെ. ഈരഘു ഒരുകടംകഥയായി, ഒരു സമസ്യയായി രാധവിചാരിക്കുന്നു. എന്നാൽഅതുതെറ്റാണ് ബാഹ്യരൂപം പോലെഎന്റെ മനസ്സും ആർക്കും പെട്ടെന്നു കാണാം. അതിൽ ഒരുമറവുമില്ല. അതു് നിന്റെ മുമ്പിൽ പ്രത്യക്ഷത്തിൽകാണാം. ഒരു മറവുമിതിലില്ല. അപ്രകാരം പ്രവർത്തിക്കാനെനിക്കിഷ്ടവുമില്ല. ഇതാണുരഘു. രഘു അവന്റെ ഹൃദയം തുറന്നുകാണിക്കണമെന്നു് ഹൃദയമർമ്മം വ്യക്തമാക്കണമെന്നു് പറയുന്നു. അതുപ്രത്യക്ഷത്തിൽ കാണാം. രഘുപറയുന്നതിനിടയിൽ പോക്കറ്റിൽനിന്നും ഒരു കവറെടുത്തു് രാധയുടെ കയ്യിൽ കൊടുത്തു. അയാൾ പറഞ്ഞു:- "രാധാ, ഇതാരഘുവിനെ ഈ കത്തിൽ കാണാം. രഘുഎന്താഗ്രഹിക്കുന്നുവെന്നു് ഈ കത്തുവായിച്ചുകഴിയുമ്പോളറിയാം"

രാധ ആശ്ചര്യത്തോടെ കവർ തുറന്നു് വായിച്ചു. അവളുടെ മുഖം വിവർണ്ണമായി. ഏതൊ പെട്ടെന്നൊരാഘാതം അവളിലുണ്ടായി. രഘുവിനെ കാതര ദൃഷ്ടികളോടെ നോക്കിക്കൊണ്ടവൾ പറഞ്ഞു:- "രഘു അങ്ങ്, അങ്ങ്, വിചിത്രമായ ഒരു കടംകഥതന്നെ. കയ്യിൽകിട്ടിയ സൗഭാഗ്യത്തെ അങ്ങ് നഷ്ടപ്പെടുത്തുന്നു. അങ്ങ് ഈ ഉദ്യോഗം ഉപേക്ഷിച്ച് ഗ്രാമത്തിലേക്കുപോകുന്നെന്നോ. ഇല്ല. ഇല്ല. അപ്രകാരം പ്രവർത്തിക്കാൻ ഞാനനുവദിക്കുകയില്ല. അങ്ങക്ക് ഈശമ്പളം ഇത്രമാത്രം പണം ഒരിടത്തുംകിട്ടുകയില്ല. രഘു. രഘു....!

"രാധാ, ജീവിതത്തിന്റെ മാനദണ്ഡം പണമല്ല." രഘു അന്തരീക്ഷത്തിലേക്കുനോക്കിക്കൊണ്ടുപറഞ്ഞു:- "രാധാ ജീവിതത്തിന്റെ ഒരുവശം മാത്രമേ നീ കണ്ടിട്ടുള്ളൂ. മറുവശവുംകൂടിനോക്കുക. നീപണം മാത്രമേ കണ്ടിട്ടുള്ളൂ. രഘു ഈധനത്തെ കാര്യമായി ഗണിക്കുന്നില്ല. അതു സംഭവിക്കുകയുമില്ല. എന്റെ ആത്മാവിനെധനത്തിനു വേണ്ടി

വിൽക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. നീ പറഞ്ഞ കല്പിതമായ അഭിനയത്തെ ഞാൻ സമ്മതിക്കുന്നു. ഇവിടെയാതൊരു കപടവും ഇല്ല. എല്ലാം യാഥാർത്ഥ്യം മാത്രം. എല്ലാം സ്ഥൂലസത്യം. രഘു ഗ്രാമത്തിലേക്കു മടങ്ങിപ്പോകാനാഗ്രഹിക്കുന്നു. മാതൃസേവനമാണെനിക്കിഷ്ടം. എൻ്റെ സഹോദരങ്ങളെ സഹായിച്ചുകൊണ്ട് എനിക്കു ജീവിക്കണം. ഈ പട്ടണം കോലാഹലത്തിൻ്റെ നൃത്തരംഗമാണ്. അശാന്തിയും ദുരാശയും നിറഞ്ഞ പ്രദേശം! വെറും ദംഭം ചതിയും കപടവും നിഴൽവീശിയ നരകദേശം!

"അപ്പോൾ...എന്ത്.." ഗദ്ഗദത്തോടെ രാധ ചോദിച്ചു.

"രാധ! വ്യാകുലപ്പെടാതെ. ഈ രഘു നാളെ ഗ്രാമത്തിലേക്കു പോകും. ഈ കപടത്തിൽനിന്നും മുക്തനായി ഗ്രാമത്തിലെ ശാന്തതയിൽ ഞാൻ താമസിക്കും. ഞാൻ അഭിനയിച്ച പ്രേമവും എളിമയും ശാന്തിയും എൻ്റെ കണ്ണുകൊണ്ടു കണ്ട് അതിൻ്റെ സാകാരരൂപം ഞാൻ ദർശിക്കും. അതാണെനിക്കിഷ്ടം! രാധാ! ജീവിതം മൃഗീയമായ സുഖഭോഗങ്ങളിൽ ഹോമിക്കുവാനുള്ളതല്ല."

"രഘു!"

"രാധാ"

അജ്ഞാതമായ പ്രേരണയാൽ അലക്ഷ്യമായ് ഏതോ ഭാവനയിൽ മുഴുകിയിരുന്ന രാധ രഘുവിൻ്റെ പാദങ്ങളിൽ കുനിഞ്ഞു. അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. ആസന്ധ്യാസമയത്തെ ധൂമിലമായ വേളയിൽ ആദ്യമായി ജീവിതത്തിൽ രാധയുടെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളായി. കാതരദൃഷ്ടികളോടെ അവൾ പറഞ്ഞു:- "എൻ്റെ ജീവിതത്തിൽ പുതുമനിറഞ്ഞ പ്രകാശം പരത്തിയതു് അങ്ങാണ്. അങ്ങയെ വിട്ടു ജീവിക്കാൻ എനിക്കു സാദ്ധ്യമല്ല. ഞാനതനുവദിക്കയില്ല"

ഗദ്ഗദത്തോടെ രഘു രാധയെ പിടിച്ചെഴുന്നേൽപിച്ചു. കർച്ചീഫ് കൊണ്ട് അവളുടെ കണ്ണുനീർ തുടച്ചുകളഞ്ഞു. ശ്യാമനിറം പൂണ്ട തിരമാലകളെ നോക്കിക്കൊണ്ട് അയാൾ അവളെ സമാധാനിപ്പിച്ചു:—

"രാധ! എനിക്കറിയാം നിൻ്റെ ഹൃദയത്തിൽ അനേകവർഷങ്ങളായി ജീവിതജ്യോതിസ്സ് പ്രകാശിച്ചുകൊണ്ടിരിക്കുന്നുവെന്ന്, ആ പ്രകാശം നിനക്കു ജീവിതത്തിലെ യഥാർത്ഥവും അഭൂതപൂർവ്വവുമായ അഭിനയത്തിനുള്ള മാർഗ്ഗത്തെ കാണിച്ചുതരും. ചഞ്ചലമായ യൗവനത്തിൻ്റെ ആ വേഗം തുളുമ്പുന്ന ഒരു യുവതിയാണ് നീ. നിൻ്റെ ആത്മാവ് പവിത്രവും മമതാപൂർണ്ണവുമാണെന്ന് ഈ രഘുവിനറിയാം."

"കുമാർ. ഞാനെന്തു ചെയ്യണമെന്നാണ് അങ്ങ് പറയുന്നത്' ജീവിക്കണമോ മരിക്കണമോ"

"രാധാ! വ്യാകുലപ്പെടാതെ. ജീവിതത്തിൻ്റെ അവസാനമിവിടെയല്ല. ഇനിയും അതു മുമ്പോട്ടുപോകും. നീ സുകോമളയും സുവാസിതയുമാണ്. നിൻ്റെ അനുപമയായ ഈ ഗുണഗണങ്ങൾകൊണ്ട് വിശ്വത്തെ സുഖിയാക്കിത്തീർക്കുക. ദരിദ്രനായ ഞാൻ ജീവിതത്തെ നല്ലതുപോലെ സൂക്ഷിച്ചുനോക്കുന്നു. രാധാ, എല്ലാവർക്കും ഓരോമാർഗമുണ്ട്, ഞാൻ സത്യം പറയാം. നമ്മുടെ മുമ്പിൽ നാം കാണുന്ന ഈ തരംഗങ്ങൾ സുന്ദരങ്ങളാണ് എന്നാൽ ഭയാനകവുമാണ്. ഇതുതന്നെയാണ്. മനുഷ്യൻ്റെയും കാര്യം."

രഘു അവിടെനിന്നും എഴുന്നേറ്റു. അയാൾ പറഞ്ഞു:—"നേരം സന്ധ്യയാകുന്നു. നമുക്കു പോകാം"

രണ്ടുപേരും സാവധാനത്തിൽ നടന്ന് കാറിൽ കയറി. രാധ ഒന്നും തന്നെ പറഞ്ഞില്ല. ചിന്താശതങ്ങളാൽ അവളുടെ ഹൃദയം നീറുകയായിരുന്നു. ആയിരം കൂട്ടം കാര്യങ്ങൾ അവൾക്കു പറവാനുണ്ടെങ്കിലും പറയാനവൾക്ക് കഴിഞ്ഞില്ല.

.... .... ....

രഘുകുമാർ ഉദ്യോഗമുപേക്ഷിച്ചു ഗ്രാമത്തിലേക്കുപോയെന്നുള്ള വാർത്ത സർവ്വത്ര പരന്നു. വിവരമറിഞ്ഞവരെല്ലാം വളരെ അതിശയിച്ചു. ആളുകൾ പലരും പലതും പറവാൻതുടങ്ങി. "രാധാബായി ഒട്ടുംമോശ

മല്ല. ഇതിന്ന കാരണമവളാണ്. പെൺജാതിയല്ലേ അവർ അന്യോന്യംപറഞ്ഞു.

ദിവസങ്ങൾ പലതും കഴിഞ്ഞു. രാധയുടെ മനസ്സ് അത്യന്തം വികലമായിത്തീർന്ന ഏതൊ ഒരു ശൂന്യതതന്റെചുറവും നടമാടുന്നതായവൾക്കു തോന്നി. ജീവിതത്തിൽ ഒരാകർഷണവും അവൾക്കു തോന്നിയില്ല. വളരെവിഷമിച്ച് ദിവസങ്ങൾഇഴഞ്ഞിഴഞ്ഞ് മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നു.

ഒരുദിവസം സായാഹ്നസമയം രഘുകുമാർ ഏകാന്തമായ ഗ്രാമപ്രദേശത്തുകൂടി നടക്കുകയായിരുന്നു. ശാന്തമായ ആ നിർമ്മല പ്രകൃതിയിൽകൂടി അയാൾ സർവ്വവും വിസ്മരിച്ച് മുമ്പോട്ടുപോകയായിരുന്നു. രാധ ഒരു റിക്ഷായിൽ കയറിവരുന്നതയാൾ കണ്ടു. അയാളുടെ ആശ്ചര്യത്തിന് അതിരില്ലായിരുന്നു. രഘു ഓടി അടുത്തെത്തി ഉല്ലാസപൂർണ്ണമായ സ്വരത്തിൽ വിളിച്ചു:—

“രാധാ! രാധാ!„

രാധ റിക്ഷായിൽനിന്നും ഇറങ്ങി. അവളുടെ ഹൃദയത്തിൽ ആയിരംകൂട്ടം വിചാരങ്ങൾ ഓളം തല്ലിക്കൊണ്ടിരുന്നു. ആനന്ദത്താലും പരിഭ്രമത്താലും അവളുടെ മുഖംപ്രസ്ഫുരിച്ചിരുന്നു. അവൾപറഞ്ഞു:—

“സ്ത്രീകളോട് വഴിയിൽവച്ചുസംസാരിക്കാൻ പാടില്ല. വീട്ടിലേക്കുപോകാം”

അവർ ഇരുവരും വീട്ടിലേക്കു നടന്നു. പരസ്പരം പലതും പറവാനുണ്ടെങ്കിലും ഒന്നുംപറവാൻകഴിയാതെ അവർ നടന്ന് ഗൃഹത്തിലെത്തിച്ചേർന്നു. രഘുവിന്റെ മുറിയിൽ കയറി ഇരുവരും ഇരിപ്പുറച്ചു. രാധപറഞ്ഞു “രഘുകുമാർ! അങ്ങയെക്കാണാൻ സാധിച്ചതു് എന്റെ സൗഭാഗ്യം. ആദ്യമായിട്ടാണ് ഞാനീപ്രദേശം സന്ദർശിക്കുന്നതു്. ശാന്തസുന്ദരമായ ഈ പ്രകൃതി, എന്നെ വല്ലാതെ ആകർഷിക്കുന്നു- താങ്കളുടെ സ്വഭാവം പ്രകൃതിക്കനുസരിച്ചതുതന്നെ”

“അതെ അതാണെനിക്കിഷ്ടം. നഗരത്തിലെ ആർഭാടവും കാപട്യവും എന്റെ ഹൃദയത്തെ വശീകരിപ്പാൻ ശക്തങ്ങളല്ല പക്ഷെ, പട്ടണത്തിൽ ഉല്ലാസജീവിതം നയിക്കുന്ന രാധാബായിക്ക് ഇവിടത്തെ മൂകപ്രകൃതി പ്രിയതരമല്ലതന്നെ”

“അല്ല കുമാർ” അവൾ ഇടക്കുകയറിപ്പറഞ്ഞു. താങ്കളുടെ സാന്നിദ്ധ്യം ഏതു പരിതസ്ഥിതിയിലും എനിക്ക് ആനന്ദത്തെ ഉളവാക്കുന്നതാണ്!”

രഘുഒന്നുംതന്നെ ശബ്ദിച്ചില്ല. ഇരുവരും വീണ്ടും മൗനചിത്തരായി. ആ മൗനം കുറേനേരത്തേക്കുനീണ്ടുനിന്നു. അജ്ഞാതമായ ഏതോ ലോകത്തിൽ അവരുടെ ഹൃദയം വ്യാപരിക്കയായിരുന്നു. നീണ്ടുനിന്ന നിശബ്ദതയെഭഞ്ജിച്ചുകൊണ്ട് രാധപറഞ്ഞു:

“രഘുകുമാർ! അങ്ങ് ഒന്നും തന്നെ പറയുന്നില്ല. എന്റെ ജീവിതത്തിൽ ഇത്രമാത്രം ആനന്ദപ്രദമായ ഒരവസരം ഉണ്ടായിട്ടില്ല. അങ്ങയുടെ സാമിപ്യംതന്നെ എന്നെ ഏതോ ഒരജ്ഞാതലോകത്തിലേക്കു നയിക്കുന്നു, അതെ, അനന്തതയുടെ അപാരതയിൽ എന്റെ ഹൃദയം എന്തിനൊ അലഞ്ഞുതിരിയുന്നു.”

“രാധാ! അതുശരിയാണ്. എന്റെ ജീവിതത്തിലും രാധതന്നെയാണ് ഒരു പുതുമ നിറച്ചതു്.”

രാധഒന്നും പറഞ്ഞില്ല, അലസങ്ങളായ അവളുടെ ദൃഷ്ടികൾഅവിടെയെല്ലാം ഓടിനടന്നുകൊണ്ടിരുന്നു. ഏതൊ ചിന്തയിൽ അവൾ വീണ്ടും മുഴുകി. രഘുപറഞ്ഞു:—

“രാധ! ജീവിതയാഥാർത്ഥ്യത്തെനീ മനസ്സിലാക്കിയതിൽ ഞാൻ സന്തോഷിക്കുന്നു. രാധാ! ഗ്രാമത്തിലെയും പട്ടണത്തിലേയുംസംശാന്തമഹസ്സുകൾ ഇപ്പോൾ എന്റെ രാധയിൽ സമ്മേളിക്കുന്നതായി ഞാൻ കാണുന്നു.”

“കുമാർ. അതുശരിയെങ്കിൽ അതിനുള്ള അഭിമാനം അങ്ങേയ്ക്കാണ്. എനിക്കല്ല. അങ്ങയുടെ സാന്നിദ്ധ്യമാണ് ഈപരിവർത്തനത്തിനു കാരണം. പക്ഷേ, കുമാർഅങ്ങയുടെ ആ സാന്നിദ്ധ്യത്തിൽഇവയെല്ലാം നിഷ്പ്രഭങ്ങളായി എനിക്കുതോന്നുന്നു. ഏതോഒരജ്ഞാതശക്തി എന്നെഇങ്ങട്ടു വലിച്ചുകൊണ്ടുവന്നു. കുമാർ, മറ്റൊന്നു

# സ്വർണ്ണവും ഇന്ത്യയും

[ആർ. പി.]

ലോകത്തിൽ സ്വർണ്ണനാണയങ്ങളുടെ ആവശ്യമില്ലാതാക്കി സ്വർണ്ണം പിച്ചളപോലെ വിലയും പ്രിയവും കുറഞ്ഞതാക്കി തീർക്കുമെന്നുള്ള ധീരഭീഷണിയോടുകൂടി യുദ്ധരംഗത്തിറങ്ങിയ ഹിററ്ലറിന്റെ കാലം കഴിഞ്ഞു. സ്വർണ്ണത്തിന്റെ വില ഇന്നും അന്യൂനത്വത്തിൽനിൽക്കുന്നതേയുള്ളു. ലോകത്തിലുള്ള സ്വർണ്ണത്തിന്റെ ഭൂരിഭാഗവും ഇപ്പോൾ അമേരിക്കയിൽ അടിഞ്ഞിരിക്കയാണ്.

എന്നാൽ ഇന്നും ഇൻഡ്യ സ്വർണ്ണത്തിൽ ഒട്ടും ദരിദ്രയല്ല. കഴിഞ്ഞ ഇരുപതുവർഷങ്ങൾക്കിടയ്ക്ക് ആയിരംകോടിയോളം രൂപയുടെ സ്വർണ്ണം ഇൻഡ്യ ബ്രിട്ടനു കൊടുത്തെങ്കിലും, ഇനിയും ഇൻഡ്യയിൽ ശേഷിച്ചിട്ടുള്ള സ്വർണ്ണം ഒട്ടും നിസ്സാരമായിട്ടുള്ളതല്ല. എന്തെന്നാൽ അനേകശതവർഷങ്ങളായി ഇൻഡ്യ സ്വർണ്ണം ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ്. അതിൽ ഏറിയഭാഗവും ഇപ്പൊഴും ആഭരണങ്ങളായും പാത്രങ്ങളായും കൊട്ടാരങ്ങളിലെയും കോവിലുകളിലെയും ക്ഷേത്രമന്ദിരങ്ങളിലെയും ഇരുട്ടറകളിലായും അടിഞ്ഞുകിടപ്പുമുണ്ട്.

എന്നാൽ സ്വർണ്ണഖനനത്തിൽ ഇന്ത്യ വളരെ പിന്നോക്കമാണ്. ലോകത്തിൽ ആകെ ഖനനംചെയ്യപ്പെടുന്ന സ്വർണ്ണത്തിന്റെ രണ്ടു ശതമാനമേ ഇൻഡ്യയിലേതാകുന്നുള്ളു. ഇൻഡ്യയിൽ പല സ്വർണ്ണഖനികളുണ്ടെങ്കിലും മൈസൂറിലെ കോലാർഖനിയാണ് ഏററവും പ്രധാനമായിട്ടുള്ളത്. മററുള്ളവയെല്ലാം കേവലം അപ്രധാനങ്ങളും നാമമാത്രങ്ങളുമാണ്.

കോലാർഖനിയിൽനിന്നാണ് ഇൻഡ്യയിലെ സ്വർണ്ണം മിക്കവാറും കിട്ടുന്നത്. ഈ ഖനി പ്രവർത്തിക്കുന്നതു നാലു യൂറോപ്യൻ കമ്പനികളാകുന്നു. അവയിൽ രണ്ടുഖനികൾ കുഴിച്ചു കുഴിച്ചു 9000 അടിയോളം, ഒന്നമുക്കാൽ മൈലോളം, ആഴമുള്ളവയാണ്. ലോകത്തിലേക്ക് ഏററവും ആ

---

മല്ല്യ, അങ്ങയെ വിട്ടുജീവിക്കാൻ എനിക്കു സാധ്യമല്ല. പവിത്രമായ ഈ ബന്ധത്തിൽ നമ്മുടെ ഉദ്ദേശം സഫലമാകണം. കുമാർ അതുമാത്രമാണ് ഞാനാശിക്കുന്നത് അതെന്നു പറയുന്നു. ഞാനാശിക്കുന്ന ഭിക്ഷ ഇതാണ്."

രണ്ടുപേരും നിശ്ശബ്ദരായി. രാധയുടെ ഹൃദയവേഗം കൂടിക്കൊണ്ടിരുന്നു. പക്ഷെ രഘു നീലിമകലർന്ന ആകാശത്തിലേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. അയാൾ സാവധാനത്തിൽ പറഞ്ഞു:-"രാധ! ഞാൻ നിന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നു. നിന്റെ അഭിപ്രായം ശരിയാണ്. നമ്മുടെ ഈ ദൃഢമായ ഒരുപക്ഷ ബന്ധം കൊണ്ടു ശിഥിലമാവാനിടയുണ്ട്. ഇതേരീതിയിൽ അകന്നാണെങ്കിലും ഏററവും അടുത്തു സ്ഥിതിചെയ്യുവാനാണ് ഞാനാഗ്രഹിക്കുന്നത്. രാധ! എന്താണ് നോക്കിയിരുന്നതു്?"

അല്പനേരത്തെ ആലോചനക്കുശേഷം അവൾ പറഞ്ഞു. "കുമാർ അങ്ങയുടെ അഭിപ്രായം ശരിയാണ്!"

രാധ തന്റെ ശിരസ്സ് രഘുവിന്റെ പാദങ്ങളിൽ നമിച്ചു. രഘു അവളെ പിടിച്ചെഴുന്നേല്പിച്ചു. ആനന്ദത്തിന്റെ അശ്രു കവിളിൽ ബാഷ്പകണങ്ങൾ നിപതിച്ചുകൊണ്ടു. രഘു പറഞ്ഞു:- രാധേ!

"കുമാർ!

# പാപത്തിൻ പ്രഖ്യാപനം!

[എം. എസ്സ്. ചന്ദ്രശേഖര വാര്യർ. തൊടുപുഴ]

അംബികെ, ഭാരതോർവ്വി;
ജീവിന്നു സ്വാതന്ത്ര്യത്തിൻ
മന്ദിരമേ ചാരാപാത
മെത്തിയല്ലോ ഹാ, ഭാഗ്യം!
അങ്ങുടെ തപശ്ചര്യാ
ഫലമീ മോദത്തിന്റെ
നേരിയ കിരണങ്ങൾ
നമ്മളെ തലോടുന്നു..!
ആരുടെ മഹാജ്വാലാ-

ജീവിതം ചരിത്രത്തിൽ
സാരമാം നവനവ
സംഭവം കുറിക്കുന്നു..?
ആരുടെ ചൈതന്യത്താൽ
ഭാരതം, അഭിമാന-
പൂരിതം, വീണ്ടും തല —
യുയർത്തി നിന്നീടുന്നു..?
ഭോഗധാടികളാന്ന
മർത്ത്യരെ, യാർതൻ മഹാ-
ത്യാഗസന്ദേശം കർമ്മ-
ഭൂവിലേക്കുടപ്പിച്ചു..?
ആ മഹാ, നഹിംസത-
ന്നാചാര്യൻ, കർമ്മത്തിന്റെ
ശ്രീലസൽജയക്കൊടി,
ധർമ്മത്തിൻ തേജോനാളം,
ഗാന്ധിജി,- കയറിയ
വണ്ടിയെ മറിക്കുവാൻ,
— അംബികേ, ക്ഷമിച്ചാലും; —
ചിലരിന്നൊരുമ്പെട്ടോ?..
ഭാരതാംബികയുടെ
പുത്രന്മാർ ചിലർതന്നെ —
യായതിന്നൊരുങ്ങിയോ?
പാപത്തിൻ പ്രഖ്യാപനം!
ഇല്ലില്ല; അസത്യത്തിന്നു
സാദ്ധ്യമല്ലൊരിക്കലും
ഫുല്ലമാം പ്രകാശത്തെ
തെല്ലുമപായിക്കുവാൻ!
ഉയർത്തിയാൽ നശിക്കുംനീർ-
പ്പോളകളല്ലല്ലോ, യീ-
ഭാരതം സമാർജ്ജിച്ച
പുണ്യസഞ്ചയമെല്ലാം?
ജയിക്ക, പരാർത്ഥൈക
ജീവിതാദർശക്കാമ്പേ,
ജയിക്ക, ജഗത്തിന്റെ
ധാർമ്മികപ്രദീപമേ!

---

ഴുംകൂടിയ ഖനികളാണിവ. ദിവസവും രണ്ടേമുക്കാൽ മൈൽ താഴ്ചയുള്ള ഖനിയിലിറങ്ങി വേലചെയ്യുന്നതിനുള്ള സജ്ജീകരണങ്ങളുടെ വിശദങ്ങൾ അനവധിയാണ്. എന്നാൽ മൈസൂർ ഗവർമ്മെന്റിന് ഈ ഖനിയിൽനിന്നു രണ്ടുകോടിയിൽപരം രൂപ പ്രതിവർഷം ആദായം കിട്ടുന്നുണ്ട്.

1882-ൽ ഈ കോളാർ ഖനി പ്രവർത്തനം ആരംഭിച്ചകാലത്തു 9 ഔൺസ് സ്വർണ്ണമാണു കിട്ടിയുള്ളൂ. അവിടെനിന്നു കയറിക്കയറി 1905 ൽ 55652 ഔൺസ് സ്വർണ്ണംവരെ എത്തി. അന്നതിനു 2½ ലക്ഷം പവൻവരെ വിലയുണ്ടായിരുന്നു. അതിനുശേഷം സ്വർണ്ണവരുമാനം കുറഞ്ഞു. 1943ൽ 252195 ഔൺസ് കിട്ടിയൊള്ളു. എന്നാൽ അതിന് ഏകദേശം 51 ലക്ഷം പവൻ വില കിട്ടിയിട്ടുണ്ട്. 1943 വരെ കോളാർ ഖനിയിൽനിന്ന് ആകെ ഏകദേശം 1028 ലക്ഷം പവൻ വിലവരുന്ന ഏകദേശം 206 ലക്ഷം ഔൺസ് സ്വർണ്ണമെടുത്തിട്ടുണ്ട്. ഇതിൽ മൈസൂർ ഗവർമ്മെണ്ടിനുള്ള ആദായം ഏകദേശം 40 കോടിരൂപയാകുന്നു. ഈ ഖനിയിൽ ഇരുപതിനായിരത്തിൽപരം ആളുകൾ വേലചെയ്യുന്നുമുണ്ട്.

........

ചെറുകഥ

# അടയാർബംഗ്ലാവ്*

സുന്ദരേശന്റെമനസ്സ് ഒരു തീരുമാനത്തിലെത്തിച്ചേർന്നു; ആ നിശ്ചയം നിറവേറുന്നതിനുള്ള ദിവസംകൂടി അവൻ തീർച്ചപ്പെടുത്തി. അന്ന് വളരെ ഉത്സാഹമായി കഴിയുന്നതിനുള്ള പല ഏർപ്പാടുകളും ചെയ്തു. അവൻ വിശപ്പുമാറത്തക്കവിധം ആഹാരം കഴിച്ചിട്ട് പത്തുമാസത്തിലധികമായി. അതിനാൽ സമ്പൂർണ്ണവിഭവങ്ങളോടുകൂടിയ ഒരു സദ്യ ഉണ്ണണം. പിന്നെ തെരുവ് മുഴുവൻ ചുററിനടന്ന് എല്ലാകാഴ്ചകളും കാണണം.

അവൻ കുപ്പായക്കീശയിൽ നിന്ന് പണം എടുത്ത് എണ്ണിനോക്കി. ആകെ 15 രൂപാമാത്രമേ ഉണ്ടായിരുന്നൊള്ളു. എന്തെങ്കിലും ഒരു ആപൽഘട്ടത്തിൽ ഉപയോഗിക്കാനായി അവൻ സൂക്ഷിച്ചിരുന്നസ്വത്താണ് അതു്. "ഛെ, ഇതെന്തുലോകം; ഉടൻ ഇതുവിട്ട് വെളിയിൽചാടണം; ഞാനും ഈ ലോകവുമായി ഇനി ഒരു നിമിഷം പോലും യോജിച്ചിരിക്കയില്ല; യമന്റെ ജോലിതീർന്ന് അവൻ എന്നെ അന്വേഷിച്ചുവരുന്നതുവരെ കാത്തിരിക്കുന്നതു വെറും മഠയത്തരം, ഇന്നുസന്ധ്യയ്ക്കുമുമ്പു കാര്യംതീരണം." എന്നു നിശ്ചയിച്ച് തന്റെമുറിവിട്ടു പുറത്തിറങ്ങി, ഹോട്ടൽമാനേജരെകണ്ടു കണക്കുതീർത്തുകൊടുത്തു. അനന്തരം അവസാനമായി തെരുവുകാണ്മാൻപുറപ്പെട്ടു.

സുന്ദരേശൻബാല്യത്തിൽത്തന്നെ ജീവിതത്തെ വെറുത്തതിന് പലകാരണങ്ങളുമുണ്ട്. അവൻജനനാൽതന്നെ ദരിദ്രൻ. ആദ്യംമുതൽദുഃഖജീവിതം—എങ്ങിനെയോ കഷ്ടപ്പെട്ട് സ്കൂൾഫൈനൽക്ലാസ്സുവരെപഠിച്ചു— പിന്നീട് ഗ്രാമങ്ങൾതോറും ഉദ്യോഗമന്വേഷിച്ച് അലഞ്ഞുനടന്നു. എവിടെപോയാലുംദുഃഖവും ബുദ്ധിമുട്ടുകളുംഅവനെപിൻതുടർന്നുകൊണ്ടിരുന്നു. ചിലരുടെഉപദേശപ്രകാരം അവൻഉദ്യോഗമന്വേഷിച്ച്മദ്രാസിൽഎത്തി.

കാശിയിൽപോയാലും തന്റെ നിഴൽ തന്നെതുടരുകയില്ലേ? അവിടെയും അവന്റെ ജീവിതം ശോഭനമായിരുന്നില്ല. അലഞ്ഞുതിരിഞ്ഞുനടന്ന് ഒടുവിൽ അവൻ ഒരു പലവ്യഞ്ജനക്കടയിൽ കണക്കെഴുത്തുകാരനായിച്ചേർന്നു. അതിൽനിന്നു കിട്ടിയശമ്പളം അവന് കഷ്ടിച്ചു കഴിയാൻ മാത്രമേഉണ്ടായിരുന്നൊള്ളു.

"നല്ലകാലംവരും. വരാതിരിക്കയില്ല. ജീവിതകാലം മുഴുവൻആരും കഷ്ടപ്പെടാറില്ല ക്ഷമിച്ചിരിക്കാം," എന്നുവിചാരിച്ച് ദിവസം നയിച്ചിരുന്ന സുന്ദരേശന്, ഒരു ദിവസംപെട്ടെന്ന്," നാളെമുതൽ നീ ജോലിയ്ക്കു വരേണ്ടാ" എന്ന് പറഞ്ഞതുകേട്ടപ്പോൾ വല്ലാത്തഅസഹ്യതഉളവായി-അവൻ എന്തൊക്കെയോ വിചാരിച്ചിരുന്നു- ഏതായാലും, "ശരി,ബദ്ധപ്പെടേണ്ട, കുറച്ചുകാലംകൂടികാത്തുനോക്കാം" എന്ന് അവസാനമായി അവൻഉറച്ചു.

അവൻ വീണ്ടും ഉദ്യോഗത്തിനായി മദ്രാസിലെതെരുവുകളിൽ അലഞ്ഞുതുടങ്ങി. വെയിൽ,മഴ,മഞ്ഞ് ഇവയെല്ലാംഅവൻഒരുപോലെഏററു. ഉദ്യോഗക്കാലത്ത് അല്പാല്പമായി സംഭരിച്ചിരുന്ന പണം, ഉദ്യോഗാർത്ഥമുള്ള ഈഅലച്ചിലിൽ അല്പാല്പം കുറഞ്ഞുതുടങ്ങി. സ്ഥിതി വളരെ മോശമായപ്പോൾഅവന്റെ ദുഃഖശമനത്തിനുള്ള മാർഗ്ഗമൊന്നുണ്ടായി- അവൻജോലിയ്ക്കപേക്ഷിച്ചിരുന്ന ഒരു കമ്പനിയിൽനിന്ന്" തിങ്കളാഴ്ച രാവിലെപത്തുമണിയ്ക്ക് ആപ്പീസിൽവന്ന് മുതലാളിയെ നേരിട്ടുകാണുക" എന്ന് എഴുതിയിരുന്നഒരു കത്തു ലഭിച്ചു. അതുകണ്ടപ്പോൾ അവൻ ആനന്ദമത്തനായി. "തിങ്കളാഴ്ച എന്നുവരും, എന്നുവരും" എന്ന് അവൻഉൽക്കണ്ഠിതനായി.

ആ തിങ്കളാഴ്ചയും വരാതെപോയില്ല; പക്ഷേ, അതു് അവന്റെ ദുരദൃഷ്ടത്തിന് ഒരു പ്രായശ്ചിത്തമായി തീർന്നില്ലെന്നുമാത്രം.

---

*തമിഴിൽനിന്ന് വിവർത്തനംചെയ്തതു

K. K. N. Vengola

ക്ലിപ്തസമയത്തു് അപ്പീസിലെത്തുന്നതിനു് സാധിക്കാത്തവിധം, സുന്ദരേശനെ അവന്റെ 'വിധി' ബസ്സുരൂപത്തിൽവന്നു് തഴഞ്ഞു. അവൻ ഉത്സാഹത്തോടെ കയറിവന്നു് ബസ്സ് യാദൃച്ഛികമായ ഒരുകാരണത്താൽ വഴിയ്ക്കുവച്ചു് കേടുവന്നതു നിമിത്തം അവനു് 12 മണിയ്ക്കു മാത്രമേ അപ്പീസിലെത്തുന്നതിനു് സാധിച്ചുള്ളു. അവൻ ബദ്ധപ്പെട്ടു് അവിടത്തെ മാനേജരായ രത്നംചെട്ടിയാരെ ചെന്നുകണ്ടു.

"പത്തുമണിയ്ക്കുവരാൻപറഞ്ഞിട്ടു് 12മണിയ്ക്കുകയറിവന്നു് പല്ലിളിക്കുന്നോ? പോ. പത്തുമണിക്കുതന്നെ വേറെ ഒരാൾവന്നു് ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞു" എന്നു ചെട്ടിയാർ പറഞ്ഞു. അതുകേട്ടപ്പോൾ "കൈക്കെത്തിയതു് വായിലെത്താത്ത ജന്മമായല്ലോ" എന്നു് സുന്ദരേശൻ തന്നത്താൻ പറഞ്ഞുപോയി. അപ്പീസിൽ നിന്നുംപുറത്തിറങ്ങിയതോടുകൂടി അവന്റെ മനസ്സ് ഒരു ഭയങ്കര തീരുമാനത്തിനധീനമായി. അവൻ ആത്മഹത്യാ ചെയ്യാനുറച്ചു.

.... .... ....

സുന്ദരേശൻ ഹോട്ടൽക്കാരനു കണക്കുതീർത്തുകൊടുത്തു് അവിടെനിന്നും ഇറങ്ങി മദ്രാസിലെ എല്ലാ തെരുവീഥികളും പോയികണ്ടു്, വൈകുന്നേരം കൃത്യം അഞ്ചുമണിയ്ക്കു് കടപ്പുറത്തെത്തി. ബീച്ചുറോഡിൽസഞ്ചാര ബഹളം., തുടരെത്തുടരെ കാറുകൾ പാഞ്ഞുകൊണ്ടിരിയ്ക്കുന്നു. കടപ്പുറത്തുള്ള മണലിൽ കുട്ടികൾ പലവിധ കേളിയാടുന്നു: യുവദമ്പതിമാരും മററും അവിടെ അങ്ങിങ്ങായി ഉല്ലാസപൂർവ്വം വിഹരിക്കുന്നു.

സുന്ദരേശൻ തന്റെ മനഃക്ഷോഭത്തെയും കടലിന്റെ കോളിളക്കത്തെയും താരതമ്യപ്പെടുത്തി നോക്കിക്കൊണ്ടിരുന്നു. അപ്പോൾ, "സാർ, സാർ, ഒരാൾക്കിരിക്കാൻസ്ഥലമുണ്ടു്" എന്നു് ആരോ പറയുന്നതു് അവൻ കേട്ടു തിരിഞ്ഞുനോക്കി- ഒരു ടാക്സിയിൽമൂന്നുപേർഇരിക്കുന്നു; "ആരോപട്ടണം കാണാൻ വന്ന തമിഴരായിരിക്കാം" എന്നു വിചാരിച്ചു. രിഅവൻ അശ്രദ്ധനായിനിന്നു. അപ്പോൾ ആ കാറിന്റെഡ്രൈവർ "സാർനിങ്ങളെത്തന്നെ; കാർഅടയാർ വരെപോകുന്നു; സുഖമായി പോയിട്ടുവരാം: അഞ്ചുരൂപാ മാത്രം ചാർജ്ജു്" എന്നു് അവനോടുപറഞ്ഞു.

അടയാർ എന്നു കേട്ടിട്ടുള്ളതല്ലാതെ അവൻ അവിടെപോയിട്ടില്ല. "ഇന്നുകൊണ്ടവസാനിയ്ക്കുന്ന ഈ ജീവിതത്തിൽ ആ കുറവു് എന്തിനുവയ്ക്കണം? അടയാർ കൂടി കണ്ടു തീരട്ടെ; അവിടെയെങ്ങാനും ഒരുമരച്ചുവട്ടിൽ ഇരുന്നു് വിഷവും തിന്നാം;" എന്നു നിശ്ചയിച്ചു് കൈയിലിരുന്നപണം ഡ്രൈവർക്കു കൊടുത്തു് അവനും കാറിൽ കയറി. പലയിടത്തും ചുററിത്തിരിഞ്ഞു് അവസാനം കൃത്യം ഏഴുമണിക്കു് കാർ ഒരുചെറിയ ഹോട്ടലിന്റെസമീപം ചെന്നുനിന്നു. "സാർ, ഇവിടെ ഒരുകാൽമണിക്കൂർ നേരം താമസമുണ്ടു്; എല്ലാവർക്കും കാപ്പികുടിയ്ക്കണമെങ്കിൽ പോയിവരാൻ സമയമുണ്ടു്" എന്നു് ഡ്രൈവർ പറഞ്ഞു.

"കാൽമണിക്കൂറിനകം വരണം സാർ; അതിലധികംനേരം താമസിക്കാൻ നിവൃത്തിയില്ല! കൂടുതൽസമയം താമസിക്കുന്നപക്ഷം വേറെവണ്ടിയിൽ വരേണ്ടതായിവരും" എന്നു്, കാറിൽനിന്നുതാഴെഇറങ്ങിയ സുന്ദരേശനേയും ഡ്രൈവർ ധരിപ്പിച്ചു. "പോടാ മുഠാളാ, നിന്റെ വണ്ടി എനിയ്ക്കെന്തിനു്? ഞാൻഇന്നു് കാൽമണിക്കൂർ നേരം കൊണ്ടു് എത്രദൂരംയാത്രചെയ്തു കഴിഞ്ഞിരിയ്ക്കുന്നുവെന്നു് നിനക്കറിയാമോ?" എന്നിങ്ങനെ മന്ത്രിച്ചുകൊണ്ടു് അവൻപോയി.

സുന്ദരേശൻ ആ ഹോട്ടലിൽ കയറാതെ അതിനു സമീപമുള്ള ഒരുചെറിയ റോഡിൽകൂടി അതിവേഗം നടന്നു. കുറച്ചുദൂരം ചെന്നപ്പോൾ അവൻ ഒരു ഭംഗിയുള്ള ഉദ്യാനത്തിലെത്തി. മനുഷ്യവാസമില്ലാത്ത ആ സ്ഥലവും തോട്ടവും കണ്ടപ്പോൾ "ജീവത്യാഗംചെയ്യാൻ നല്ലസ്ഥലംകിട്ടി!" എന്നു് അവൻവിചാരിച്ചു.

ആ തോട്ടത്തിൽ ഒരററത്തു് ഒരുമനോഹര

മായ ഉദ്യാനഭവനം (ബംഗ്ലാവ്) കണ്ടു. അവിടെ അതെങ്കിലും ഉണ്ടോ എന്നുനോക്കാനായി അവൻ അങ്ങോട്ടുപോയി. അവിടെ ചെന്ന് ഒരുതൂണിന്റെസമീപം മറഞ്ഞുനിന്നുകൊണ്ട് അകത്തേക്കുനോക്കി. ആയിരം, രണ്ടായിരം എന്നും, അതിനെത്തുടന്ന് ശീട്ടുകശക്കുന്ന ശബ്ദവും, എന്റേത്, നിന്റേതല്ല, എന്നീവാക്കുകളും അവൻകേട്ടു. "ഓ ചീട്ടുകളി നടക്കുന്നുവെന്നു തോന്നുന്നു; ആരും അറിയാതെ കളിക്കാൻ പററിയസ്ഥലം തന്നെ" എന്നുവിചാരിച്ചുകൊണ്ട് അവൻ തിരികെ പോന്നു.

തന്നെത്തുടന്ന് ഒരാൾവരുന്നതുകണ്ട് അവൻവേഗത്തിൽനടന്നു.

സിഗററും കത്തിച്ചു പിടിച്ചുകൊണ്ട് വന്ന കമ്പനി മുതലാളി രത്നംചെട്ടിയാർ "ഞാൻ ഇവിടെയുണ്ടെന്ന് നീ എങ്ങിനെ അറിഞ്ഞു" എന്ന് അവനോടുചോദിച്ചു. അപ്പോൾ അയാളുടെ മുഖംവിളറിയിരുന്നു.

സുന്ദരേശൻ ഒന്നും മിണ്ടാതെ മിഴിച്ചുനിന്നപ്പോൾ "എടേ എന്തുവിചാരിക്കുന്നു! നീ അന്നുപോയ ഉടൻതന്നെ നിനക്ക് വേറെ ഒരു ജോലി തരാമെന്നു വിചാരിച്ചു; നീനല്ല മിടുക്കൻ തന്നെ; ഇപ്പോഴെങ്കിലും വന്നല്ലോ. നിന്നെ എന്റെ ആപ്പീസിലെ മാനേജരായി നിയമിച്ചിരിക്കുന്നു? മാസം നൂറുരൂപാ ശമ്പളം; എന്താ സമ്മതമല്ലേ!" എന്ന് ചെട്ടിയാർ ചോദിച്ചു.

"അങ്ങിനെയാകട്ടെ" എന്നു സുന്ദരേശൻ പറഞ്ഞപ്പോൾ, അവന്റെ കയ്യിലിരുന്ന വിഷപ്പൊതി അവനറിയാതെ താഴെവീണു. പെട്ടെന്നു അവൻ കാലുകൊണ്ട് അതു ചവുട്ടിതേച്ചുകളഞ്ഞു.

തന്റെബംഗ്ലാവിൽ കണ്ട സംഗതികൾ പുറമെ പറയാതിക്കണമെന്ന ഉദ്ദേശത്തോടെ, രത്നംചെട്ടിയാർ അവനു നൂറുരൂപാശമ്പളമുള്ള ജോലിയും ഒരുമാസത്തെശമ്പളം അഡ്വാൻസും കൊടുത്തു ഇക്കൂടാതെതന്റെസ്വന്തം കാറിൽ അവനേയും കയററിക്കൊണ്ടു പോവുകയുംചെയ്തു "കയ്യിൽ വന്നുചേന്ന വിഷവും വായിലെത്താതെ പോയല്ലോ" എന്നു സന്തോഷത്തോടുകൂടി സുന്ദരേശൻ തന്റെ പുതിയ ജോലിയിലേർപ്പെട്ടു.


# സ്റ്റൊമക്ക് ഡ്രാപ്സ്

"വയററിൽ വേദന, നെഞ്ചെരിച്ചിൽ, പുളിച്ചുതികട്ടൽ, ഉദരവ്രണം അഗ്നിമാന്ദ്യം, അതിസാരം, വായുക്ഷോഭം, ഛർദ്ദി തുടങ്ങിയ ദഹനസംബന്ധമായ രോഗങ്ങൾക്കു വളരെ ഫലപ്രദം എന്നു പ്രശസ്തഡാക്ടർമാരും അനുഭവസ്ഥരും ഐകകണ്ഠ്യേന സമ്മതിച്ചിട്ടുള്ള **സ്റ്റൊമക്ക് ഡ്രാപ്സ്** പെട്ടെന്നു് ശമനഭേദവും സ്ഥായിയായ ഫലവും. വിവിധചികിത്സകളും നിരവധി ധനവ്യയവും ചെയ്തു ഫലപ്രദമാകാതെ നിരാശയിൽ കഴിഞ്ഞുകൂടിയ അനേകശതം രോഗികൾ മുക്തിനേടിക്കഴിഞ്ഞു.

40 ഡോസ് കുപ്പിക്കു 3 രൂ, 80 ഡോസ് കുപ്പിക്കു 5 രൂ. ഏജന്റന്മാരെ ആവശ്യമുണ്ട്. വ്യവസ്ഥകൾക്ക് എഴുതിചോദിക്കുക.

പത്മാബ്രദേഴ്സ്, ചങ്ങനാശേരി.

# നാട്ടുരാജ്യപരിപാടി

## എന്തായിരിക്കണമെന്ന് സചിവോത്തമൻ

### അവ ഒത്തൊരുമിച്ച് പ്രവർത്തിച്ചില്ലെങ്കിലുമുള്ള അപകടം

തിരുവനന്തപുരം. അ. 18 ഈയിടെയുള്ള രാഷ്ട്രീയനില വിശേഷിച്ച് നാട്ടുരാജ്യങ്ങളെ ബാധിക്കുന്നതെങ്ങനെയെന്നുള്ളതിനെപ്പററി ഒരു കൂടിക്കാഴ്ചയിൽ ദിവാൻജി ഇങ്ങനെ പറയുന്നു.

ഏതെങ്കിലും വർഗീയവിവാദങ്ങളിൽ നാട്ടുരാജ്യങ്ങൾ ഇടപെടരുതെന്ന് ഊന്നിപ്പറയേണ്ടതു എന്റെ കർത്തവ്യമാണെന്ന് ഈ അടുത്തകാലത്ത് എനിക്കുതോന്നി. ഈയിടെയുണ്ടായ സംഭവങ്ങൾ നാട്ടുരാജ്യങ്ങളുടെ പ്രശ്നത്തിൽ തല്പരരായവരുടെയെല്ലാം മനസ്സിൽ ഈ അഭിപ്രായത്തെ ദൃഢീകരിക്കാൻ പര്യാപ്തങ്ങളായിരിക്കേണ്ടതുമാണ്. നാട്ടുരാജ്യങ്ങളുടെ ഭരണത്തെയും, അവയുടെ ഭാവിയെയും ഗാഢമായി ബാധിക്കുന്ന കാര്യങ്ങളിൽ അവ ഇടപെടുന്നതിനും വിരോധമല്ല ഇപ്പോഴത്തെ നില. എന്റെ അഭിപ്രായത്തിൽ ഈ ഘട്ടത്തിൽ ആമാതിരി ഒരു ഇടപെടൽ അത്യാവശ്യവും, അയതാർഹവും കൂടിയാണ്.

ഒരു മദ്ധ്യസ്ഥനെന്നനിലയിലുള്ള ഭോപ്പാൽനവാബിന്റെ പ്രയത്നങ്ങൾ ഒരു സംയുക്തനയമോ, സംയുക്തപരിപാടിയോ രൂപവൽക്കരിക്കുന്നതിനുവേണ്ടി ലീഗിനെയും കോൺഗ്രസ്സിനെയും തമ്മിൽ യോജിപ്പിക്കുന്നകാര്യത്തിൽ നിഷ്ഫലമാകുകയാണ് ചെയ്തതു്. മി. ജിന്നാ പ്രസിദ്ധീകരണത്തിനു നൽകിയ എഴുത്തുകുത്തുകൾ തെളിയിക്കുന്നതു് രാജ്യത്തിലെ രണ്ടു പ്രധാനരാഷ്ട്രീയകക്ഷികൾ തമ്മിലുള്ള വിടവ് പൂർവാധികം വർദ്ധിച്ചിട്ടില്ലെങ്കിൽ തന്നെയും ഒട്ടും കുറവല്ലെന്നാണ്. ഒരു മൗന വ്രതം സ്വീകരിക്കത്തക്കവിധം ഗാന്ധിജിക്കുപററിയതായി പൊതുവേ സമ്മതിക്കപ്പെടുന്ന പിശകിനെ മി. ജിന്നാ തികച്ചും പ്രയോജനപ്പെടുത്തിയിരിക്കുന്നു. ഗാന്ധിജിയും മി. ജിന്നായും തമ്മിലുണ്ടായ തീരുമാനം സ്വീകരിക്കാൻ തനിക്കും സഹപ്രവർത്തകർക്കും തൃപ്തിയില്ലെന്ന് ഒക്ടോബർ 8-ാംതീയതി പ്രഖ്യാപനം ചെയ്‌വാൻ പണ്ഡിററ് നെഹ്റു നിർബന്ധിതനായിതീർന്നു. പണ്ഡിററ് നെഹ്റു, സർദാർ പട്ടേൽ എന്നിങ്ങനെ കാര്യങ്ങളുടെ നടുവിൽത്തന്നെ വർത്തിക്കുന്ന നേതാക്കന്മാർ ഈ മാതിരി കൂടിയാലോചനകൾ നടത്തട്ടെയെന്നു വിചാരിക്കുന്നതാണ് ഒരു പ്രചോദനകേന്ദ്രമെന്നും ആത്മീയശക്തിയെന്നുമുള്ള നിലയിൽ ഗാന്ധിജിയുടെ ഔൽകൃഷ്ട്യം പരിപാലിക്കാൻ ഏററവും പററിയതെന്നു തോന്നുന്നു. അതെങ്ങനെയിരുന്നാലും താഴെപ്പറയുന്ന രാഷ്ട്രീയ ഫലങ്ങൾ ഉൾഭവിച്ചിരിക്കുന്നു:—

1. ഗാന്ധിജിയുടെ നിലതന്നെ സ്വീകരിച്ചുകൊണ്ട് മി. ജിന്നായും ഗവർമ്മെൻറിൽ പ്രവേശിക്കാതെ വെളിയിൽനിന്നു തന്റെപാർട്ടിയെ നയിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ ഗാന്ധിജിയെപ്പോലെ വെളിയിൽനിന്നു ഉപദേശങ്ങൾ നൽകുകമാത്രമല്ല മി. ജിന്നാ ചെയ്യാവുന്നതു്.

2. അദ്ദേഹത്തിന്റെ അനുയായികൾ, ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന എഴുത്തുകുത്തുകളനുസരിച്ചും, സ്വഭാവേന തന്നെയും ഒരു സംയുക്തഗവർമ്മെൻറിലെ അംഗങ്ങളല്ല, നേരെമറിച്ച് വിരുദ്ധഘടകങ്ങൾ കലർന്നതും ദൃഢബന്ധമല്ലാത്തതുമായ ഒരു

കേന്ദ്രഗവർമ്മെൻറിലെ അംഗങ്ങളാണ്.

3 രാഷ്ട്ര വാദത്തിൻെറയും പാകിസ്ഥാൻെറയും ആദർശം അദ്ദേഹം കൈവെടിഞ്ഞിട്ടില്ലെന്നുതന്നെയല്ല, അതിനെ പിൻതുടരാൻ തന്നെ തീരുമാനിക്കയും ചെയ്തിരിക്കുന്നു. പണ്ഡിററ് ജവഹരലാലിനെതിരായി അതിർത്തിദേശത്തിൽ ഉണ്ടായ പ്രകടനങ്ങൾ, ചണത്തിൻെറ ചുങ്കത്തെപ്പററിയുള്ള ബംഗാൾ പ്രധാനമന്ത്രിയുടെ പ്രസ്താവന എന്നിവ ഇക്കാര്യത്തിൽ സാധന പാഠങ്ങളായിരിക്കുന്നതാണ്. നെഹ്റു വിരുദ്ധപ്രകടനങ്ങളിൽ ലീഗുകാരുടെ നേരെ വെടിവെക്കേണ്ടിവരുമായിരുന്നു എന്നു ഡാക്ടർ ഖാൻസാഹിബ് പ്രസ്താവിക്കത്തക്കവിധം അവ അത്രമാത്രം രോഷാകുലമായിരുന്നു എന്നുള്ളതും ഇവിടെ സ്മരണീയം തന്നെ.

4. ഒരു കോൺഗ്രസ്സ് മുസ്ലീമിനെ തിരഞ്ഞെടുത്തതിനു മറിച്ചടി യെന്നപോലെ മി. ജിന്നാ കോൺഗ്രസ് നോമിനികളുടേതിനുനേരെ വിരുദ്ധമായ പരിപാടിയോടുകൂടിയ ഒരു അധഃകൃത സംഘടനയിലെ അംഗത്തെ തിരഞ്ഞെടുത്തിരിക്കുന്നു. ഗാന്ധിജിയുടെ അമ്പരപ്പോടുകൂടിയ പ്രതിഷേധത്തിനു ഇതു കാരണമായിത്തീർന്നു.

5. അവസാനമായി മി. ജിന്നാ ദീർഘകാലപദ്ധതിയ്ക്കു തൻെറ സമ്മതംനൾകിയിട്ടില്ലെന്നു തന്നെയല്ല, കൂടുതൽ നല്ല ഒരു അന്തരീക്ഷം ഉണ്ടാകയും തൻെറ ഒൻപതു വ്യവസ്ഥകളെപ്പററി യോജിപ്പു കൈവരികയും ചെയ്യുന്നതുവരെ കോൺസ്റ്റിററുവൻറ് അസംബ്ളിയെ തന്നെയും മാററിവയ്ക്കാൻ അഗ്രഹിക്കുന്നു എന്നു മേൽപറഞ്ഞ 9 വ്യവസ്ഥകളിൽ ഒടുവിലത്തേതിനു നൾകിയിരിക്കുന്ന ദാർഢ്യത്തിൽനിന്നു വ്യക്തവുമാണ്.

ചുരുക്കത്തിൽ മി. ജിന്നായുടെ നടപടി ഋജുവാണോ എന്നും, ലീഗ് ഗവർമ്മെൻറിൽ പ്രവേശിക്കുന്നതു അകമേനിന്നും പൊരുതുന്നതിനു വേണ്ടിയല്ലയോ എന്നും മഹാത്മജി തൻെറ സാധാരണ താത്വികമായ ശാന്തതകൈവിട്ടു ഒരു സംശയം പ്രകടിപ്പിക്കത്തക്കവിധം അത്രത്തോളം ദുർബ്ബലമായ സമനിലയാണ് ഇപ്പോഴുണ്ടായിരിക്കുന്നതു. ഒരുപക്ഷെ ഈ തർക്കങ്ങളും വാദങ്ങളും നാട്ടുരാജ്യങ്ങളെ നേരിട്ടു ബാധിക്കയില്ലെന്നു തോന്നിയേക്കാം. എങ്കിലും മേൽപറഞ്ഞ രണ്ടു കക്ഷികളും തമ്മിലുണ്ടാകാവുന്ന മത്സരത്തിൽ നാട്ടുരാജ്യങ്ങളുടെ താല്പര്യങ്ങൾ വിഗണിക്കപ്പെട്ടേയ്ക്കാവുന്നതാണ്. എന്നാൽ പ്രസ്തുതസമരത്തിനിടയിൽ നാട്ടുരാജ്യങ്ങൾക്കു വല്ല സ്ഥാനവും നൽകുന്നെങ്കിൽ അതു മഹത്തായ ഒരു ചൂതുകളിയിലെ കരുക്കൾ എന്ന നിലയിൽ മാത്രമായിരിക്കാം. അതിനാൽ ഭാവിയിലെ വർഗ്ഗീയാലോചനകളിൽനിന്നും, ചർച്ചകളിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നതുകൂടാതെ നാട്ടുരാജ്യങ്ങൾ താഴെപ്പറയുന്ന പരിപാടികൂടി സ്വീകരിക്കേണ്ടതു ആവശ്യമായിരിക്കുന്നു.

എ. അവ ഇപ്പോൾ മുതലെങ്കിലും ഇന്നത്തെ സ്ഥിതിഗതികളിൽ മാത്രമല്ലാ ഭാവിയിലെ രാഷ്ട്രീയ സാമ്പത്തികാഭിവൃദ്ധിയിലും ദൃഷ്ടിവച്ചുകൊണ്ടു തമ്മിൽ ഉററ സഹകരണത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ബി. ഇനിമേലാൽ, അഖിലേന്ത്യാപ്രശ്നങ്ങളുടെ തീരുമാനത്തിൽ അഭിപ്രായപ്രകടനാവകാശം വേണമെന്നു അവ നിർബന്ധിക്കണം. ടെക്സ്റ്റയിൽ മില്ലുകൾ, ഇറക്കുമതി, ഏററുമതി, താരിപ്പ് ഷിപ്പിംഗ് എന്നിങ്ങനെ അനേകം കാര്യങ്ങളെപ്പററിയുള്ള അഖിലേന്ത്യാ നയങ്ങളെക്കുറിച്ചു ഈയിടെ പല പ്രസ്താപനങ്ങളും ഉണ്ടായിട്ടുണ്ടു. ഇവയെസംബന്ധിച്ചു നാട്ടുരാജ്യങ്ങളുടെ അഭിപ്രായങ്ങൾ അറിയാതെ തീരുമാനങ്ങൾ ഉണ്ടാകുകയോ, ഉണ്ടാകാൻ ഭാവിക്കയോ ചെയ്തിരിക്കുന്നു.

സി. 'നാട്ടുരാജ്യങ്ങളേയും ബ്രിട്ടീഷിന്ത്യയേയും പൊതുവെ 'ബാധിക്കുന്ന കാര്യങ്ങളെപ്പററി ഇൻഡ്യാ ഗവർമ്മെൻറുമായി ആലോചനനടത്താൻ രൂപവൽക്കരിക്കുന്ന ക

# കനകാമൃതം

വെറും പരസ്യമല്ലെന്ന് അനുഭവസ്ഥർ ഇതിനകം സമ്മതിച്ചുകഴിഞ്ഞു. ആയുർവേദകലയുടെ ഒരഭിനവ പ്രദർശനമാണ് ഞങ്ങളുടെ കനകാമൃതം എന്നു പറയുന്നതിൽ അതിശയോക്തിയില്ല. പരീക്ഷിക്കുവിൻ!

സാമ്യഗുണഭൂമിഷ്ഠങ്ങളായ അനേക ധിമൂലികളും സ്വർണ്ണഭസ്മവുംചേർത്തു ശാസ്ത്രീയമായി തയാർചെയ്യുന്ന ഒരു വിശിഷ്ടൗഷധം!!

അസ്ഥിസ്രാവം, പൂയമേഹം, ശുക്ലസ്രാവം, സ്വപ്നസ്ഖലനം, വെള്ളപോക്ക്— വിളർച്ച, ബുദ്ധിമാന്ദ്യം, മുതലായ രോഗങ്ങളെ ശമിപ്പിച്ച് ഓജസ്സും, തേജസ്സും, പ്രദാനംചെയ്യുന്ന രസായനം.

പ്രസവരക്ഷയ്ക്കു ഒന്നാംതരം, ആബാലവൃദ്ധം എപ്പോഴും ഉപയോഗിക്കാവുന്നതു്. വില കുപ്പി 1ന്. 4രൂ 8ണ മാത്രം.

മറ്റെല്ലാ ആയുർവേദൗഷധങ്ങളും തയാറുണ്ടു്,

ആവശ്യപ്പെടുക— വൈദ്യൻ എം. എസ്. രാമകൃഷ്ണപിള്ള

എസ്സ്. ആർ. കെ. വി. വൈദ്യശാല, കാട്ടൂർ, തിരുവിതാംകൂർ

# കൈരളി ചിട്ടിഫണ്ട് & ബാങ്ക്

കോട്ടയം.

പുതിയ ആക്ടനുസരിച്ചു് പണം സെക്യൂരിററിയിന്മേൽ
1122 തുലാം 15-ാംതീയതിമുതൽ ആരംഭിച്ചു്
30 മാസംകൊണ്ടു് അവസാനിപ്പിക്കുന്ന

## പ്രതിമാസലേലച്ചിട്ടി

| | | | | | |
|---|---|---|---|---|---|
| 15 | ബ്രി. രൂപാവീതം | 450 | രൂപാ മുതലുള്ള | എ | നമ്പരുകളും |
| 10 | ” | 300 | ” | ബി | ” |
| 5 | ” | 150 | ” | സി | ” |
| 3 | ” | 90 | ” | ഡി | ” |

ഈ ചിട്ടിയിൽ ഉണ്ടായിരിക്കുന്നതാണു്. ചിട്ടിയിൽ ചേരണമെന്നാഗ്രഹിക്കുന്നവർ തലവയ്യോലയ്ക്കു് എഴുതുക.

മാനേജർ, കൈരളീസ്റ്റോഴ്സ്, കോട്ടയം


മ്മിററി ഉടനടിതന്നെ പ്രവർത്തനം ആരംഭിക്കയും തീരുമാനം അർഹിക്കുന്ന പ്രശ്നങ്ങളെപ്പററിയുള്ള നാട്ടുരാജ്യങ്ങളുടെ അഭിപ്രായം ഏകോപിച്ചു് പ്രകടിപ്പിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

കൂടിയാലോചന കമ്മററിയുടേയോ, കൺസൾട്ടേററിവ് കമ്മററിയുടെയൊ ഘടനാകൃത്യങ്ങൾ എന്നിവയെ ഇന്ത്യാഗവർമ്മെൻറാ, നരേന്ദ്രമണ്ഡലം ചാൻസലറോ ഗ്രഹിച്ചിട്ടില്ലെന്നുള്ളതു പരിതാപകരമാകുന്നു

Reg. No. T. 111 L. No 328 Dted 31-8-35

# ദി കേരളസർവ്വീസ് ബാങ്ക് (ക്ലിപ്തം)

## കവല - ചങ്ങനാശേരി

(Incorporated in Travancore with limited liability)

നായർ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ
രജിസ്റ്റർചെയ്തു് നടത്തിവരുന്നതു്

## അധികൃതമൂലധനം: 10 ലക്ഷം രൂപ.

ബാങ്ക് സംബന്ധമായ എല്ലാ ഇടപാടുകളും നടത്തപ്പെടും. സ്വർണ്ണം പണയത്തിന്മേലും ചരക്കുകളുടെ ഈടിന്മേലും കുറഞ്ഞ പലിശയ്ക്കു് പണം കടംകൊടുക്കുന്നതാണ്. ഡിപ്പോസിറ്റുകളുടെ പലിശനിരക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സ്ഥിരനിക്ഷേപം 6 മാസത്തെ കാലാവധിക്ക് | 3½ | ശ. മാ. |
| " 12 മാസത്തേക്ക | 4½ | " |
| " 2 വർഷവും അതിൽ കവിഞ്ഞും | 5 | " |
| കറന്റ് നിക്ഷേപം | 2 | " |
| സേവിംഗ്സ് ബാങ്ക് നിക്ഷേപം | 3½ | " |

## ഓഹരികൾ വില്പനയുണ്ട്.

കൂടുതൽ വിവരങ്ങൾ ബാങ്കാഫീസിൽനിന്നും നേരിട്ട് അറിയാവുന്നതാണ്.

| ചെയർമാൻ | വൈസ് ചെയർമാൻ | മാനേജിംഗ് ഏജന്റ് |
|---|---|---|
| കെ. എൻ. നീലകണ്ഠക്കൈമൾ | കെ. പി. പിള്ള | കെ. രാമകൃഷ്ണപിള്ള |
| വക്കീൽ, തിരുവല്ല | (കവിയൂർ) | ചങ്ങനാശേരി |

Printed and Published by Mannath Padmanabha Pillai
at the N. S. S. Press, Changanacherry.